# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി* Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 44

വാല്യം - 15 ലക്കം - 2 മകരം - 1198 ഫെബ്രുവരി 2023



## എറണാകുളം ശിവക്ഷേത്ര ഉത്സവം 2023

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

## 65-ാമത് വാർഷികാഘോഷവും
## 28-ാമത് കഥകളി അവാർഡ്

### 2023 ഫെബ്രുവരി 22 ന് ബുധനാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി ഡി എം ഹാളിൽ

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 65-ാം വാർഷികാഘോഷവും, 28-ാമത് കഥകളി പുരസ്കാരവും 2023 ഫെബ്രുവരി 22 ബുധനാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഹാളിൽ നടക്കുന്ന പൊതു ചടങ്ങിൽ വച്ച് നല്കപ്പെടുന്നു. ബഹു: കേരള ഹൈക്കോടതി ജസ്റ്റിസ് അലക്സാണ്ടർ തോമസ് അവാർഡുകൾ വിതരണം ചെയ്യും.

ഈ വർഷത്തെ കളഹംസം വേഷം ശ്രീ. സദനം രാമൻകുട്ടി നായർ, തൗര്യത്രികം പുരസ്കാരങ്ങളായ കഥകളി സംഗീതം ശ്രീ. കലാമണ്ഡലം മോഹനകൃഷ്ണൻ, ചെണ്ട ശ്രീ.കലാമണ്ഡലം വിജയകൃഷ്ണൻ, മദ്ദളം ശ്രീ. കലാമണ്ഡലം വേണുകുട്ടൻ, കൂടാതെ ശ്രീ. കലാനിലയം സജി (ചുട്ടി), ശ്രീ. കലാമണ്ഡലം ബാലൻ (അണിയറ). യശ:ശ്ശരീരനായ കരുണാകരൻ ആശാന്റെ സ്മരണക്കായി കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യത്തിനുള്ള പ്രത്യേക പുരസ്ക്കാരം ശ്രീമതി. പാർവ്വതി മേനോനും നല്കുന്നു.

കലാമണ്ഡലം അവാർഡ് ജേതാവ് കലാ: ഇ. വാസുദേവൻ നായരെ പ്രസ്തുത ചടങ്ങിൽ വെച്ച് അനുമോദിക്കുന്നു. തുടർന്ന് 6.30ന് പ്രഹ്ളാദ ചരിതം കഥകളിയും ഉണ്ടായിരിക്കും.

ഏവരുടേയും മഹനീയസാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു



**സദനം രാമൻകുട്ടി നായർ**
കളഹംസം(വേഷം)



**കലാമണ്ഡലം മോഹനകൃഷ്ണൻ**
സംഗീതം



**കലാമണ്ഡലം വിജയകൃഷ്ണൻ**
ചെണ്ട



**കലാമണ്ഡലം വേണുകുട്ടൻ**
മദ്ദളം



**കലാനിലയം സജി**
ചുട്ടി



**കലാമണ്ഡലം ബാലൻ**
അണിയറ



**പാർവ്വതി മേനോൻ**



**കഥ:**

## പ്രഹ്ളാദ ചരിതം

കഥാസാരം

ഹിരണ്യകശിപുവിന്റെ മകനായ പ്രഹ്ളാദൻ സദാ വിഷ്ണുനാമം ജപിക്കുന്നതിൽ കോപിഷ്ഠനായ പിതാവ് മകന്റെ വിഷ്ണുഭക്തി ഇല്ലായ്മ ചെയ്യുന്നതിനായി ഗുരുവിന് പ്രത്യേക നിർദ്ദേശം നല്കി ഗുരുകുലത്തിലേക്കയക്കുന്നു. തിരിച്ചു വന്നപ്പോൾ കുമാരന്റെ മുമ്പത്തേതിലും ഉറച്ച വിഷ്ണുഭക്തി കണ്ട് കോപിഷ്ഠനായി മകനെ വധിക്കാൻ ഹിരണ്യകശിപു പല വിധത്തിലും ശ്രമിക്കുന്നു. എല്ലായ്പ്പോഴും ഭഗവാൻ പ്രഹ്ളാദൻെറ രക്ഷക്കെത്തുന്നു. അവസാനം സ്തംഭം പിളർന്ന് വന്ന് നരസിംഹരൂപിയായ സാക്ഷാൽ വിഷ്ണുഭഗവാൻ ഹിരണ്യകശിപുവിനെ വധിക്കുന്നു.

## കാര്യപരിപാടി

**വൈകുന്നേരം 6.00-ന്**

| | |
|---|---|
| മുഖ്യാതിഥി | : **ബഹു. ജസ്റ്റിസ്. അലക്സാണ്ടർ തോമസ്** കേരള ഹൈക്കോടതി |
| സ്വാഗതം | : **ശ്രീ. കെ. രാധാകൃഷ്ണൻ** |
| അദ്ധ്യക്ഷപ്രസംഗം | : **ശ്രീ. ആലപ്പാട്ട് മുരളീധരൻ** (പ്രസിഡന്റ് എറണാകുളം കരയോഗം) |
| ആമുഖ പ്രഭാഷണം | : **പി. രാമചന്ദ്രൻ (വേണു)** (ജനറൽ സെക്രട്ടറി എറണാകുളം കരയോഗം |
| അവാർഡ് ജേതാവിനെ പരിചയപ്പെടുത്തൽ | : **എസ്. ശരത് കുമാർ** കൺവീനർ കഥകളി ക്ലബ്ബ് |
| അവാർഡ് വിതരണം | : **ബഹു ജസ്റ്റിസ്. അലക്സാണ്ടർ തോമസ്** കേരള ഹൈക്കോടതി |
| മറുപടി പ്രസംഗം | : **അവാർഡ് ജേതാക്കൾ** |
| നന്ദി | : **പ്രീത ജയപ്രകാശ്** |

തുടർന്ന് പ്രഹ്ളാദ ചരിതം കഥകളി

ഹിരണ്യകശിപു : സദനം രാമൻകുട്ടി നായർ, പ്രഹ്ലാദൻ : ശ്രീമതി. രഞ്ജിനി സുരേഷ്, നരസിംഹം : R L V രാധാകൃഷ്ണൻ,
ശുക്രൻ : കലാമണ്ഡലം രാധാകൃഷ്ണൻ, പാട്ട് : കലാമണ്ഡലം മോഹനകൃഷ്ണൻ, കലാമണ്ഡലം സുധീഷ്,
ചെണ്ട : കലാമണ്ഡലം വിജയകൃഷ്ണൻ, മദ്ദളം : കലാമണ്ഡലം വേണുക്കുട്ടൻ, ചുട്ടി : കലാനിലയം സജി,
തൃപ്പൂണിത്തുറ മനോജ്, ചമയം : രാമചന്ദ്രൻ, അരുൺ



# ഉള്ളടക്കം

വാല്യം 15 | ലക്കം 2 | 2023


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| കാശ്മീർ ഭൂമിയിലെ പറുദീസ | 12 |
| ശ്രീമഹാഭാഗവതം | 14 |
| അച്ഛന്റെ ചെരിപ്പ് | 16 |
| പാതാളം | 18 |
| ജ്ഞാനനിഷ്പാദനത്തിന്റെ പുതുവഴികൾ | 21 |
| ഓ! ഈ ഹാർമോണിക്ക്സിന്റെ ഒരു കാര്യം | 23 |
| കൈകേയി | 26 |
| ജീവിത ചിന്തകൾ | 30 |
| ആത്മാനം ചേത് വിജാനീയാത് | 32 |
| ചെറു ധാന്യങ്ങൾ ശീലിക്കൂ ആരോഗ്യവാന്മാരാകൂ | 34 |
| അമ്മ-കൗസല്യ | 36 |
| മാസഫലം | 40 |
| മാട്രിമോണിയൽ. | 41 |


## എഡിറ്റോറിയൽ

# ക്ഷേത്രഭരണം എന്തു കൊണ്ട് വിശ്വാസികൾക്ക് വിട്ടു നല്കിക്കൂടാ?

**ക്ഷേ**ത്രഭരണത്തിൽ സർക്കാർ ഇടപെടുന്നതെന്തിന്? ക്ഷേത്രങ്ങൾ വിശ്വാസികൾക്കു വിട്ടു നല്കി കൂടെ? നമ്മുടെ പരമോന്നത നീതി പീഠം ചോദിച്ചതാണ് ഈ ചോദ്യങ്ങൾ 1811–ൽ കേണൽ മൺട്രോ എന്ന അധിനിവേശക്കാരൻ ക്ഷേത്രങ്ങൾ സർക്കാർ അധീനതയിൽ ആക്കുവാനുള്ള നിയമനിർമ്മാണം നടത്തി ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾ പിടിച്ചെടുത്ത അന്നു മുതൽ ഈ കരിനിയമത്തിനെതിരെ ക്ഷേത്രവിശ്വാസികൾ ശബ്ദമുയർത്തിയിട്ടുള്ളതാണ്. ഭാരതം സ്വതന്ത്രമായപ്പോൾ ബ്രിട്ടീഷുകാർ ഇതുപോലെ അടിച്ചേല്പിച്ച് നിയമങ്ങളെല്ലാം സ്വമേധയാ ഇല്ലാതായി. ഒട്ടേറെ നിയമങ്ങളും സർക്കാർ നയങ്ങളും നടപടികളും മാറ്റപ്പെട്ടു. മിക്ക കൊളോണിയൻ നിയമങ്ങളും ജനങ്ങൾക്കുവേണ്ടി തിരുത്തിയെഴുതി. രാജ്യഭരണം തന്നെ ജനങ്ങൾ നടത്തുന്ന അവസ്ഥ സംജാതമായി. പക്ഷെ ക്ഷേത്രങ്ങളോടുള്ള സമീപനത്തിൽ മാത്രം ഒരു മാറ്റവും ഉണ്ടായില്ല എന്നുമാത്രമല്ല, മറ്റു മതസ്ഥാപനങ്ങളുടെ സ്വത്തുവകകളിൽ സ്പർശിക്കുവാൻ പോലും ധൈര്യമില്ലാത്ത സർക്കാർ, ക്ഷേത്രങ്ങളുടെ ഭരണച്ചുമതല തങ്ങളിൽ തന്നെ നിലനിർത്തി ക്ഷേത്രഭൂമി പിടിച്ചെടുക്കുകയും ക്ഷേത്ര സ്വത്തുക്കൾകൈവശപ്പെടുത്തുകയും ക്ഷേത്ര വരുമാനം സർക്കാർ സ്ഥാപനങ്ങളിലേയ്ക്കു വകമാറ്റപ്പെടുകയുമാണുണ്ടായത്. ക്ഷേത്രവിശ്വാസികൾ ഇത്രയും കാലവും ആവശ്യപ്പെട്ടിട്ടും ക്ഷേത്രങ്ങൾ വിശ്വാസികൾക്ക് വിട്ടു നൽകുന്ന കാര്യത്തിൽ മാറി മാറി


## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ഭരണം നടത്തിയ ഒരു സർക്കാരും അനുകൂലമായ തീരുമാനമെടുത്തില്ല. ഭരണഘടനയുടെ 25ഉം 26 ഉം അനുച്ഛേദങ്ങളനുസരിച്ച് എല്ലാവർക്കും അവരവരുടെ വിശ്വാസാനുസരണം ആരാധനാലയങ്ങൾ നടത്തുവാനുള്ള അവകാശമുണ്ടായിരുന്നിട്ടും ഹിന്ദുക്കൾക്ക് മാത്രം അത് നിഷേധിക്കുകയാണുണ്ടായത്. മറ്റ് മതവിഭാഗങ്ങൾക്ക് ആരാധനാലയങ്ങൾ നടത്തുവാനും മതപഠനം നടത്തുവാനും ആരാധനാലയങ്ങളുടെ സ്വത്തുവകകൾ കയ്യാളാനും കൈകാര്യം ചെയ്യാനും അവകാശം ഉള്ളതുപോലെയുള്ള അവകാശങ്ങൾ ഹിന്ദുക്കൾക്കും ലഭ്യമാവണം. ഒരു സ്വതന്ത്രജനാധിപത്യരാജ്യത്ത് ഒരു പൗരനും സ്വന്തം വിശ്വാസാനുസരണം ആരാധന നടത്തുവാനുള്ള അവകാശം നിഷേധിക്കപ്പെടാൻ പാടില്ല എന്നത് സാമാന്യനീതി മാത്രമാണ്. സ്വാതന്ത്ര്യം കിട്ടി 75 വർഷം ആയിട്ടും ഈ അവസരത്തിലും ഹിന്ദു ആരാധനലായങ്ങൾ സർക്കാർ അധീനതയിൽ തന്നെ വെച്ചുകൊണ്ടിരിക്കുന്നതും ക്ഷേത്രവരുമാനം സർക്കാർനിയന്ത്രിതസ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതും വിരോധാഭാസമല്ലേ? ഈ അനീതിക്കെതിരെ കേരളവും തമിഴ്നാടും ഉൾപ്പെടെ പലയിടങ്ങളിൽ നിന്നു ബഹു. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ആ കേസുകളൊക്കെ നിലവിലിരിക്കവെയാണ് നമ്മുടെ പരമോന്നത നീതിപീഠത്തിൽ നിന്നും ഇപ്പോൾ ക്ഷേത്രങ്ങൾ സർക്കാർ കൈകാര്യം ചെയ്യുന്നതെന്തിന്? വിശ്വാസികളെ ക്ഷേത്ര ഭരണം ഏല്പിച്ചുകൂടെ? എന്ന വാക്കാലുള്ള ചോദ്യം ഉണ്ടായിരിക്കുന്നത്. ഇത് ഒരു നിരീക്ഷണം മാത്രമാണ്. വിധിയല്ലാത്തതുകൊണ്ട് എത്ര സംസ്ഥാനങ്ങൾ, ആ നിരീക്ഷണത്തിന്റെ സദുദ്ദേശം മനസ്സിലാക്കി ക്ഷേത്രങ്ങൾ വിശ്വാസികൾക്കു വിട്ടു നല്കുമെന്ന് കാണേണ്ടിയിരിക്കുന്നു. ഈ നിരീക്ഷണം ഉണ്ടായത് ആന്ധ്രാപ്രദേശിലെ അഹോബിലം ക്ഷേത്രത്തിൽ സർക്കാർ എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചു കൊണ്ട് ഭരണം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ അഹോബിലം മഠം ആന്ധ്രാഹൈക്കോടതിയെ സമീപിക്കുകയും കോടതി ക്ഷേത്രത്തിന്മേൽ മഠത്തിനുള്ള അധികാരാവകാശങ്ങൾ അംഗീകരിച്ചുകൊണ്ടും സർക്കാർ നടപടികൾ നിയമാനുസൃതം തെറ്റാണെന്ന് കാണിച്ചുകൊണ്ടും മഠത്തിനനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായപ്പോൾ ആന്ധ്രാഹൈക്കോടതിയുടെ ആ വിധിക്കെതിരെ ആന്ധ്രാസർക്കാർ സുപ്രീം കോടതിയെ സമീപിക്കുകയും രണ്ടു കക്ഷികളുടെയും വാദങ്ങൾ കേട്ടശേഷം ജസ്റ്റീസ് എസ്.കെ. കൗൾ, ജസ്റ്റീസ് എ.എസ് ഓഖ എന്നിവരടങ്ങിയ ബഞ്ച് ആന്ധ്രാസർക്കാരിന്റെ ഹർജി തള്ളിക്കൊണ്ട് അഹോബിലം മഠത്തിന് ക്ഷേത്രത്തിന്മേലുള്ള പൂർണ്ണ അധികാരം അരക്കിട്ടുറപ്പിച്ചുകൊണ്ടുള്ള വിധി പ്രസ്താവിക്കുകയുമാണുണ്ടായത്. ഈ വിധിയോടൊപ്പമാണ് ക്ഷേത്രവിശ്വാസികൾക്ക് ഏറെ പ്രതീക്ഷ നല്കുന്ന മേലുദ്ധരിച്ച നിരീക്ഷണം നടത്തുകയും ചെയ്തിരിക്കുന്നത്. ഇതിനുമുമ്പും ബഹു സുപ്രീംകോടതിയിൽ നിന്നും ഈ വിഷയത്തിൽ ഇതുപോലുള്ള വിധികൾ ഉണ്ടായിട്ടുണ്ട്. തമിഴ്നാട്ടിലെ ചിദംബരം നടരാജക്ഷേത്രം സർക്കാർ ഏറ്റെടുത്ത നടപടി ബഹു. കോടതി റദ്ദാക്കിയതും പുരി ജഗന്നാഥ ക്ഷേത്രത്തിൽ സർക്കാർ കൈകടത്താൻ ശ്രമിച്ചപ്പോൾ അതിരൂക്ഷമായ ഭാഷയിൽ സർക്കാരിനെ വിമർശിച്ചതും എല്ലാം ഓർക്കേണ്ടതുണ്ട്. കേന്ദ്രസർക്കാരും ക്ഷേത്രകാര്യങ്ങളിൽ സർക്കാർ ഇടപെടുന്നത് ശരിയല്ലെന്ന ബഹു സുപ്രീംകോടതിയുടെ നിരീക്ഷണത്തോടു യോജിക്കുകയാണുണ്ടായത്. എന്തായാലും ഇനി അധികം വൈകാതെ തന്നെ ക്ഷേത്രഭരണം വിശ്വാസികൾക്ക് തിരിച്ച് കിട്ടും എന്ന് പ്രതീക്ഷിക്കാം. അപ്പോൾ, ഹിന്ദുമതത്തിലെ വിവിധ വിഭാഗങ്ങൾ ഒന്നിച്ച് ചേർന്ന് ക്ഷേത്രഭരണം നടത്തുകയും അത് ഹിന്ദു സമൂഹത്തിന്റെ ഐക്യത്തിന് വഴിതുറക്കുകയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല.

വന്ദേമാതരം.

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ 97-ാമത് വാർഷിക പൊതുയോഗതീരുമാനങ്ങളനുസരിച്ച് അടിയന്തിര സ്വഭാവമുള്ളതും സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകരമായതും സാമ്പത്തികമായി മിച്ചം ലഭിക്കുമെന്ന് ഉറപ്പുമുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നല്കാൻ ഈ വർഷം ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. ടി.ഡി. എം ഹാൾ കോംപ്ലക്സിന്റെ ഇപ്പോഴത്തെ വൈദ്യുതി ചിലവ് പ്രതിമാസം ശരാശരി മൂന്നു ലക്ഷം രൂപയാണ്. അത് എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നുള്ള ആലോചനയുടെ ഭാഗമായി കഴിഞ്ഞ പൊതുയോഗം എടുത്ത തീരുമാനം ടി.ഡി.എം ഹാളിന്റെ മുകളിൽ സൂര്യതാപ വൈദ്യുതി ലഭിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുക എന്നുള്ളതാണ്. ആയതിന്റെ മരാമത്തു പണികളായ Roof Strenthening for Solar Plant സ്ഥാപിക്കുക എന്ന ജോലി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 98-ാമത് വാർഷിക പൊതുയോഗത്തിനു മുമ്പായി ഇത് പൂർത്തിയാക്കാൻ കഴിയും എന്ന് ഉറച്ചു വിശ്വസിക്കുന്നു.

മേൽപ്പറഞ്ഞതിനോടനുബന്ധിച്ച് ചെയ്തു തീർക്കേണ്ട രണ്ടു നിർമ്മാണ പ്രവർത്തനങ്ങളും കൂടി ഇതോടൊപ്പം നടന്നു വരുന്നുണ്ട്. പമ്പ ഹാൾ മോടി പിടിപ്പിച്ച് ശീതികരിക്കുവാൻ ഉള്ള നടപടിയും, ടി.ഡി. എം ഹാളിന്റെ പ്രവേശനകവാടത്തിന്റെ വലതു ഭാഗത്തായി 13 പേർക്ക് സഞ്ചരിക്കാവുന്ന ഒരു പുതിയ ലിഫ്റ്റിന്റെയും നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇവയും ജൂൺ മാസത്തിനു മുമ്പായി പണി തീർക്കാൻ കഴിയുമെന്നാണ് ഭരണസമിതിയുടെ ഉറച്ച വിശ്വാസം.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് മിച്ച വരുമാനം സ്വരുകൂട്ടി വെച്ച് അതിൽ നിന്ന് സ്വത്താർജ്ജിക്കുകയോ, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്ന ഒരു രീതിയല്ല നാളിതുവരെ അവലംബിച്ചു പോന്നിട്ടുള്ളത്. അടിയന്തിരമായതും ദീർഘവീക്ഷണത്തോടുകൂടി പൊതുജനോപകാരപ്രദമായ പദ്ധതികളും പരിപാടികളും സധൈര്യം ഏറ്റെടുക്കുകയും അതിനുള്ള ധനം കരയോഗാംഗങ്ങളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സ്വരൂപിച്ച് ഗഡുക്കളായി തിരികെ നല്കികൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ചെയ്യുന്നത്. മേൽപ്പറഞ്ഞ പദ്ധതികളും അതേ ആസൂത്രണത്തിലാണ് നടത്തി വരുന്നത്. കഴിഞ്ഞ 9 മാസങ്ങൾക്കിടയിൽ ഏകദേശം ഒരു കോടിയോളം രൂപ എറണാകുളം കരയോഗത്തിൽ ഡെപ്പോസിറ്റ് ചെയ്തവർക്ക് മടക്കി നല്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കരയോഗത്തിന്റെ ഭരണസമിതി ആവശ്യഘട്ടങ്ങളിൽ എട്ടു ശതമാനം പലിശ നിശ്ചയിച്ച് (മുതിർന്ന പൗരന്മാർക്ക്) ധനം സ്വരൂപിക്കുന്നുണ്ട് എന്നു കൂടി ഇവിടെ പ്രത്യേകം ഓർമ്മിപ്പിച്ചു കൊള്ളട്ടെ.

2023 മാർച്ച് 31-ാം തീയതിയോടു കൂടി നമ്മുടെ ഈ വർഷത്തെ സാമ്പത്തിക വർഷം അവസാനിക്കുകയാണ്. ജൂൺ 30 ന് എറണാ

കുളം കരയോഗം ഭരണസമിതിയുടെ ഒരു വർഷത്തെ ഭരണവും അവസാനിക്കുകയാണ്. നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതെ മാറ്റിവെച്ച പദ്ധതികളും ഉണ്ടാവാം. എന്നാൽ നടപ്പിലാക്കിയ പദ്ധതികൾക്കായിരിക്കും ഈ വർഷം മുൻഗണന ലഭിക്കുക എന്ന് നിസ്സംശയം പറയാൻ കഴിയും. സാമ്പത്തിക മാന്ദ്യവും കരയോഗത്തിന്റെ വരുമാന ശ്രോതസ്സിലുള്ള ഇടിവും ചെറിയ തോതിലെങ്കിലും നമ്മെ ബാധിക്കുന്നുണ്ട്. എങ്കിലും എല്ലാ കാര്യങ്ങളും കാര്യക്ഷമമായും കൃത്യമായ സാമ്പത്തിക നിയന്ത്രണങ്ങളോടും കൂടിയാണ് നടത്തിവരുന്നതെന്ന് അറിയിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഫെബ്രുവരി 17 വെള്ളിയാഴ്ച വൈകുന്നേരം 6.00 ന് മൗമിത മിത്ര, സായക് ബറൂറ എന്നിവർ അവതരിപ്പിക്കുന്ന 'ഹിന്ദുസ്ഥാനി ജുഗൽബന്ദി' ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം 36-ാമത് ശ്രീമദ് ഭാഗവത സപ്താഹയഞ്ജം ഭാഗവതോത്തമൻ ആലപ്പാട്ട് രാമചന്ദ്രൻ ആചാര്യനായി 2023 ഫെബ്രുവരി 19 മുതൽ 26 വരെ ടി.ഡി.എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 65-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് 28-ാമത് കളഹംസം (വേഷം), തൗര്യത്രികം (പാട്ട്, ചെണ്ട, മദ്ദളം, ചുട്ടി, അണിയറ) അവാർഡുകൾ 2023 ഫെബ്രുവരി 22 ബുധനാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഗംഗാ ഹാളി ൽ വച്ച് നല്കുന്നു. ഈ വർഷത്തെ കളഹംസം അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. സദനം രാമൻകുട്ടി നായർ അവർകളാണ്. തൗര്യത്രികം അവാർഡുജേതാക്കൾ ശ്രീ. കലാമണ്ഡലം മോഹനകൃഷ്ണൻ, (കഥകളി സംഗീതം), ശ്രീ. കലാമണ്ഡലം വിജയകൃഷ്ണൻ (ചെണ്ട), ശ്രീ. കലാമണ്ഡലം വേണുകുട്ടൻ (മദ്ദളം), ശ്രീ. കലാനിലയം സജി (ചുട്ടി), ശ്രീ. കലാമണ്ഡലം ബാലൻ (അണിയറ) എന്നിവരാണ്. യശ:ശ്ശരീരനായ കരുണാകരൻ ആശാന്റെ സ്മരണക്കായി ഏർപ്പെടുത്തിയിരിക്കുന്ന കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യങ്ങൾക്കായുള്ള പുരസ്ക്കാരത്തിനർഹയായിരിക്കുന്നത് ശ്രീമതി. പാർവ്വതി മേനോനാണ്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് പി. ഭാസ്കരൻ അനുസ്മരണസംഗീത പരിപാടി ടി.ഡി. എം ഹാളിൽ നടത്തുന്നതാണ്.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ പൈതൃക മന്ദിരങ്ങൾ പിന്നാമ്പുറങ്ങൾ എന്ന വിഷയത്തെ അധികരിച്ച് കൊച്ചിയിലെ 'രാജഭരണകാലത്തെ ചരിത്രത്തെ' സംബന്ധിച്ച് എറണാകുളത്തെ പ്രശസ്ത ബിസിനസ്സുകാരനും സാമൂഹ്യപ്രവർത്തകനും ചരിത്രാന്വേഷകനും അതിലുമുപരി നല്ലൊരു ഫോട്ടോഗ്രാഫറുമായ ശ്രീ. പി. എസ്. സുകുമാര മേനോൻ (എൻസൈൻ സുകുമാരൻ) അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മളുമായി പങ്കുവെയ്ക്കുന്നു. ഫെബ്രുവരി 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5.00 മണിക്ക് ടി.ഡി. എം ഹാളിൽ വെച്ച് നടത്തുന്ന ഈ പ്രഭാഷണ പരമ്പരയിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കരിയിലകൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**കൂ**ട്ടുകാരെല്ലാം പുതുവർഷത്തിമർപ്പിലായിരുക്കുമല്ലേ? പുതിയ പ്രതീക്ഷകൾ, പുത്തൻ സ്വപ്നങ്ങൾ, പുതുപുത്തൻ പദ്ധതികൾ...! എല്ലാം സഫലമാകട്ടെ എന്ന് ആശംസിക്കുന്നു.

സാരമുള്ള ഒരു കഥയായാലോ? വായിച്ചുനോക്കൂ. 'കരിയിലകൾ' – കൊച്ചൂട്ടന് തന്നെപ്പറ്റിത്തന്നെ വലിയ മതിപ്പൊന്നും ഇല്ലായിരുന്നു. ഒന്നിനും കൊള്ളാത്തവൻ എന്നൊരു വിചാരവുമായിരുന്നു. ആർക്കും തന്നെക്കൊണ്ട് ഒരു പ്രയോജനവും ഇല്ലെന്നായിരുന്നു അവന്റെ ചിന്ത. അതോർക്കുമ്പോൾ അവന്റെ ഉള്ളം വല്ലാതെ തേങ്ങി പോകും.

'വെറുതെ ഇങ്ങനെയൊരു ജന്മം!' – നി രാശ നാൾക്കുനാൾ അവനിൽ കൂടി വന്നു.

ഒരിക്കൽ വഴിമദ്ധ്യേ അവൻ, തന്നെ കുടിപള്ളിക്കുടത്തിൽ പഠിപ്പിച്ച തങ്കക്കുട്ടി വാദ്ധ്യാരെ കണ്ടു. വാദ്ധ്യാരോട് അവൻ സ്വന്തം സങ്കടത്തെപ്പറ്റി പറഞ്ഞു. അവന്റെ മുഖഭാവം കണ്ട് വാദ്ധ്യാർ തിരക്കിയതാണ് കാര്യം.

– എന്താ കൊച്ചൂട്ടാ നിന്റെ മുഖത്തിനൊരു വാട്ടം?

അവൻ പറഞ്ഞതു മുഴുവൻ മൂളി കേട്ടിട്ടു തങ്കക്കുട്ടി വാദ്ധ്യാർ മൊഴിഞ്ഞു.

'അതിരിക്കട്ടെ, നീ എവിടെന്നെങ്കിലും എനിക്ക് കുറച്ചു കരിയിലകൾ കൊണ്ടുവന്നു തന്നാലും.' വാദ്ധ്യാർ പറഞ്ഞതനുസരിച്ച് കൊച്ചൂട്ടൻ അടുത്തൊരു കുറ്റിക്കാട്ടിലേക്ക് ചെന്നു. അവിടെ അവൻ ധാരാളം ഉണങ്ങിയ ഇലകൾ കണ്ടു.

ചെന്നെടുക്കാമെന്ന് വെച്ച് കൈയിൽ കരുതിയ കുട്ടയിൽ കരിയിലകൾ വാരിവലിച്ച് നിറയ്ക്കാൻ തുടങ്ങും മുൻപ് ആരോ വിളിച്ചുപറഞ്ഞു.

'ആ കരിയിലകൾ വാരിക്കൊണ്ടുപോ കല്ലേ; ഭക്ഷണം പാകം ചെയ്യാൻ തീ കൂട്ടാൻ കൂട്ടി വച്ചതാ ഞാൻ. – പാവം ഒരു ഗ്രാമീണന്റെ ചിലമ്പിച്ച ശബ്ദമായിരുന്നു അത്. അവൻ പിന്നെ ദൂരെ ഒരു കാട്ടിലേക്ക് പോയി. അവിടെ ധാരാളം ഇലകൾ കണ്ടു. അവ പെറുക്കിയെടുക്കാൻ തുടങ്ങും മുൻപ് കേട്ടു. – 'ഈ ഇലകൾക്ക് ഔഷധഗുണമുണ്ട്. ഞാൻ ഉണക്കാനിട്ടതാണ് ഇതെല്ലാം. എടുക്കല്ലേ'– ഒരാദിവാസി വൈദ്യന്റേതായിരുന്നു കനപ്പെട്ട ആ ശബ്ദം.

മടക്കയാത്രയിൽ ഒരു കുളത്തിൽ ഉണങ്ങിയൊരില കിടക്കുന്നത് കണ്ടു. അത് എടുക്കാൻ കു നിഞ്ഞപ്പോൾ അതിൽ ഇരുന്ന ഒരുറുമ്പ് പറയുകയാണ്.

'വേണ്ട വേണ്ടാ ഇതെടുക്കേണ്ട. ഈ ഇലയിൽ കയറിപ്പറ്റിയാണ് ഞാൻ വെള്ളത്തിൽ മുങ്ങിച്ചാകാതെ രക്ഷപ്പെട്ടത്. കാറ്റിനൊ ത്ത് നീന്തിനീങ്ങി ഇതെന്നെ കരയിലേക്കാണ് എത്തിച്ചത്.'

വാദ്ധ്യാരെ ചെന്നു കണ്ടു അവൻ കാര്യമെല്ലാം പറഞ്ഞു. 'ആർക്കും പ്രയോജനമില്ലാത്ത ഉണങ്ങിയ ഇലകൾ എനിക്കെങ്ങും കാണാൻ കഴിഞ്ഞില്ല. നിസ്സാരമെന്നു തോന്നുന്ന ഉണങ്ങിയ ഇലകൾക്കുപോലും എത്രയോ ആവശ്യക്കാരാണ്.'

*ശേഷം പേജ് 13*



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

**അ**ടുത്തകാലത്ത് ഒരു വീട്ടിൽ പോയപ്പോൾ അവിടത്തെ പ്രധാനപ്രശ്നം തെക്കോട്ടു മുഖമുള്ള വീടിന്റെ പടിഞ്ഞാറുവശത്ത് രണ്ടു കിടപ്പുമുറികളും അതിന്റെ നടുവിൽ ടോയ്‌ലറ്റുമാകുന്നു. കൂടാതെ വീട്ടിലേക്കു കയറുന്ന ചവിട്ടുപടികൾ ഒറ്റയാണ്. വാസ്തു നോക്കുന്ന ആരോ വന്ന് വാസ്തു നോക്കി വീടിന്റെ മദ്ധ്യത്തിലുള്ള ടോയ്‌ലറ്റ് പൊളിച്ചു മാറ്റണമെന്നും വീട്ടിലേക്കു കയറുന്ന ചവിട്ടു പടികൾ ഇരട്ടയാക്കണമെന്നും പറഞ്ഞു. പറഞ്ഞതനുസരിച്ച് പണിചെയ്യുന്നതിനു മുൻപ് (Second option) വീണ്ടും എൻെറ അഭിപ്രായം തേടിയിരുന്നു.

ഞാൻ പോയി പരിശോധിച്ചപ്പോൾ അവിടുത്തെ പ്രധാന പ്രശ്നം വീടു നിൽക്കുന്ന സ്ഥലം തെക്കുപടിഞ്ഞാറ് ഉദ്ദേശം മൂന്നടി താഴ്ന്നും വടക്കു കിഴക്ക് പൊന്തിയുമാണ് നിൽക്കുന്നത്. മറ്റു യാതൊരു പ്രശ്നങ്ങളുമില്ല.

നാട്ടിൽ യാതൊരടിസ്ഥാനവുമില്ലാത്ത വിശ്വാസങ്ങൾ പലരും പറയുന്നുണ്ട്. ഇതിനെല്ലാം വളരെ വ്യക്തമായ ധാരാളം ശാസ്ത്രീയ ഗ്രന്ഥങ്ങളുണ്ട്. പഴയ പുരാണഗ്രന്ഥങ്ങളിൽ ശ്രീ വിശ്വകർമ്മാവ് സ്ഥലം തിരഞ്ഞെടുക്കുന്ന കാര്യം പറയുന്നുണ്ട്.

A.D. 476 നും 550നും ഇടയിൽ പാടലീപുത്രത്ത് ജീവിച്ചിരുന്നതും ഗുപ്തസാമ്രാജ്യ ചക്രവർത്തിയുടെ ഉപദേശകനായി സേവന മനുഷ്ഠിക്കുകയും ചെയ്തിരുന്ന ആര്യഭട്ടനാണ് (Father of Indian Mathematicians and Astronomery) ഭൂമിക്ക് കാന്തശക്തിയുണ്ടെന്നും തെക്കും, വടക്കും രണ്ടു ധ്രുവങ്ങളുണ്ടെന്നും ഉള്ള വസ്തുത. ഗുപ്തസാമ്രാജ്യത്തിന്റെ കാലത്ത് കൊട്ടാരങ്ങളും, ആന, കുതിര തുടങ്ങിയവക്കെല്ലാമുള്ള ആലയങ്ങളുടെയും എല്ലാ പണികളും ഇദ്ദേഹത്തിന്റെ ഉപദേശപ്രകാരമാണ് നടന്നിരുന്നത്.

B.C.550 ലെ MANASARA VEDIC TEXTൽ SILPASASTRA പ്രത്യേകം പറയുന്നുണ്ട്. അതനുസരിച്ചാണ് അമ്പലങ്ങളും, ഗോപുരങ്ങളും, ശില്പങ്ങളുമെല്ലാം പണിതിരുന്നത്. ഈ ശിലിപശാസ്ത്രമാണ് നമ്മുടെ നാട്ടിൽ തച്ചുശാസ്ത്രമായത്. 1927ൽ പ്രൊഫ. പ്രസന്നകുമാർ ആചാര്യ സംസ്കൃതത്തിലുള്ള ഈ പുസ്തകം Hindu Architecture ഇംഗ്ലീഷിലേയ്ക്ക് പരിഭാഷ നടത്തി എന്ന പേരിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം തന്നെയാണ് manasara silpasastra. ഏഴുവോളിയവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 700ൽ പരം ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. P.K. ACHARYA M.A. Phd അലഹബാദ് യൂനിവേഴ്സിറ്റിയിലെ പ്രഫസർ ആയിരുന്നു. ഈ വക ഗ്രന്ഥങ്ങളിലൊന്നും തന്നെ ടോയ്‌ലറ്റ്, സ്റ്റെപ്പ്, സ്റ്റേർകേസ് എന്നിവയുടെ സ്ഥാനങ്ങളെപറ്റി യാതൊന്നും തന്നെ പറഞ്ഞിട്ടില്ല. പിന്നെ ഇതെല്ലാം ആൾക്കാർക്ക് എവിടെ നിന്നു കിട്ടിയെന്നറിയില്ല.

****

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10–ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# വേളം ശ്രീമഹാഗണപതിക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



*തുടർച്ച*

**വി**ദ്യാധനം സർവ്വധനാൽ പ്രധാനം എന്നാണല്ലോ ചൊല്ല്. വേളം ശ്രീമഹാഗണപതി ക്ഷേത്രത്തിൽ ഗണപതി ഭഗവാന് കൊമ്പുസമർപ്പിച്ചു പ്രാർത്ഥിക്കുന്നത് വിദ്യാപ്രാപ്തിക്കുത്തമം എന്നാണ് വിശ്വാസം. മഹാഭാരതം എഴുതുന്ന വേളയിൽ ഗണപതിയും വേദവ്യാസനും തമ്മിൽ ഒരു നിബന്ധന വച്ചു. മുഴുവൻ എഴുതി കഴിയാതെ ഇടയ്ക്കുവെച്ച് നിർത്താൻ പാടില്ല എന്നായിരുന്ന ആ നിബന്ധന. ഐതിഹ്യം അനുസരിച്ച് എഴുതിക്കൊണ്ടിരുക്കുന്ന വേളയിൽ ഗണപതിയുടെ നാരായം ഒടിഞ്ഞു എന്നും എഴുത്തിനു തടസ്സമുണ്ടാകാതിരിക്കുവാൻ ഗണപതി തന്റെ കൊമ്പൊടിച്ച് എഴുതി എന്നും പറയപ്പെടുന്നു. ഐതിഹ്യമെന്തായാലും വേളം ക്ഷേത്രത്തിലെ ഗണപതി ഭഗവാനുമുന്നിൽ ഒരു പ്രത്യേക വഴിപാട് നടക്കുന്നുണ്ട്. അതാണ് 'കൊമ്പൊപ്പിക്കൽ'. സ്വർണ്ണത്തിലോ വെള്ളിയിലോ തീർത്ത ഒറ്റക്കൊമ്പ് പ്രാർത്ഥനാപൂർവ്വം ഗണപതി ഭഗവാന് സമർപ്പിക്കുന്നതാണ് കൊമ്പൊപ്പിക്കൽ എന്നത്. കൊമ്പ് ഗണപതി ഭഗവാനു സമർപ്പിക്കുന്നത് സർവ്വാഭീഷ്ട ദായകമാണ്. വിദ്യാർത്ഥികൾ വിദ്യാതടസ്സം നീങ്ങാൻ ഗണപതിക്കു കൊമ്പു സമർപ്പിക്കുന്നത് അത്യുത്തമമെന്നു വിശ്വസിക്കുന്നു. വിദ്യാലാഭത്തിനും ഇഷ്ടകാര്യഫലസിദ്ധിക്കും വേണ്ടി ഗണപതി ഭഗവാന്റെ തിരുനടയിൽ കൊമ്പു സമർപ്പിച്ച് തൊഴുതശേഷം തിരുനടയിൽ നിന്നും താഴെയിറങ്ങി 12 പ്രാവശ്യം ഏത്തം ഇടുകയും വേണം. കൊമ്പു സമർപ്പണത്തിനുള്ള കൊമ്പ് ക്ഷേത്രത്തിൽ നിന്നും വാങ്ങാൻ സൗകര്യവും ഉണ്ട്. മംഗല്യഭാഗ്യത്തിനായി ഗണപതി ഭഗവാന് കദളിപ്പഴമാല ചാർത്തുന്നത് ഇവിടെ പ്രധാനമാണ്. ഗണപതി ഭഗവാന് മുന്നിൽ 21 കദളിപ്പഴം കൊണ്ടു മാല ചാർത്തിച്ചേക്കാം എന്ന് ഭക്തിപൂർവ്വം പ്രാർത്ഥിക്കുക. ഫലപ്രാപ്തി ഉറപ്പ് എന്ന് അനുഭവസ്ഥരുടെ ഭാഷ്യം. വിവാഹനിശ്ചയം കഴിഞ്ഞ് വിവാഹത്തിനു മുമ്പായി അതു നടത്തിയിരിക്കുകയും വേണം എന്നും നി ർബന്ധമുണ്ട്. കാര്യസിദ്ധിക്കായി ഗണപതി ഭഗവാന് വട്ടളപ്പായസം നിവേദിക്കുന്നത് അതിപ്രധാനമാണ്. കാൽവട്ടളം, അരവട്ടളം, മുഴുവട്ടളം എന്നിങ്ങനെ അവരവരുടെ ഇഷ്ടാനുസരണം ഈ പായസവഴിപാടു നടത്താവുന്നതാണ്. കാര്യസാദ്ധ്യം നമ്മുടെ മനസ്സിനു സന്തോഷം തരുമ്പോൾ ഭഗവാനു നിവേദ്യം നൽകി ആ സന്തോഷത്തെ മധുരതരമാക്കുന്നു. ഭഗവാൻ ഭക്തന്റെ പായസനിവേദ്യം സ്വീകരിച്ച് മധുരപ്രസാദമായി തിരികെ ഭക്തനു നൽകുന്നു. വട്ടളപ്പായസം എന്ന ഈ പ്രസാദ മധുരം നാവിനു മാത്രമല്ല മനസ്സിനേയും മധുരതരമാക്കുന്നു.

വേളം ശ്രീമഹാഗണപതി ക്ഷേത്രത്തിന്റെ ചുറ്റമ്പലത്തിനു വെളിയിലായി ഒരു ക്ഷേത്രമുണ്ട്. ഇത് ശ്രീകൃഷ്ണ ക്ഷേത്രമാണ്. ഗണപതി ക്ഷേത്രത്തോടു ചേർന്നുതന്നെയുള്ളതാണെങ്കിലും ഇത് ഒരു സ്വതന്ത്ര ക്ഷേത്രമെന്ന പ്രതീതിയിലാണ് കാണപ്പെടുന്നത്. ഈ ക്ഷേത്രത്തിൽ തൃക്കൈയ്യിൽ വെണ്ണയുമായി നിൽക്കുന്ന ശ്രീകൃഷ്ണപ്രതിഷ്ഠയാണ്. ശ്രീകോവിലിന്റെ ചുമരുകൾ ചുമർച്ചിത്രങ്ങളാൽ അലംകൃതമാണ്. ഈ ശ്രീകൃഷ്ണപ്രതിഷ്ഠ ദൂരെയുള്ള മറ്റൊരു ക്ഷേത്രത്തിലായിരുന്നു. പിന്നീട് ഇവിടേക്കുമാറ്റി പ്ര

തിഷ്ഠിച്ചതാണ്. വേളം ഗണപതി ക്ഷേത്രത്തിലെ പൂജാരിതന്നെയായിരുന്നു ശ്രീകൃഷ്ണക്ഷേത്രത്തിലും പൂജകൾ നടത്തിയിരുന്നത്. ദൂരെയുള്ള രണ്ടു ക്ഷേത്രങ്ങളിലും നിത്യവും പൂജക്കെത്തുവാൻ സാധിക്കാത്തതിനാൽ ശ്രീകൃഷ്ണ ക്ഷേത്രം ഇവിടേക്കുമാറ്റി സ്ഥാപിച്ചു. ഇപ്പോൾ രണ്ടു ക്ഷേത്രങ്ങളിലും പൂജകൾ മുടങ്ങാതെ നടക്കുന്നു. ഇവിടെ വിവാഹം മറ്റു മംഗളകർമ്മങ്ങൾ എന്നിവയെല്ലാം ശ്രീകൃഷ്ണ ക്ഷേത്രസന്നിദ്ധിയിൽ വച്ചാണ് നടത്തപ്പെടുന്നത്.

ക്ഷേത്രക്കുളം മലിനമായാൽ ക്ഷേത്ര ഐശ്വര്യത്തിനു മങ്ങലേൽക്കും എന്നൊക്കെ വിശ്വാസമുണ്ട്. ആ വിശ്വാസത്തെ ബലപ്പെടുത്തുന്ന ഒരനുഭവം വേളം ശ്രീമഹാഗണപതി ക്ഷേത്രത്തിനുമുണ്ട്. ക്ഷേത്രജലാശയങ്ങൾ പുനരുദ്ധരിക്കുകയോ ശുദ്ധീകരിക്കുകയോ ചെയ്തുകഴിയുമ്പോൾ ക്ഷേത്ര ഐശ്വര്യം വർദ്ധിക്കുന്നതായി കാണാം. പുനരുദ്ധരിക്കപ്പെട്ട പല ക്ഷേത്രചരിത്രങ്ങളും പരിശോധിച്ചാൽ അത് വ്യക്തമാകും. ഭൂമിദേവിയുടെ അനുഗ്രഹമോ ജലദേവതകളുടെ അനുഗ്രഹമോ ക്ഷേത്രദേവാനുഗ്രഹമോ ആയിരിക്കാം അത്. വേളം ശ്രീമഹാഗണപതി ക്ഷേത്രത്തിനും അങ്ങനെയൊരു അഭിവൃദ്ധിയുടെ ചരിത്രമുണ്ട്. ക്ഷേത്രങ്ങൾ നാടിന്റെ ഐശ്വര്യമാണ്. ക്ഷേത്ര ജലാശയങ്ങൾ ക്ഷേത്രങ്ങളുടെ ഐശ്വര്യവുമാണ്.

വേളം ശ്രീമഹാഗണപതിക്ഷേത്രത്തിലേയ്ക്ക് കടന്നുചെല്ലുമ്പോൾ തന്നെ വളരെ വലിയ ബലിക്കല്ലാണ് കാണുന്നത്. ഉയരമുള്ള പീഠസമാനമായ നിർമ്മിതിക്കുമുകളിൽ പത്മസ്ഥാനം പ്രതിഷ്ഠിച്ചിരിക്കുന്നു. ബലിക്കല്ലിനെ വന്ദിച്ച് അകത്തേയ്ക്ക് പ്രവേശിച്ചാൽ വലിയ നമസ്കാരമണ്ഡപവും കടന്ന് രാജരാജേശ്വര ക്ഷേത്രനടയിലെത്താം. കൊട്ടാര സദൃശമായ കെട്ടിടസമുച്ചയങ്ങളാണ് ക്ഷേത്രാങ്കണത്തിൽ കാണപ്പെടുന്നത്. പഴയകാല പ്രതാപൈശ്വര്യങ്ങളുടെ ബാക്കി ചരിത്രങ്ങളായി ഇന്നും അവ തലയുയർത്തി നിൽക്കുന്നു. പുനർനിർമ്മിച്ച രാജരാജേശ്വരക്ഷേത്രമാണ് ഇന്ന് കാണുന്നത്. കേരളീയ വാസ്തുശൈലിയിൽ നിന്നും വ്യത്യസ്ഥമായാണ് ക്ഷേത്രനിർമ്മിതികൾ കാണപ്പെടുന്നത്. രാജരാജേശ്വരനായ ഭഗവാൻ സാമാന്യം വലിയ ശ്രീകോവിലിൽ കിഴക്കോട്ടു ദർശനമായി കുടികൊള്ളുന്നു. രാജരാജേശ്വരഭഗവാനെ തൊഴുതശേഷം തിടപ്പള്ളിയെ വലം വച്ച് വൈദ്യനാഥ ക്ഷേത്രത്തിലെത്തണം. വൈദ്യനാഥ സ്വാമിയെ തൊഴുത് നേരെ ഇടതുവശം ചേർന്ന് ഗണപതി ഭഗവാന്റെ തിരുനടയിലെത്തി അവിടെയും തൊഴുത് പ്രാർത്ഥിച്ചശേഷം പ്രദക്ഷിണമായി ശ്രീപാർവ്വതി ദേവിയുടെ തിരുനടയിൽ തൊഴുത് ചുറ്റമ്പലത്തിന്റെ വടക്കേനട വഴി പുറത്തിറങ്ങി ശ്രീകൃഷ്ണ ക്ഷേത്രത്തിലെത്തി ശ്രീകൃഷ്ണഭഗവാനെ തൊഴുത് വലം വച്ച് പോയവഴിയേ തന്നെ തിരികെ വന്ന് ക്ഷേത്ര പ്രദക്ഷിണം പൂർത്തിയാക്കണം. പ്രത്യേക രീതിയിലാണ് ഇവിടുത്തെ പ്രദക്ഷിണം. അതനുസരിച്ച് പ്രദക്ഷിണം പൂർത്തിയാക്കേണ്ടതാണ്. അതിവിശാലമായ ക്ഷേത്രാങ്കണവും പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന രണ്ടുക്ഷേത്രങ്ങളും അനുബന്ധകെട്ടിടസമുച്ചയങ്ങളും ചേർന്നൊരുക്കുന്ന ദൃശ്യങ്ങൾ പുരാതന കാലത്തെ ആത്മീയസമ്പന്നതയുടെ ഒരു മകുടോദാഹരണമായി ഇന്നും നിലനിൽക്കുന്നു. ഒരേ ചുറ്റമ്പലത്തിനുള്ളിൽ തന്നെ രണ്ടു വലിയ ക്ഷേത്രങ്ങൾ. അവിടെ വൈദ്യനാഥനായും രാജരാജേശ്വരനായും ശ്രീമഹാദേവൻ കുടികൊള്ളുന്നു. എന്നാൽ ശ്രീമഹാദേവനെക്കാൾ പ്രസിദ്ധനായി ഗണപതി ഭഗവാൻ കുടികൊള്ളുന്ന ക്ഷേത്രമാണിത്. ഭഗവാൻ ശ്രീകൃഷ്ണനും തൊട്ടടുത്തുണ്ട്. ഈ പ്രത്യേകതകളെല്ലാം നിറഞ്ഞു നിൽക്കുന്ന ക്ഷേത്രങ്കണം; എന്നുപറയാൻ സാധിക്കില്ല ക്ഷേത്രമൈതാനം എന്നുതന്നെ പറയാം. അത്ര വിശാലമാണിവിടം. പോയ കാല സമ്പന്നതയുടെ ഒരു പ്രതീകം. ഇവിടെ

ഒന്നു ക്ഷേത്രദർശനം നടത്തി മടങ്ങുമ്പോൾ സാധാരണ ക്ഷേത്രദർശനത്തിൽ നിന്നും വ്യത്യസ്ഥമായൊരനുഭവം അപാച്യമായ ഒര നുഭൂതി മനസ്സിൽ നിറയും.

രാജരാജേശ്വരനായും വൈദ്യനാഥനായും പ്രപഞ്ചത്തെ കാക്കുന്നതും വേളത്തമരുന്ന തുമായ ശ്രീമഹാദേവന്റെയും വൈദ്യനാഥ സ്വാമിയുടെയും തിരുമുന്നിൽ ഭക്തി പൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് സിദ്ധിയുടേയും ബു ദ്ധിയുടേയും ഇരിപ്പിടവും ജ്ഞാനദേവനും വിഘ്നവിനായകനുമായ ഗണപതി ഭഗവാനേ അമംഗളം അകറ്റി മംഗളം പ്രദാനം ചെയ്യ ണമേ എന്നുപ്രാർത്ഥിച്ചുകൊണ്ട് ഈ ക്ഷേത്ര വിവരണത്തെ നൈവേദ്യമായി വേളത്തമ രുന്ന ഒറ്റക്കൊമ്പാ ഞാനിതാ തിരുനടയിൽ സമർപ്പിക്കുന്നു.

*****

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**എറണാകുളം കരയോഗം അംഗങ്ങളിൽ നിന്ന് മൂന്ന് വർ ഷത്തെ കാലാവധിക്ക് സ്ഥിരനിക്ഷേപം സ്വീകരിക്കുന്നു. മുതിർന്ന പൗര ന്മാർക്ക് (senior citizen) 8% പലിശ നിരക്ക് നൽകുന്നതായിരിക്കും.**

**കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ - 0484- 2361160 Ext - 114, 122**

## എറണാകുളം കരയോഗം

### ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### ഫെബ്രുവരി – മാർച്ച്

| | | | | |
|---|---|---|---|---|
| 1. | 17-02-2023 | വെള്ളി | ബീം – ഹിന്ദുസ്ഥാനി ജുഗൽബന്ദി | 6.30 pm |
| 2. | 11-02-2023<br>18-02-2023<br>25-02-2023<br>04-03-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 3. | 15-02-2023<br>22-02-2023<br>01-03-2023<br>08-03-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 4. | 16-02-2023<br>23-02-2023<br>02-03-2023<br>09-03-2023 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 5. | 22-02-2023 | ബുധൻ | കഥകളി അവാർഡ് | 6.00 pm |
| 6. | 26-02-2023 | ഞായർ | സാംസ്കാരിക വേദി – സംഗീതം | 4.00 pm |
| 7. | 27-02-2023 | തിങ്കളാഴ്ച | പൈതൃകം - ശ്രീ. പി.എസ്. സുകുമാര മേനോൻ | 5.00 pm |

# കാശ്മീർ- ഭൂമിയിലെ പറുദീസാ

സുമംഗല


**15.10.2022,** ഉറക്കം വിട്ടുണരാൻ മടിതോന്നുന്ന ശീതള അന്തരീക്ഷം. 0°c ആണെത്ര താപനില. പക്ഷേ, ഞങ്ങൾക്കു രാവിലെ ശ്രീനഗറിലേക്ക് യാത്രപുറപ്പെടണം. നല്ല ചൂടു വെള്ളത്തിൽ എന്നത്തേയും പോലെ കുളിച്ച് വേഗം തയ്യാറായി താഴെ എത്തി. നല്ല ഭക്ഷണം. സന്തോഷമായി യാത്രപറഞ്ഞ് ഇറങ്ങി.

3 മണിക്കൂർ ആണത്രെ യാത്രാസമയം. യാത്രാമദ്ധ്യെ ആദ്യത്തെ കാഴ്ച അവന്തിപൂർ എന്ന സ്ഥലത്തെ തകർക്കപ്പെട്ട ഒരു ക്ഷേത്രമായിരുന്നു. 14-ാം നൂറ്റാണ്ടിൽ മുഗളന്മാരാൽ തകർക്കപ്പെട്ട ക്ഷേത്രം. അന്നത്തെ രാജാവ് അവന്തിവർമ്മൻ വിഷ്ണുവിനും ശിവനുമായി തീർത്ത രണ്ടു ക്ഷേത്രങ്ങൾ ശ്രീനഗറിൽ നിന്ന് 28 km മാറി അകലെ അവന്തിപുരം എന്ന സ്ഥലത്ത് ഝലം നദിയുടെ കരയിലാണ് ഈ ക്ഷേത്രം. തകർക്കപ്പെട്ട് ഈ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണുമ്പോൾ തന്നെ, ഭാരതീയ കലാവിരുതിന്റെയും ശില്പസൗന്ദര്യത്തിന്റെയും അതുല്യമഹിമ കണ്ട് അതിശയിച്ചു നിന്നുപോകും. ചിന്നിച്ചിതറി കിടക്കുന്ന ആ സൗന്ദര്യശില്പങ്ങൾ ഹൃദയഭേദകമായ കാഴ്ച. എങ്കിലും ആ ശിൽപങ്ങൾ, ഞങ്ങൾ തകർക്കപ്പെടാൻ തയ്യാറല്ല എന്ന മട്ടിൽ, നല്ല വ്യക്തതയോടെ, ശിൽപികളുടെ കരവിരുത് വിളംബരം ചെയ്തുകൊണ്ട് ഇന്നും നിലനിൽക്കുന്നു. പാ ണ്ഡവരുടെ ഭവനം എന്നും ഇതറിയപ്പെടുന്നുണ്ട്. ഏതായാലും Archeological Survey of India യാൽ സംരക്ഷിക്കപ്പെടുന്ന ഈ ക്ഷേത്രം നമ്മുടെ പാരമ്പര്യപെരുമ വിളംബരം ചെയ്യുന്നു. പരിസരത്തെ പൂന്തോട്ടവും മനസ്സിൽ നിറഞ്ഞുനിൽക്കും.

ഭക്ഷണശേഷം ഞങ്ങൾ കാത്തിരുന്ന മറ്റൊരു ദിവ്യാനുഭൂതി. ശങ്കരാചാര്യ ടെമ്പിൾ. ഏകദേശം ആയിരം അടി ഉയരത്തിൽ ശ്രീനഗറിലെ സബർവാൻ റേഞ്ചിൽ സ്ഥിതിചെയ്യുന്ന ശിവക്ഷേത്രമാണിത്. ഏകദേശം 371 BC യിൽ ഗോപാദിത്യ എന്ന രാജാവ് നിർമ്മിച്ചതാണത്രെ. ചരിത്രപരമായും പാരമ്പര്യമായും ഏറെ പ്രാധാന്യമുള്ള ഈ ക്ഷേത്രം.

Drop off point വരെ കാറിൽ പോകാം. സുരക്ഷാപരിശോധനയ്ക്കുശേഷം കാൽനടയായി അമ്പലത്തിലേക്ക് പോകണം. ഏകദേശം 296 പടികൾ കയറിവേണം മുകളിലെത്താൻ. ഓരോ പത്തുപന്ത്രണ്ടു പടി കയറുമ്പോഴും വേണമെങ്കിൽ പടികളിൽ ഇരുന്ന് ക്ഷീണം തീർത്ത് മുന്നോട്ടുപോകാം. 1976 ൽ ഡോ. കരൺ സിംഗ് എന്ന വ്യക്തി, ഈ ക്ഷേത്രം കൈകാര്യം ചെയ്യുന്ന ധർമ്മത് ട്രസ്റ്റിന്റെ ചെയർമാനായിരിക്കുമ്പോഴാണ് ഈ സൗകര്യം ഒരുക്കിയത്. അത് ഞങ്ങളെ പോലെയുള്ളവർക്ക് വലിയ സഹായമായി. നമ്മുടെ ജഗദ് ഗുരു ശങ്കരാചാര്യർ ഈ ക്ഷേത്രം സന്ദർശിച്ചു എന്നും, ഇവിടെ ഗുഹയിൽ തപസ്സിരുന്നു എന്നും, ഇവിടെ വച്ചാണ് സൗന്ദര്യലഹരി എഴുതിയതെന്നും പറയപ്പെടുന്നു. അതിനുശേഷമാണത്രെ ഇതിന് ശങ്കരാചാര്യഹിൽ എന്ന് പേര് ലഭിച്ചത്. 1961 ൽ ദ്വാരക പീഠത്തിനധിപനായ ശങ്കരാചാര്യർ ഇവിടം സന്ദർശിച്ച് ജഗദ് ഗുരു തപസ്സു ചെയ്ത ഗുഹയിൽ അദ്ദേഹത്തിന്റെ പ്രതിമസ്ഥാപിച്ചു. ആ ഗുഹയിലും നമ്മുക്കിറങ്ങി ആദിശങ്കരന്റെ ഓർമ്മയിൽ ധ്യാനനിരതരാകാം. ആ

അന്തരീക്ഷത്തിന്റെ ഓർമ്മ തന്നെ സുഖദവും, ശാന്തിദായകവുമാണ്.



അമ്പലത്തിന്റെ പടികളും കയറി ക്ഷേത്ര ദർശനവും കഴിഞ്ഞ് പുറത്ത് പ്രദക്ഷിണം വയ്ക്കുമ്പോൾ, നമുക്ക് ശ്രീനഗർ മുഴുവനായും അവിടെ നിന്ന് കാണാം. ആ പ്രകൃതി രമണീയത, മഞ്ഞുമൂടിയ മലകൾ, ചുറ്റി ഒഴുകുന്ന ഝലം നദി, പൂത്തുലഞ്ഞുലയുന്ന വൃക്ഷങ്ങൾ - ആ പ്രകൃതി രമണീയത കാണേണ്ടതു തന്നെ!!

ക്ഷേത്രദർശനത്തിന് ശേഷം ഞങ്ങൾ മുഗൾഗാർഡൻ സന്ദർശിച്ചു. 31 ഏക്കർ സ്ഥലത്ത് പരന്നുകിടക്കുന്ന പുഷ്പപരവതാനി. 1619 ൽ ജഹാംഗീറാണത്രെ ഇതിന്റെ ഉപജ്ഞാതാവ്. നയനമോഹനമായ, വർണ്ണ വൈവിധ്യമാർന്ന പുഷ്പങ്ങളാൽ നിബിഡം : പശ്ചാത്തലത്തിൽ മഞ്ഞുമൂടിയ മലകളും. ഞങ്ങൾ പല ട്രാവലറുകളിൽ യാത്രചെയ്യുന്നതിന്റെ അപര്യാപ്തത നീക്കാൻ എല്ലാവരും ആ ഗാർഡനിൽ ഒത്തുകൂടി പരിചയപ്പെടൽ എന്ന കർമ്മത്തിനും ഇവിടം വേദിയാക്കി. ആറു മുഗൾ ഗാർഡനുകൾ ഉള്ളതിൽ ഒന്നിൽ മാത്രം കയറാനേ ഞങ്ങൾക്ക് സമയം ലഭ്യമായുള്ളൂ. അതു ഞങ്ങൾ ശരിക്കും ആസ്വദിച്ചു.

അവിടെ നിന്ന് നേരെ Grand Mahal എന്ന ഹോട്ടലിൽ എത്തി. Electrical Heater നാൽ ചൂടാക്കിയ വിശാലമുറികൾ : എല്ലാവരും സന്തോഷത്തോടെ മൂന്നു രാത്രികൾ ചെലവഴിക്കാമെന്നുള്ള ആശ്വാസത്തിൽ അവിടേക്ക് ചേക്കേറി.

* * * * *

*7-ാം പേജിന്റെ തുടർച്ച*

വാദ്ധ്യാർ വെളുക്കെ ചിരിച്ച് അവനോടു പറഞ്ഞു 'കൊച്ചൂട്ടാ വെറും ഉണങ്ങിയ ഇലകൾ പോലും പലർക്കും ഉപകാരപ്രദമാണെങ്കിൽ നിന്നെക്കൊണ്ട് ഈ ലോകത്തിന് എന്തെന്തു പ്രയാജനങ്ങളാവാം ഉണ്ടാകാനുള്ളതെന്ന് നീ മനസ്സിലാക്കണം.'

വാദ്ധ്യാർ പറഞ്ഞതിലെ പൊരുൾ അവൻ തിരിച്ചറിഞ്ഞു. അതോടെ നിരാശ അവനിൽ നിന്ന് എന്നന്നേക്കുമായി വിട്ടൊഴിഞ്ഞു. അവൻ സന്തോഷവാനായി നടന്നു.

കൊച്ചൂട്ടനെ പോലെ കൊച്ചുകൂട്ടുകാ ർക്കും ചില നേരമെങ്കിലും മനസ്സിൽ നിരാശ തോന്നിയിട്ടില്ലേ? ഒന്നിനും കൊള്ളത്തവരെന്ന് ഒരു വിചാരം ഉണ്ടായിട്ടില്ലേ?

അത്തരം വിചാരവും നിരാശയും ഒന്നും വേണ്ടാ. നിങ്ങളൊക്കെ മിടുക്കരാണ്. സമർത്ഥരാണ്. സൽബുദ്ധിയും സദാചാര മൂല്യങ്ങളും മുറുകെ പി ടിച്ച് ഉയരങ്ങളിൽ എത്തേണ്ടവരാണ്. ശുഭചിന്തകൾ കൊണ്ട് മനസ്സ് നിറയ്ക്കണം. ശുഭാപ്തി വിശ്വാസം എന്തിനും ഏതിനും വേണം. കാലം നിങ്ങളെ ഏതേതുവഴിയേ നയിച്ചെന്നാലും, നിങ്ങൾ ലോകത്തിന് ഏതെങ്കിലുമൊക്കെ തരത്തിൽ പ്രയോജനമുള്ളവർ തന്നെയായിരിക്കും. സന്തോഷത്തോടെ ജീവിത പാതയിൽ മുന്നേറുവിൻ!

സർവ്വ പ്രാർത്ഥനകളും നിങ്ങൾക്കുവേണ്ടി കാണും.!

* * * * *



# ശ്രീമഹാഭാഗവതം

## ആധുനിക യുഗത്തിന്റെ ദിവ്യ ഔഷധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**ചെ**റുപ്പത്തിൽ തന്നെ ഭഗവദ്ഭക്തി വേണം. പിന്നീടാണ് വേണ്ടതെന്നു പറഞ്ഞാൽ ശരിയല്ല. ദുർലഭമാണ് മനുഷ്യജന്മം. അത് അസ്ഥിരവുമാണ്.

ലൗകികസുഖം നേടാനും ദുഃഖത്തെ ഇല്ലായ്മ ചെയ്യാനും നമ്മൾ ബുദ്ധിമുട്ടുന്നു. ഒന്നും ശരിയാകുന്നില്ല. ഭഗവദ്ഭക്തികൊണ്ട് മാത്രമേ സമാധാനം ലഭിക്കുകയുള്ളൂ. നമ്മൾ നമ്മുടെ ആയുസ്സിന്റെ നല്ലൊരു ഭാഗം ഉറങ്ങിയും ചിന്തിച്ചും മറ്റും കഴിയുന്നു. വയസാകുമ്പോൾ അർത്ഥശൂന്യത തോന്നുന്നു. നഷ്ടബോധവും കുറ്റബോധവും മിച്ചം. ഭഗവാനെ ഓർമ്മിക്കുവാൻ പറഞ്ഞാൽ സമയമെവിടെ എന്നുചോദിക്കും. ഭഗവാനെ പൂജിക്കുക, കാരണം അദ്ദേഹം ആത്മാവാണ്. ആഗ്രഹിച്ചാൽ കിട്ടും. സർവ്വന്തര്യാമിയായിരിക്കുന്നതുകൊണ്ട് നാം എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറണം. ഇത്തരം അറിവ് നാരദനിൽനിന്നും പ്രഹ്ളാദന് അദ്ദേഹം അമ്മയുടെ വയറ്റിൽ കിടക്കുമ്പോൾ കിട്ടി. ഇത്രയും ശാസ്ത്രീയമായ മനശാസ്ത്ര ചിന്താഗതി വ്യാസൻ നമ്മളെ ഓർമ്മിപ്പിക്കുന്നു. ഒരു വ്യക്തിയുടെ സ്വഭാവം അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾ മുതലാരംഭിക്കുന്നു. അതുകഴിഞ്ഞു കിട്ടുന്ന അറിവ് ഗുരുവിൽ നിന്നും.

ഗുരു ശുശ്രൂഷയാ ഭക്ത്യാ
സർവ്വ ലബ്ധാർപ്പണേ ന ച
സാംഗേന സാധു ഭക്തനാമീശ്വരാരാ
ധനേ ന ച

ഗുരുവിനെ ഭക്തിപൂർവ്വം ശുശ്രൂഷിക്കുകയും നല്ലവരുടെ സംസർഗ്ഗം കൊണ്ട് ഭഗവദ്ഭക്തി ഉണ്ടാക്കുകയും ചെയ്യുക. ഭഗവദ്ചരിതം ശ്രവിക്കുമ്പോൾ ആനന്ദാശ്രു ഉണ്ടാകും. ചിലർക്ക് എന്തു വന്നാലും കണ്ണീർ വരില്ല. മാനസികമായ ചില രോഗാവസ്ഥയാണിത്. നനയുന്ന കണ്ണുകൾ ആവശ്യത്തിനു വേണം. മനസ്സിനെ ശുദ്ധീകരിക്കാൻ കണ്ണുനീരും അതിന്റേതായ പങ്കു വഹിക്കുന്നുണ്ട്. സന്തോഷം തുളുമ്പുമ്പോഴും വേദന വരുമ്പോഴും അശ്രുക്കൾ ഉണ്ടാകും. ജീവിതത്തിന്റെ പരമശ്രേയസ് എവിടെയാണ്? അതിന്റെ ഉത്തരം ഭഗവാനിൽ ഏകാഗ്രമായ ഭക്തി എന്നാണ്. ഇവിടെ ചെറിയ കുട്ടികളെല്ലാം തന്നെ പ്രഹ്ളാദന്റെ വാക്കുകളിൽ സന്തോഷിച്ചു. അവരെല്ലാം പ്രഹ്ളാദപക്ഷത്തായി. വാക്കുകളുടെ ശക്തി അപാരമാണെന്നു തെളിഞ്ഞു. ഹിരണ്യകശിപു എന്ന വടവൃക്ഷം ഒരു ചെറിയ ചെടിയെ ഭയക്കുന്നുവെന്നു തോന്നുന്ന വിധത്തിൽ പറഞ്ഞു:

ഹേ ദുർവ്വിനീത, മന്ദാത്മൻ കുല ഭേദകരാധമ
സ്തബ്ധം മച്ചാസനോദ്ഭൂതം നേഷ്യേ ത്വാദ്യയമക്ഷയം

നീ അത്യന്തം വിനയമില്ലാത്തവനും ദുരഭിമാനിയുമായി തീർന്നിരിക്കുന്നു. നിന്നെ ഇപ്പോൾ തന്നെ ഞാൻ വധിക്കുന്നുണ്ട്. എന്നാൽ ഭഗവാന്റെ ശക്തി എല്ലാത്തിലും പ്രവർത്തിക്കുന്നുവെന്നു പ്രഹ്ളാദൻ പറഞ്ഞു. എല്ലായിടത്തും ഭഗവാനുണ്ട്,. തൂണിലും തുരുമ്പിലും ഭഗവാനെ ദർശിക്കുന്നുവെന്നുള്ള പ്രഹ്ളാദന്റെ വാക്കുകളിൽ വിശ്വാസം വരാതെ തൂണു മുറിക്കാൻ ഒരുമ്പെട്ടപ്പോൾ അതിൽനിന്നും നരസിംഹരൂപം ഇറങ്ങി വന്നു. ഉഗ്രവിഷമുള്ള സർപ്പത്തെ ഗരുഢൻ പിച്ചിച്ചീന്തുന്നതുപോലെ ഹിരണ്യകശിപുവിന്റെ ഉദരത്തെ പിളർന്നുവെന്നാണ് വിവരിക്കുന്നത്. ഹിരണ്യകശിപുവിനെ ആർക്കും

നശിപ്പിക്കാൻ സാധിക്കാത്ത രീതിയിലുള്ള വരമായിരുന്നു നേടിയിരുന്നത്. പക്ഷെ ഭഗവാന്റെ ചോദ്യത്തിന് ഉത്തരമായി പ്രഹ്ളാദൻ ചോദിച്ചത്

ആദി രാസീശ മേ കാമൻ വരാംസ്ത്വം വരദർഷഭ

കമാനാം ഹൃദ്യ സംരോഹം ഭവഃസ്തു വൃണേവരം

ഭഗവാന് എന്നോടിഷ്ടമുണ്ടെങ്കിൽ എന്റെ മനസ്സിൽ ആഗ്രഹങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ സഹായിക്കുന്ന ഒരു വരം നല്കിയാലും. മകന്റെ സദ്ഗുണങ്ങളാൽ ദുഷ്ടനായ ഹിരണ്യകശിപുവിനും 21 തലമുറക്കും നന്മയുണ്ടായി. ഭഗവാന്റെ അനുഗ്രഹം എല്ലാവർക്കുമുണ്ട്. എന്നാൽ എല്ലാവരിലും തുല്യമായിട്ടല്ല. കർമ്മവാസനയാണ് അതിന്റെ കാരണം.

യുധിഷ്ഠിരൻ ഒരു മനുഷ്യന്റെ സാമാന്യ ധർമ്മത്തേയും വിശേഷധർമ്മത്തേയും കുറിച്ചുള്ള ചോദ്യമാണ് ചോദിക്കുന്നത്. ധർമ്മത്തിന്റെ അടിസ്ഥാനം ഭഗവാനാണ്. ഒരു വ്യക്തിയുടെ സ്വഭാവവും സംസ്കാരവും അനുസരിച്ചായിരിക്കും അയാളുടെ ധർമ്മമെന്നു പറഞ്ഞുവല്ലോ. സദ്ഗുണങ്ങൾ മൂലം സാമാന്യധർമ്മമുണ്ടാകുന്നു. സുഖദുഃഖങ്ങളെ സഹിക്കാനുള്ള ശക്തി സത്യം, ദയ, ഇന്ദ്രിയ നിയന്ത്രണം, മനോനിയന്ത്രണം, അഹിംസ, ആരേയും ഉപദ്രവിക്കാതിരിക്കുക ഇതൊക്കെ അനുസരിച്ചുള്ള ജീവിതമാണ് ധാർമ്മികചിന്തയിലൂടെ ഉടലെടുക്കുന്നത്.

ഇവിടെ വർണ്ണാശ്രമധർമ്മങ്ങളെക്കുറിച്ച് പറയുമ്പോൾ ബ്രഹ്മചര്യത്തേക്കുറിച്ചു പറയുന്നു. സ്ത്രീധർമ്മത്തേക്കുറിച്ചു വിവരിക്കുന്നു. ഈശ്വരാർപ്പണമായി കർമ്മം ചെയ്യണം. അതീവ ശ്രദ്ധയോടുകൂടി കർത്തവ്യം നിർവ്വഹിക്കണം. ജീവിതത്തിലെ എല്ലാ അവസ്ഥകളേയും ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണം. വാനപ്രസ്ഥത്തിൽ ത്യാഗമാണാവശ്യം. സന്യാസാശ്രമത്തിൽ തീവ്രവൈരാഗ്യമുണ്ടാകണം. ഗ്രഹസ്ഥാശ്രമിയായിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ജീവസന്ധാരണത്തിനാവശ്യമായി വരുന്നതൊഴിച്ച് ബാക്കിയെല്ലാം ഉപേക്ഷിക്കണം. സ്വന്തം ശരീരത്തിലുള്ള ആസക്തി ഉപേക്ഷിച്ചാൽ ജീവിതം ഉത്കൃഷ്ടമായി മാറും. ബ്രഹ്മചര്യ, ഗാർഹസ്ഥ വാനപ്രസ്താദി ധർമ്മങ്ങൾ മനുഷ്യൻ ശ്രദ്ധയോടെ പരിപാലിക്കണം. അങ്ങനെ വരുമ്പോൾ നമുക്കു പരിവർത്തനം വരും. തന്റെ കരുത്തിനനുസരിച്ച് സാധാരണ മനുഷ്യൻ ധർമ്മം പാലിക്കുന്നു. മഹാത്മാരിൽ ഈശ്വരാംശമുണ്ട്. അവർ ആചരിക്കുന്ന ധർമ്മങ്ങളെ സദ്ധർമ്മങ്ങളെന്നു പറയുന്നു. സദ്ധർമ്മം ഈശ്വരന്റെ ശക്തിയിൽ അടിസ്ഥാനമാക്കിയാണ്.

ഓരോ മന്വന്തരത്തിലും ഭഗവാൻ പല അവതാരങ്ങളെടുത്തിരുന്നു. പാലാഴിമഥനത്തിൽ ഭഗവാൻ മന്ദരപർവ്വതത്തെ കയ്യിലെടുത്തു. അവിടെ ദേവന്മാരെ ഭഗവാൻ സഹായിച്ചു. പർവ്വതം സമുദ്രത്തിൽ മുങ്ങിതാഴാൻ തുടങ്ങിയപ്പോൾ ഭഗവാൻ ആമയായി അതിനെ ഉയർത്തി. ദേവന്മാർ അവരുടെ മിടുക്കു കൊണ്ടാണെന്നു പറഞ്ഞു. വാസ്തവത്തിൽ എല്ലാം ദൈവാനുഗ്രഹത്താലാണ്. ഇവിടെ കർമ്മഫലം അമൃതമാണ്. നല്ലതു വരുമ്പോൾ ഭ്രമിക്കുകയും വിജയത്തിൽ അഹങ്കരിക്കുകയും അരുത്. നമ്മുടെ മനസ്സിൽ ഉപനിഷത് വാക്യങ്ങൾ നിറയ്ക്കണം. ശിവൻ വാസുകിയുടെ വിഷം പാനം ചെയ്തു ലോകത്തെ രക്ഷിച്ചു. ശിവനേപ്പോലെ സമാധാനമായി നീങ്ങുകയാണെങ്കിൽ നമ്മുടെ ദുഷിച്ച ചിന്തകളെ മാററാൻ സാധിക്കും. മോഹിനീരൂപം ദർശിക്കാൻ പരമശിവന് ആഗ്രഹം ഉണ്ടായത് മായാവലയത്തിൽ അകപ്പെട്ടതുകൊണ്ടാണ്. അതു മാറിയപ്പോൾ ഭഗവാൻ വന്നു സതീദേവിയോടു പറഞ്ഞു

അപി വ്യപ ശ്യ സ്ത്വമജസ്യമായം
പരസ്യപുംസഃ പരദേവതായാഃ
അഹം കലാനമൃഷഭോ വിമുഹ്യേ
ആയാ വഗോന്യേ കിമുതാ സ്വതന്ത്രാഃ

(ശേഷം പേജ് 20)

# അച്ഛന്റെ ചെരിപ്പ്

വിനീത് ബാലകൃഷ്ണൻ - 9446551587

അച്ഛൻ പോയിട്ട് ഏകദേശം ഒരു കൊല്ലമായി. വീട്ടിലെ ഒച്ചയും ബഹളവും കളിയും ചിരിയുമൊക്കെ അച്ഛന്റെ മരണത്തോടെ അപ്രത്യക്ഷമായി. ഒരു രണ്ടുമാസത്തെ കിടപ്പ് മാത്രം. അതുവരെ ഞങ്ങൾ മക്കൾക്കും പേരക്കുട്ടികൾക്കും അദ്ദേഹം ഒരത്താണിയായിരുന്നു. അഭിപ്രായം ചോദിക്കൽ, നിർദ്ദേശിക്കൽ, മുഹൂർത്തങ്ങൾ അറിയാൻ, ഓഫീസ്, മുൻസിപ്പാലിറ്റി നികുതികൾ, സ്കൂൾഫീസ് എന്നു വേണ്ട ചില്ലറ അസുഖങ്ങൾക്കുള്ള ഗൃഹചികിത്സ, ഉളുക്കിയാൽ തൈലം പുരട്ടി ഉഴിയൽ ഇതൊക്കെ അച്ഛന്റെ കൈകാര്യത്തിൽത്തന്നെയായിരുന്നു. മാത്രമല്ല, കുഞ്ഞു മക്കളെ സുരക്ഷിതമായി ഏല്പിക്കാനും പഠനകാര്യങ്ങളിൽ ശുഷ്ക്കാന്തിയോടെ ഇടപെടാനും എന്നും അച്ഛന്റെ ശ്രദ്ധയുണ്ടായിരുന്നു. തിരിച്ചൊന്നും ഞങ്ങൾക്ക് ചെ യ്യേണ്ടിവന്നിട്ടില്ല. അല്ലെങ്കിൽ അങ്ങനെ ഒരവസരം അച്ഛൻ നല്കിയിട്ടില്ല.

ഞങ്ങളുടെ മക്കൾക്കും അങ്ങനെതന്നെയായിരുന്നു. എണ്ണ തേപ്പിക്കൽ, കുളിപ്പിക്കൽ, കൂടെ കളി ക്കാൻ, ഊട്ടാൻ, പഠിപ്പിക്കാൻ......അതെ അവർക്കെന്തിനും അച്ചച്ചൻ മതി.

പക്ഷെ, ഒരു വീഴ്ചയിൽ എല്ലാം തകിടം മറിഞ്ഞു. പുറത്തേക്ക് വലിയ പരുക്ക് ഒന്നും ഉണ്ടായിരുന്നില്ല. പക്ഷെ ഊർജ്ജസ്വലനായ അച്ഛൻ പതുക്കെപ്പതുക്കെ ഉൾവലിയുകയായിരുന്നു. കിടയ്ക്കയിലേക്ക് ഒതുങ്ങുകയായിരുന്നു....

ഒരു കൊല്ലം കഴിയാറായിട്ടും ആ വിടവ് ഞങ്ങളുടെ മനസ്സിൽ നിന്നും ഇല്ലാതാവുന്നില്ല. ഓരോ പ്രവൃത്തിചെയ്യുമ്പോഴും അച്ഛന്റെ നിർദ്ദേശങ്ങൾ അഭിപ്രായങ്ങൾ, ഓർമ്മപ്പെടുത്തലുകൾ അതെ. ഒന്നും മറക്കാനാവുന്നില്ല.

അമ്മയും ആകെ മാറിപ്പോയി. ചിരിച്ചും പാടിയും ഒക്കെ വീടുമുഴുവൻ ശബ്ദമുഖരിതമാക്കിയിരുന്ന അമ്മയ്ക്കും ഒരു നിസ്സംഗത. തേങ്ങുന്ന നിസ്സംഗത നിറകണ്ണുകളുടെ നിസ്സംഗത!

അച്ഛന്റെ കട്ടിലിൽ ഇപ്പോഴും അച്ഛൻ കിടക്കുന്നുണ്ടോ? ദുർബലമായ ആ കൈകൾ ഞങ്ങളുടെ നേർക്കു നീട്ടുന്നുണ്ടോ? അവ്യക്തമായി എന്തോ പറയാൻ ശ്രമിക്കുന്നുണ്ടോ?

അവസാന നാളുകളിലെ ആ നോട്ടവും കിടപ്പും ഓർമ്മവരും. പതുക്കെപ്പതുക്കെ ഓർമ്മ മാഞ്ഞു വരുന്നതായി തോന്നി.

ഉണ്ണിക്കുട്ടീ എന്ന് എന്നും അരുമയോടെ വിളിച്ചിരുന്ന മൂത്തമകനെ-എൻെറ ഏട്ടനെ 'നല്ല പരിചയമുള്ള ഒരാൾ.' ആരാണ് എന്നറിയില്ല എന്ന് പറഞ്ഞതുകേട്ടപ്പോൾ ഞങ്ങൾ മക്കൾ കണ്ണീരൊതു ക്കാൻ പാടുപെട്ടു.

മക്കളെയും പേരക്കുട്ടികളേയും എന്നും സ്വന്തമായി ഒരോ ഓമനപ്പേരിലെ വിളിക്കൂ. ഓരോ പേരിലും സ്നേഹാമൃതക്കൂട്ടുണ്ടായിരിക്കും. എന്റെ മകനെ കുഞ്ഞുണ്ണീ എന്നും മകളെ കുഞ്ഞിലക്ഷ്മി എന്നും വിളി ച്ചു. സംസാരശേഷി കുറഞ്ഞപ്പോൾ അത് കുഞ്ഞുവും കുഞ്ഞിയും. ആയി പിന്നെപ്പിന്നെ അവർ സഹോദരനും സഹോദരിയും ആയി.

പിന്നെപ്പിന്നെ അമ്മയെപ്പോലും തിരിച്ചറിയാനാവാത്ത സ്ഥിതി... അങ്ങനെ ഒരു ദിവസം... പ്രഭാതഭക്ഷണത്തിനുശേഷം ഒന്നു കിടന്നതാണ്. പതുക്കെ പ്പതുക്കെ ആ കണ്ണുകൾ അടഞ്ഞു. ശാന്തമായ ഒരു വിടവാങ്ങൽ.

എല്ലാം കഴിഞ്ഞു. ഒരു കൊല്ലമായി. വീട്ടിലെ കളിയും ചിരിയും ബഹളവും അവസാനിച്ചു. എല്ലാവരുടേയും ഉള്ളം വിങ്ങിവിങ്ങി നിറയുന്നു.

കുറച്ചുനേരം ഒന്നു മാറി നില്ക്കാമെന്നു കരുതി. മക്കളേയും ഭാര്യയേയും കൂട്ടി ഒന്നു ബീച്ചിലേക്കു പോയാലോ? നിലയ്ക്കാത്ത വൈവിധ്യങ്ങളുടെ തീരമല്ലേ കടൽത്തീരം.

അപ്പോൾ എന്റെ പത്തുവയസ്സുകാരൻ മകൻ അച്ചച്ചന്റെ കുഞ്ഞുണ്ണി ചോദിച്ചു.

അച്ഛാ, അച്ചച്ചനും ബീച്ചിൽ പോകാൻ വളരെ ഇഷ്ടമായിരുന്നു. എത്ര പ്രാവശ്യം ഞങ്ങളെ കൊണ്ടുപോയിട്ടുണ്ടെന്നോ.

അവനാണ് ഏറെ സങ്കടം. പത്തുവയസ്സായിട്ടേ ഉള്ളൂ. പക്ഷെ, അവൻ അച്ചച്ചന്റെ നിഴലായിരുന്നു. എന്തിനും കൂടെയുണ്ടാകും. ഒടുവിൽ അച്ചച്ചൻ കിടപ്പിലായപ്പോഴും ശുശ്രൂഷിക്കാൻ മുമ്പിൽ അവൻ തന്നെയായിരുന്നു.

ഭക്ഷണം കൊടുക്കാൻ,

മരുന്നുകൊടുക്കാൻ

കുളിമുറിയിലേക്ക് പിടിച്ചു കൊണ്ടു പോവാൻ നെബുലൈസ് ചെയ്യാൻ ....

ഇടയ്ക്കിടെ കൈകാലുകൾ ഉഴിഞ്ഞുകൊടുക്കാൻ..

ഒടുവിൽ... വീൽച്ചെയറിൽ കൊണ്ടുനടക്കാനും.

'കുഞ്ഞൂ'... എന്ന ക്ഷീണിച്ച വിളി കേൾക്കുമ്പോഴേക്കും അച്ചച്ചന്റെ കുഞ്ഞുണ്ണി അവിടെ എത്തിയിരിക്കും. ഇപ്പോഴും അച്ചച്ചന്റെ ഓർമ്മകൾ അവനെ വിട്ടുമാറുന്നില്ല. ക്ലാസ്സിൽ ആണെങ്കിൽ പോലും ആ ഓർമ്മ അവന്റെ കണ്ണുകൾ നിറയ്ക്കാറുണ്ട്.

'അച്ഛാ, ഇത് അച്ചച്ചന്റെ ചെരിപ്പാണ്. ഞാനി ന്ന് ഇതും ഇട്ടുകൊണ്ട് ബീച്ചിൽ വരട്ടെ. അച്ചച്ചൻ ഉണ്ടായിരുന്നെങ്കിൽ സമ്മതിക്കുമായിരുന്നു.' നിറകണ്ണോടെ മോൻ അങ്ങനെ പറഞ്ഞപ്പോൾ പിന്നെ എനിക്ക് മറുപടി പറയാൻ സാധിച്ചില്ല.

ആ ചെരിപ്പിട്ട് കുഞ്ഞ് ഉത്സാഹത്തോടെ കാറിൽ ക്കയറി. ഞാൻ യാന്ത്രികമായി കാറോടിച്ചു. 'ശ്രദ്ധിച്ചോടിക്കൂ' 'ഇത്ര വേഗത്തിൽ വേണ്ട' എന്നൊക്കെ ആരോ പറയുന്നുണ്ടോ? അതോ, എന്റെ തോന്നലോ?

ബീച്ചിൽ വലിയ തിരക്കില്ല. കാറ് പാർക്കുചെയ്തു ഞങ്ങൾ നാലുപേരും കൂടി നടന്നു. സുരക്ഷിതമായ സ്ഥലത്ത് ചെരിപ്പുകൾ അഴിച്ചുവെച്ച് വെള്ളത്തിനടുത്തേയ്ക്ക് നീങ്ങി. ചെറിയ ചെറിയ അലകൾ ഞങ്ങളുടെ കാലുകളെ നനച്ചു കൊണ്ടിരുന്നു.

പെട്ടെന്ന് തിരയുടെ ശക്തികൂടി ഞങ്ങൾ പിന്നിലേക്ക് ഓടിക്കയറി. തിരയുടെ കയറിറക്കത്തിൽ ഞങ്ങളുടെ ചെരിപ്പുകളും ഒലിച്ചുതുടങ്ങിയിരിക്കുന്നു. ഒരുവിധം ഞങ്ങൾ സ്വന്തം ചെരിപ്പുകൾ വാരിയെടുത്തു രക്ഷപ്പെടാൻ നോക്കി.

അപ്പോഴാണ് മോന്റെ കരച്ചിൽ 'അച്ഛാ, അച്ചച്ചന്റെ ചെരിപ്പ് പോയീ.....' അവൻ വിതുമ്പികൊണ്ട് അവയുടെ പുറകെ പോവാൻ തുടങ്ങി. ഞാൻ ഓടിച്ചെന്ന് അവന്റെ കൈപിടിച്ചു കരയിലേക്ക് കൊണ്ടു വന്നു.

'അച്ചച്ചാ... അച്ചച്ചാ... അച്ചച്ചന്റെ ചെരിപ്പ് പോയീ...'

അവൻ കരഞ്ഞുകൊണ്ടേയിരുന്നു. എന്തുചെയ്യണമെന്നറിയാതെ ഞങ്ങൾ പരസ്പരം നോക്കി.

'പോട്ടെ മോനേ, അച്ചച്ചനേക്കാൾ വലുതല്ലാല്ലോ ആ ചെരിപ്പ്. വരൂ നമ്മുക്ക് പോവാം' ഞാനവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ആ ചെരിപ്പുകൾ തെന്നിത്തെന്നി കൺമുമ്പിൽ നിന്ന് മറഞ്ഞിരുന്നു.

ഇരുട്ടു പരന്ന തുടങ്ങി. ഞങ്ങൾ പതുക്കെ തിരിഞ്ഞുനടക്കാൻ തുടങ്ങി. മോൻ അപ്പോഴും 'അച്ചച്ചാ... ചെരിപ്പ് ' എന്ന് വിതുമ്പുന്നുണ്ടായിരുന്നു.

'മോനേ'.... പിന്നിൽ നിന്നൊരു വിളി. തീർത്തും വിജനമായിട്ടില്ലാത്ത ആ കടൽതീരത്ത് നി ന്ന് ഒരാൾ നടന്നുവരുന്നു. നനഞ്ഞുകുതിർന്ന വേഷം. അയാളുടെ കയ്യിൽ....

'മോനേ.. ഇതാ നിന്റെ ചെരിപ്പുകൾ.' അയാളുടെ കയ്യിൽ ആ ചെരിപ്പുകൾ. മോൻ ഓടിച്ചെന്ന് ആ ചെരിപ്പുവാങ്ങി.

'കിട്ടി അച്ഛാ, നമ്മുടെ അച്ചച്ചന്റെ ചെരുപ്പുകൾ കിട്ടി' അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഞാനൊ ന്നന്ധാളിച്ചു. ഒരു നന്ദി പറയാൻ തിരിഞ്ഞുനോക്കിയപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. ആ മുഖം പോലും ഓർമ്മവരുന്നില്ലല്ലോ. കുറച്ചു നേരം ഞങ്ങൾ അങ്ങനെ തന്നെ നിന്നു പോയി. അയാൾ ആൾ ക്കൂട്ടത്തിലെങ്ങാനും മറഞ്ഞിരിക്കാം. എന്തായാലും ആ ചെരിപ്പുകൾ മകന്റെ കയ്യിൽ ഭദ്രം.

'അച്ഛാ, ഞാനീചെരിപ്പുകൾ ഇനി കാലിൽ ഇടില്ല. ഭരതൻ ചെയ്ത പോലെ തലയിൽ വച്ച് വീട്ടിൽ എത്തിക്കും.

കാറിലിരിക്കുമ്പോഴും എന്റെ കുഞ്ഞ് ആ ചെരിപ്പുകൾ തലയിൽ തന്നെ വെച്ചിരിക്കുകയായിരുന്നു.

*****

# പാതാളം

## എം.ജി. തങ്കമ്മ, ഇടപ്പള്ളി

ഭൂമിയുടെ അടിയിൽ പാതാളമെന്ന വിളിക്കപ്പെടുന്ന ഒരു ലോകമുണ്ടെന്നാണ് പൗരാണിക സങ്കല്പം. ഈ പാതാളത്തിനു തന്നെ ഒന്നിനു താഴെ ഒന്നായി അതലം, വിതലം, സുതലം, തലാതലം, രസാതലം, മഹാതലം, പാതാളം എന്നീ പേരുകളോടുകൂടി ഏഴുവിഭാഗങ്ങളുണ്ട്. അവിടങ്ങളിലെല്ലാം മയനാൽ നിർമ്മിക്കപ്പെട്ടവയും മനോമോഹനങ്ങളുമായ അനേകം പട്ടണങ്ങളും ഗൃഹങ്ങളും ഉദ്യാനങ്ങളുമുണ്ട്. ദൈത്യന്മാരും മാനവന്മാരും നാഗന്മാരും മറ്റും അവരവരുടെ കുടുംബങ്ങളോടും മറ്റും കൂടി വസിക്കുന്നത് അവിടെയാണ്. പാതാളത്തിന് എഴുപതിനായിരം യോജന ഉയരമുണ്ട്. ഓരോ വിഭാഗത്തിനും പതിനായിരം യോജന വീതമാണ് ഉയരം. അവിടങ്ങളിലുള്ള ഭൂമി വെളുത്തതും കറുത്തതും ചുവന്നതും മഞ്ഞനിറമുള്ളതും ചരൽനിറഞ്ഞതും കരിങ്കലുള്ളതും സ്വർണ്ണമയവുമാണ്. ഒരിക്കൽ പാതാളത്തിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക് ചെന്ന നാരദൻ സ്വർഗ്ഗവാസികളുടെ ഇടയിൽ വച്ച് പാതാളം സ്വർഗ്ഗത്തേക്കാൾ മനോഹരമാണെന്ന് പറയുകയുണ്ടായി. നാഗങ്ങൾ അണിയുന്ന ആഭരണങ്ങളിൽ രത്നങ്ങൾ മിന്നിതിളങ്ങിയിരുന്നു. പകൽ സമയം സൂര്യരശ്മികളും രാത്രിയുടെ ചന്ദ്രകിരണങ്ങളും വെളിച്ചം വീശുന്നു. പക്ഷേ, വെയിലോ തണുപ്പോ അവിടെയില്ല. അവിടെ ഭക്ഷ്യപാനാദികൾ കൊണ്ട് സന്തോഷിച്ചിരിക്കുന്ന നാഗങ്ങളും ദാനവന്മാരും മറ്റും സമയം പോകുന്നത് അറിയുന്നതേയില്ല.

പാതാളത്തിന്റെ ചുവട്ടിൽ ആദിശേഷനെന്ന പേരോടുകൂടി വിഷ്ണുവിന്റെ തമോഗുണരൂപമായ ഒരു ശരീരമുണ്ട്. ആ ദേവനെ സിദ്ധന്മാർ അനന്തൻ എന്നു പുകഴ്ത്തിപ്പറയുന്നു. അദ്ദേഹത്തിന് ആയിരം ശിരസ്സുകളുണ്ട്. സ്വസ്തികമാണ് അനന്തന്റെ ചിഹ്നം. ഒരു കൈകൊണ്ട് ലാംഗലം (കൊഴു) പിടിച്ചുകൊണ്ടും മറ്റേ കയ്യിൽ മുസലം ധരിച്ചുകൊണ്ടും ഇരിക്കുന്ന അനന്തൻ ശ്രീദേവിയാലും മൂർത്തിമതിയായ വാരുണീദേവിയാലും സേവിക്കപ്പെടുന്നു. കല്പാന്തകാലത്തിൽ വിഷാഗ്നിജ്വാല പോലെ തിളങ്ങിക്കൊണ്ട് അദ്ദേഹത്തിന്റെ മുഖങ്ങളിൽ നിന്ന് സങ്കീർണ്ണ മൂർത്തിയായ രുദ്രൻ ആവിർഭവിച്ച് മൂന്നുലോകങ്ങളെയും ഭക്ഷിക്കുന്നു. സകല ദേവന്മാരാലും പൂജിക്കപ്പെടുന്ന ആ ആദിശേഷൻ ഭൂമണ്ഡലത്തെ ആകമാനം ഒരു കിരീടംപോലെ ധരിച്ചുകൊണ്ട് പാതാളത്തിലിരിക്കുന്നു. അനന്തൻ കോട്ടുവായിടുമ്പോൾ ഈ ഭൂമി കടൽ വെള്ളത്തോടും പുഴകളോടും കാടുകളോടും കൂടി ഒട്ടാകെ കുലുങ്ങുന്നു. ആരും അദ്ദേഹത്തിന്റെ ഗുണങ്ങളുടെ അന്തം കണ്ടെത്തുന്നില്ല. തന്മൂലമാണ് അനന്തൻ എന്ന പേരുണ്ടായത്. പുരാതന കാലത്തെ മഹർഷിയായ ഗർഗ്ഗൻ ഈ അനന്തനെ ആരാധിച്ചാണ് ജ്യോതിർമണ്ഡലത്തിന്റെ നിമിത്ത ശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള ഫലങ്ങളുടെ തത്ത്വം മുഴുവൻ അറിഞ്ഞത്.

പാതാളത്തിന്റെ ഓരോ വിഭാഗങ്ങളുടെയും പ്രത്യേക സ്വഭാവങ്ങൾ താഴെ കൊടുക്കുന്നു. അതലം:- പാതാളത്തിലെ ഒന്നാമത്തെ ലോകം അവിടെയാണ് മയന്റെ പുത്രനും സുപ്രസിദ്ധനുമായ ബലൻ വസിക്കുന്നത്. ഇദ്ദേഹം സർവ്വാഭീഷ്ടങ്ങളും പ്രദാനം ചെയ്യാൻ ശക്തിയുള്ള തൊണ്ണൂറ്റാറു മായകളെ സൃഷ്ടിച്ചിട്ടുണ്ട്. ബലൻ വായ് തുറന്ന് കോട്ടുവായി

ടുമ്പോൾ പുംശ്ചലികൾ, സ്വൈരിണികൾ, കാമിനികൾ ഇങ്ങനെ മൂന്നുവിധ സ്ത്രീഗണങ്ങൾ വായിൽ നിന്ന് പുറത്തിറങ്ങും. അതലത്തിൽ പ്രവേശിക്കുന്നവരെയെല്ലാം അനായാസേന വശീകരിച്ച് സ്വാധീനമാക്കുവാനും അവരെ ക്രീഡാസുഖത്തിനുവേണ്ടി ബലിഷ്ഠരാക്കിത്തീർക്കുവാനും അവരുടെ കയ്യിൽ ഹാടകം എന്ന പേരോടുകൂടിയ ഒരു രസായനമുണ്ട്.

വിതലം:- ഇതാണ് ഹാടകേശ്വരന്റെ വാസസ്ഥലം. ഹാടകേശൻ സാക്ഷാൽ പരമശിവൻ തന്നെയാണ്. പാർവ്വതീപരമേശ്വരന്മാരുടെ വീര്യം അവിടെ ഹാടകി എന്ന നദിയായി പ്രവഹിക്കുന്നുണ്ട്. ആ നദിയിലെ രസത്തെ വായുദീപ്തനായ അഗ്നി പാനം ചെയ്തു വമിക്കുന്നതാണത്രേ ഹാടകം എന്ന സ്വർണ്ണം. ദൈത്യന്മാരുടെ സ്ത്രീകൾ ഈ ഹാടകസ്വർണ്ണം കൊണ്ടുണ്ടാക്കിയ ആഭരണങ്ങളാണ് അണിയുന്നത്.

സുതലം:- ഇതാണ് മഹാബലിയുടെ സ്ഥാനം. ഇവിടെ ബലിചക്രവർത്തി ഇന്ദ്രാദികളേക്കാൾ അധികമായ ഐശ്വര്യ പുഷ്ടിയോടും കീർത്തിയോടും കൂടി മഹാവിഷ്ണുവിനെത്തന്നെ ധ്യാനിച്ചു കഴിയുന്നു. ഇന്ദ്രനെ സന്തോഷിപ്പിക്കാൻ വേണ്ടി മഹാവിഷ്ണു വാമനന്റെ രൂപമെടുത്ത് മഹാബലി ചക്രവർത്തിയുടെ അടുത്തു ചെല്ലുകയും അദ്ദേഹത്തെ അഹങ്കാരമുക്തനാക്കി, പാദാനുഗ്രഹം കൊണ്ട് മോക്ഷപ്രാപ്തി വരുത്തി സുതലത്തിന്നധിശനായി വാഴിച്ചു. മഹാവിഷ്ണു ഇന്നും അവിടെ മഹാബലിയുടെ ഗോപുരം കാത്തുകൊണ്ടു നില്ക്കുകയാണ്. ഒരിക്കൽ അഹങ്കാരിയായ രാവണൻ മഹാബലിയെ ആക്രമിക്കാൻ അവിടെ ചെല്ലുകയും രാവണനെ പുറങ്കാലിനടിച്ച് ഓടിക്കുകയുമുണ്ടായി.

തലാതാലം:- ഇത് മയന്റെ സ്ഥാനമാണ്. ഈ മയൻ ബലവാനും മായാവിയുമായ ഒരു രാക്ഷസനാണ്. ത്രിപുര ദഹനം കഴിഞ്ഞതിനു ശേഷം പരമശിവന്റെ അനുഗ്രഹത്താൽ ത്രിപുരാധിപതിയായി തലാതലത്തിൽ വാഴുകയാണ്. മയൻ മായാവികളുടെ ഗുരുവും മായാവിദ്യയിൽ അതിവിദഗ്ധനുമാണ്. അതിനാൽ ഇദ്ദേഹത്തെ ഘോരാകൃതികളായ അനേകം രാക്ഷസന്മാർ സദാ പൂജിച്ചു കൊണ്ടിരിക്കുന്നു.

മഹാതലം:- ഇത് കാദ്രവേയരുടെ സ്ഥാനമാണ്. കദ്രുവിന്റെ സന്താനങ്ങളായതു കൊണ്ടാണ് ഇവർക്ക് ഈ പേര് നിർദ്ദേശിച്ചത്. ഈ സർപ്പങ്ങൾ വലിയ കോപശാലികളും അനേകം ശിരസ്സുകളോടുകൂടിയവരും ഭയങ്കര സത്വങ്ങളുമാകുന്നു. ഇവരിൽ പ്രധാനികൾ കുഹകൻ, തക്ഷകൻ, സുസേനൻ, കാളിയൻ തുടങ്ങിയവരാണ്. മെലിഞ്ഞ നീണ്ട ശരീരവും വലിയ ഫണവും അതിയായ ബലവും ക്രൂരപ്രകൃതിയും ഉള്ളവരാണിവർ. എങ്കിലും ഇവർ ഗരുഡനെ പേടിച്ച് മഹാതലത്തിൽ കുടുംബസമേതം ഒതുങ്ങിക്കഴിയുന്നു.

രസാതലം:- ഇത് നിവാത കവച കാലകേയന്മാരുടെ സ്ഥാനമാണ്. ദേവശത്രുക്കളായ ഇവർ പലവിധത്തിൽ ദേവകൾക്ക് ഉപദ്രവം ചെയ്തുകൊണ്ടിരിക്കുന്നു. വിഷ്ണുവിന്റെ തേജസ്സിനാൽ ഇവരെല്ലാം ഹതപൗരുഷന്മാരായിക്കഴിയുന്നു. അവർ ഇപ്പോൾ ഇന്ദ്രനാൽ നിയോഗിക്കപ്പെട്ടവളും മന്ത്രരൂപിണിയുമായ 'സരമ' എന്ന ദൂതിയുടെ വാക്കുകളും ഭീഷണികളും മന്ത്രദണ്ഡുകൊണ്ടുള്ള താഡനവും ഭയപ്പെട്ട് രസാതലത്തിൽ ഒതുങ്ങിക്കൂടിയിരിക്കുന്നു.

പാതാളം:- ഇത് നാഗത്താന്മാരുടെ സ്ഥാനമാണ്. ഇവിടെ വാസുകി, ശംഖൻ, ഗുളികൻ, ശ്വേതൻ, ധനഞ്ജയൻ, മഹാശംഖൻ, ശംഖചൂഡൻ, കംബലൻ, ദേവദത്തൻ മുതലായ നാഗലോകാധിപതികൾ വസിക്കുന്നു. അതിയായ ബലവും ഉഗ്രവിഷവും ഉള്ളവരാണ് ഇവർ. ഇവരിൽ ചിലർക്ക് ഏഴും, ചിലർക്ക് പത്തും അമ്പതും, നൂറും അതിൽ കൂടുതലും ഫണങ്ങൾ ഉള്ളവരാണ്. ആ ഫണങ്ങളിലുള്ള

രത്നങ്ങളുടെ പ്രകാശപ്രചുരിമ കൊണ്ട് പാതാള ലോകത്ത് ഇരുട്ട് തിരെയില്ല.

ഈ പാതാള ലോകത്തിന്റെ മൂലസ്ഥാനത്ത് മുപ്പതിനായിരം യോജനവിസ്താരത്തോടുകൂടിയ ഒരു സ്ഥലം പ്രത്യേകിച്ചുണ്ട്. അവിടെയാണ് 'താമസി'യായ വിഷ്ണുകല 'അനന്ത' എന്ന പേരോടുകൂടി സ്ഥിതിചെയ്യുന്നത്. ഈ കലയുടെ ഉജ്ജ്വല മൂർത്തിഭാവം തന്നെയാണ് സാക്ഷാൽ അനന്തൻ അഥവ ആദിശേഷൻ. ഏകീകരിക്കുന്നവൻ എന്ന അർത്ഥത്തിൽ 'സങ്കർഷണൻ' എന്ന പേരുകൂടി ശ്രീ അനന്തനുണ്ട്.

ഈ ലോകങ്ങളെയെല്ലാം ആയിരം ഫണമുള്ള ആദിശേഷൻ തന്റെ ഫണത്തിൽ വഹിക്കുന്നുവെന്ന് പ്രസിദ്ധമാണല്ലോ. ഇങ്ങനെ വഹിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ചരാചരലോകത്തെ നശിപ്പിക്കണം എന്നു വിചാരിക്കുന്ന സമയം തന്റെ ഭൂമദ്ധ്യത്തിൽ നിന്ന് 'സങ്കർഷണൻ' എന്ന പേരോടുകൂടിയ രുദ്രൻ ഏകാദശരുദ്രഗണങ്ങളോടും ത്രിശൂലാദ്യായുധങ്ങളോടും കൂടി ആവിർഭവിക്കുന്നതായിരിക്കും. അനന്തൻ അതിമനോഹരനും ദിവ്യതേജോമയനുമാണ്. മറ്റുള്ള സർപ്പനാഥന്മാർ ഭക്തിയോടുകൂടി സാഷ്ടാംഗനമസ്കാരം ചെയ്തു കൊണ്ടിരിക്കുന്നു. ബലവാനും ഗുണവാനും വിശ്രുതനും ആയ ആദിശേഷൻ, ലോകോപകാരാർത്ഥം തന്റെ കോപാവേശത്തെ അടക്കി, ശുദ്ധസത്വപ്രധാനനായി, സുരന്മാർ, നിദ്ധന്മാർ, ഗന്ധർവ്വന്മാർ, വിദ്യാധരന്മാർ, മഹർഷിമാർ മുതലായവരാൽ സ്തുതിക്കപ്പെട്ട് 'വൈജയന്തി' എന്ന ദിവ്യമാലയും, സൗരഭ്യമേറിയ മറ്റു പുഷ്പമാലകളും, നീല വസ്ത്രവും കുണ്ഡലാദി ആഭരണങ്ങളും ഹലായുധവും ധരിച്ച് പരമശാന്തനായി എല്ലാവരെയും കരുണാകടാക്ഷത്താൽ ആനന്ദിപ്പിച്ച് അവിടെ വസിക്കുന്നു. (ദേവിഭാഗവതം നവമസ്കന്ധം)

*****

(പേജ് 15 ന്റെ തുടർച്ച)

പരമാത്മാവിന്റെ മായ ശക്തമാണ്. ഞാൻ പോലും അതിന്റെ വലയിൽ പെട്ടു. മറ്റുള്ളവരുടെ കാര്യം പിന്നെ പറയാനുമില്ലല്ലോ. ലോകത്തിൽ എല്ലാ കാര്യവും അതിന്റെ യഥാർത്ഥ രൂപത്തിൽ മനസ്സിലാക്കിയാൽ എല്ലാം ശരിയാകും. മനസ്സിന്റെ വംലയിൽ മായമൂലം പെട്ടുപോകുന്നു. നാം വളരെ ശ്രദ്ധയോടെയിരുന്നാൽ ഇത്തരം മായയിൽ നിന്നും രക്ഷപ്പെടാം.

അഷ്ടമ സ്കന്ധത്തിൽ ഇനി വിവരിക്കുന്നത് മന്വന്തരത്തിന്റെ കഥ. മഹാബലിയും വാമനാവതാരവും. പാലാഴിമഥനത്തിനു ശേഷം ദേവാസുര യുദ്ധം ഉണ്ടായി. മുറിവേറ്റ മഹാബലിയെ ശുക്രാചാര്യർ ശക്തിമാനാക്കി. അദ്ദേഹം ആകാശത്തേയും ഭൂമിയേയും വിറപ്പിച്ചുകൊണ്ട് ദേവന്മാരെ സമീപിച്ചു. ദേവന്മാർ ഭയന്ന് ബ്രഹസ്പതിയെ ശരണം പ്രാപിച്ചു. ബ്രഹസ്പതി പറഞ്ഞു, മഹാബലി ഭക്തിയോടു സർവ്വവും ഗുരുവിനു സമർപ്പിച്ചു. ശക്തി വർദ്ധിച്ച മഹാബലിയോട് എതിരിടാൻ സാക്ഷാൽ ഭഗവാനു മാത്രമേ സാധിക്കൂ. കുറേ കഴിയുമ്പോൾ ഒരവസരത്തിൽ ഗുരുവിനെ തള്ളി പറയുമ്പോൾ നശിക്കും. അതുവരെ ക്ഷമിക്കുക. ഗുരു നിന്ദ പാപമാണ് എന്നു വ്യാസൻ ഓർമ്മിപ്പിക്കുന്നു. ദേവേന്ദ്രന്റെ മാതാവായ അദിതി പയോവൃതം അതായത് മീനമാസത്തിലെ ശുക്ലപക്ഷ പ്രഥമ മുതൽ ദ്വാദശി വരെ 12 ദിവസം വൃതം അനുഷ്ഠിച്ചു ഭഗവാനെ പൂജിച്ചു പ്രാർത്ഥിക്കണം. ഇതെല്ലാം യഥാവിധി അനുഷ്ഠിച്ച അദിതിക്ക് സത്പുത്രനുമുണ്ടായി. ഭഗവാന്റെ വാമനാവതാരം. സദ്പുത്രനുണ്ടാകണമെങ്കിൽ അമ്മക്ക് അഹങ്കാരമെല്ലാം മാറി നല്ല ചിന്തയോടുകൂടിയ വൃതം അത്യാവശ്യമാണെന്നും തെളിഞ്ഞു.

(തുടരും)

# ജ്ഞാനനിഷ്പാദനത്തിന്റെ പുതുവഴികൾ

സി. രാമചന്ദ്രൻ - 9995820684

**അ**റിവുണ്ട് എന്ന അഹങ്കാരത്തിൽ നിന്ന്, മനുഷ്യബോധം, അറിവില്ല എന്ന തിരിച്ചറിവിലേയ്ക്ക്, എളിമയോടും വിനയത്തോടുംകൂടി പരിവർത്തനം ചെയ്യുന്ന ഒരു വേളയാണ് ജ്ഞാനോദയം. അജ്ഞാനിയാണ് ഞാൻ എന്ന പുതിയ ജ്ഞാനത്തിന്റെ ഉദയമാണത്. അറിവുകളെ സംബന്ധിച്ച ഒരു അന്വേഷണം പുതിയൊരു പരിപ്രേക്ഷ്യത്തിൽ ആരംഭിക്കുന്നതുതന്നെ അവിടെനിന്നുമാണ്. പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് ഒന്നും നമുക്ക് ഉത്തരമറിഞ്ഞുകൂടാ എന്ന തിരിച്ചറിവ്.

അറിവുള്ളവർ എന്ന് അറിയപ്പെട്ടിരുന്നവരോട് ചോദിച്ച് അറിവുണ്ടാക്കുക എന്ന മാർഗമായിരുന്നു അതുവരെ. പ്രപഞ്ചവും മനുഷ്യനും എങ്ങിനെയുണ്ടായി എന്നറിയണമെങ്കിൽ പുരോഹിതനോടു ചോദിച്ചാൽ മതിയായിരുന്നു. എന്നാൽ ഒരു വസ്തു എന്തുകൊണ്ട് ജലത്തിൽ താഴ്ന്നുകിടക്കുന്നു, അല്ലെങ്കിൽ പൊന്തിക്കിടക്കുന്നു എന്ന ചോദ്യം അന്ന് അപ്രധാനമാണ്. മുകളിലേയ്ക്കെറിഞ്ഞ ഒരു വസ്തു എന്തുകൊണ്ടു താഴേയ്ക്കു വീഴുന്നു എന്നതും ഒരനാവശ്യചോദ്യമാണ്.

പദാർത്ഥപരിണാമങ്ങളെക്കുറിച്ച് മെന്റലേവോ, ജൈവപരിണാമത്തെക്കുറിച്ച് ഡാർവിനോ, മസ്തിഷ്കപരിണാമത്തെക്കുറിച്ച് ഫ്രോയ്ഡോ ഒന്നും അവസാനവാക്കുകളൊന്നും പറഞ്ഞിട്ടില്ല. അറിവിന്റെ തുറവിയിലേയ്ക്കുള്ള വാതിലുകൾ ഒന്നൊന്നായി തുറക്കുക മാത്രമാണവർ ചെയ്തത്. എന്തുകൊണ്ട്? എന്തുകൊണ്ട് എന്നും, എങ്ങനെ? എങ്ങനെ? എന്നും മറ്റുമുള്ള ചോദ്യങ്ങൾ എമ്പാടുമുയർന്നു. ഉത്തരങ്ങൾ നാം തന്നെ അന്വേഷിച്ചുകണ്ടെത്തണം. അറിവിന്റെ ബഹുവിധ ശാഖകളും ഉപശാഖകളും പൊടിച്ചുതളിർത്തുവളർന്നു. ശാസ്ത്രവും, സാങ്കേതികവിദ്യയും കൈത്തൊഴിലുകളും ജനകീയ വിദ്യാഭ്യാസമണ്ഡലത്തിൽ പ്രചരിച്ചു. വൈദ്യുതി, താപം, ചലനം, ഗതികം, സ്ഥിതികം തുടങ്ങിയവിഷയങ്ങളും അതിനോടനുബന്ധിച്ച യാന്ത്രിക വിദ്യകളും പഠനവിധേയമായി. യാന്ത്രികവിദ്യയ്ക്കും യാന്ത്രിക വൈദഗ്ധ്യത്തിനുമൊപ്പം യാന്ത്രികയുക്തി വാദവും സമൂഹത്തിൽ പരന്നു. നമുക്കു ചുറ്റുമുള്ളത് പ്രകൃതിയും പ്രകൃതിവിഭവങ്ങളും അതുപയോഗിച്ച് സാങ്കേതിക വൈഭവത്തോടെ സൃഷ്ടിച്ച വസ്തുക്കളുമല്ലാതെ മറ്റൊന്നുമില്ല.

അറിവിന്റെ ഉറവിടത്തെ സംബന്ധിച്ച പുതിയ വിശദീകരണങ്ങൾക്കുവേണ്ടി കാലം കാതോർത്തു. വൈദ്യുതിയുടെ ആത്മാവ്, അഗ്നിജ്വാലയുടെ ബാധ തുടങ്ങിയ വിശദീകരണങ്ങൾ ബുദ്ധിയുള്ളവർക്ക് സ്വീകാര്യമായില്ല. ഈ പശ്ചാത്തലത്തിലാണ് അനുഭവനിഷ്പാദനസിദ്ധാന്തമെന്ന പുതിയ ജ്ഞാനവ്യവസ്ഥയുമായി ചില ചിന്തകന്മാർ രംഗത്തുവരുന്നത്.

പുതിയ വ്യവസ്ഥയുടെ, പുതിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, പുതിയൊരു ലോകവീക്ഷണത്തിന്റെ ജാലകം തുറക്കുന്നതിനുവേണ്ടി കാലത്തിന്റെ മനസ്സാക്ഷി ത്രസിച്ചു. അതിനനുസരിച്ചുള്ള കാഴ്ചപ്പാടുകളെ കരുപ്പിടിപ്പിക്കുവാൻ മുൻകൈയെടുത്തവരിൽ ചില പ്രധാനികളാണ് ജോൺലോക്ക്, ഡേവിഡ് ഹ്യൂം, സ്റ്റ്യുവർട്ട്മിൽ, ജോർജ്ജ് ബർക്കി

ലി, വോൾട്ടയർ, മോണ്ടെസ്കോ തുടങ്ങി അണിനിരന്നവർ. അവരുടെ അഭിപ്രായങ്ങൾക്കെല്ലാം സമാനതകൾ കണ്ടെത്താമെങ്കിലും അവർ വേറിട്ട വ്യക്തിത്വങ്ങൾ നിലനിർത്തിയിരുന്നു.

ജോൺ ലോക്കിനെയെടുക്കാം. എല്ലാ അറിവുകളും, അടിസ്ഥാനപരമായി ഇന്ദ്രിയാനുഭവങ്ങളിൽ നിന്നുണ്ടാകുന്നു എന്നാണ് അദ്ദേഹത്തിന്റെ വാദഗതിയുടെ ആദ്യപടി. ജനിക്കുമ്പോൾത്തന്നെ കുഞ്ഞിന് നൈസർഗ്ഗികമായ വെളിപാടുകളുണ്ട് എന്ന മുൻനിലനിന്ന ജ്ഞാനവാദത്തെ അദ്ദേഹം നിരാകരിക്കുകയാണ് ചെയ്തത്. കാരണം അത് ജ്ഞാനമല്ല ജന്മവാസനയാണ്. യഥാർത്ഥത്തിൽ നവജാതശിശുവിന്റെ മനസ്സ് ഒന്നുമെഴുതാത്ത ഒരു ക്ലീൻ സ്ലേറ്റാണ്. അതൊരൊഴിഞ്ഞ പാത്രമാണ്; അടഞ്ഞ മുറിയാണ്; കണ്ടും, കേട്ടും, മണത്തും, രുചിച്ചും, സ്പർശിച്ചുമാണ് അറിവുകൾ ബോധമണ്ഡലത്തിലേയ്ക്ക് കടന്നുകയറുന്നത്. അറിയാത്ത പിള്ളയ്ക്ക് ചൊറിയുമ്പോഴറിയാമെന്നപോലെ. ഇത്തരമറിവെല്ലാം പ്രാഥമികമായ അറിവുകളാണ്. ഈ അറിവുകൾ ആലോചനയ്ക്കും പുനരാലോചനയ്ക്കും വിധേയമാകും, വിശകലനം ചെയ്യും, ക്രമീകരിക്കും, ശരിതെറ്റുകളെ വേർതിരിക്കും. അങ്ങിനെ വേർതിരിക്കുമ്പോൾ ഒരു കാര്യം ബോദ്ധ്യമാകും. മസ്തിഷ്കത്തിനും മനസ്സിനും വെളിയിലുള്ള എന്തും അളന്നു തിട്ടപ്പെടുത്തലിനു വിധേയമാണ്. എന്നാൽ ഇന്ദ്രിയാനുഭവങ്ങളും അനുഭൂതികളും അളന്നോ തൂക്കിയോ പരിശോധിക്കുവാനാവുകയില്ല. മാത്രവുമല്ല അതു വ്യക്തികളിൽ നിന്നു വ്യക്തികളിലേയ്ക്ക് വ്യത്യാസപ്പെട്ടുമിരിക്കും. അളവുകൾക്കു വിധേയമായ കാര്യങ്ങൾ അളന്നു തീർച്ചപ്പെടുത്താം. വലിയ തർക്കങ്ങളുണ്ടാവുകയില്ല. എന്നാൽ അഭിരുചികളിലെ വ്യത്യാസങ്ങൾമൂലവും മുൻവിധികൾ മൂലവും രണ്ടാമത്തേത് വാദപ്രതിവാദങ്ങളെ ക്ഷണിച്ചുവരുത്തും. എന്നിരുന്നാൽത്തന്നെ വികാരങ്ങൾക്കടിമപ്പെടാതെ, നിസ്സംഗമായി കാര്യങ്ങളെ സമീപിച്ചാൽ ഒരുവിധം സത്യത്തിലേയ്ക്കെത്തിച്ചേരാം.

തലയ്ക്കു വെളിയിലല്ല, തലയ്ക്കകത്താണ് അറിവുകൾ എന്നായിരുന്നു അദ്ദേഹത്തിന്റെ യുക്തി. ഓർമ്മകളും ഭാവനയുമാണ് അനുഭവങ്ങളെ സ്ഫുടം ചെയ്ത് അറിവുകളാക്കുന്നത്. അനുഭവങ്ങളും അനുഭൂതികളും ആപേക്ഷികമാണെന്ന ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ അസ്ഥിരപ്പെട്ടുപോയ ബർക്കിലിയെ ഇന്നും തോളിലേറ്റുന്നവരുണ്ട്.

ഒരു മനുഷ്യന് ആശയങ്ങളുണ്ടാകാം, അഭിപ്രായങ്ങളുണ്ടാകാം, വിശ്വാസങ്ങളുണ്ടാകാം, പക്ഷെ അതിനെല്ലാം വസ്തുതകളുമായി ബന്ധമുള്ളതായിക്കൊള്ളണമെന്നില്ല. ചോദ്യം ചെയ്യാതെ ഒന്നും അംഗീകരിക്കുകയുമില്ല. ഇതായിരുന്നു ഡേവിഡ് ഹ്യൂമിന്റെ നിലപാട്. അളന്നും, തൂക്കിയും, പരീക്ഷിച്ചും, നിരീക്ഷിച്ചും ഉറപ്പുവരുത്താതെ, തെളിവിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരംഗീകാരവും നടപ്പില്ല. നിനവുകളെ നമ്പാനാവില്ല. അടിഞ്ഞുകൂടുന്ന അനവധി അറിവുകളിൽ നിന്ന് അരിച്ചരിച്ചാണ് സത്യത്തെ വേർതിരിക്കുന്നത്. വിശ്വാസങ്ങളുടെയും മിഥ്യാധാരണകളുടെയും തടസ്സങ്ങളിൽ തട്ടിത്തടയുന്ന പ്രാചീന ചിന്തകളിൽ നിന്ന് ഉചിതമായത് ചികഞ്ഞെടുക്കുവാനുള്ള രീതിസമ്പ്രദായം രൂപീകരിച്ചവരാണ് ലോക്, ഹ്യൂം പ്രഭൃതികൾ. അതിഭൗതിക ചിന്തകളെ ചീന്തിയെറിഞ്ഞു കൊണ്ട്, വരാനിരിക്കുന്ന പ്രകൃതിയാഥാർത്ഥ്യതത്വവാദത്തെ സ്വാഗതംചെയ്യാനുള്ള വഴിയൊരുക്കി എന്നതാണവരുടെ സംഭാവന. അതൊരു തികവുറ്റ രീതിയായിരുന്നില്ലെങ്കിൽ തന്നെയും, ഒരു തുടർപരിഷ്കരണത്തിന്റെ സാധ്യത തുറന്നിട്ടു.

*****

# ഓ! ഈ ഹാർമോണിക്ക്സിന്റെ ഒരു കാര്യം

(അല്ലൻ പറഞ്ഞ കഥ)

**യു. എസ് രവീന്ദ്രൻ**

**അ**ന്നൊരു ഞായറാഴ്ചയായിരുന്നു. കാലത്തുതന്നെ ആരാധനാലയത്തിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന കാര്യം ഈശ്വരനെ അറിയിച്ച് നന്ദിപറഞ്ഞു വന്നതിനു ശേഷം ബ്രേക്ക്ഫാസ്റ്റ് കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോളാണ് ഓഫീസിൽ നിന്നും സീനിയർ ബോസ്സിന്റെ വിളി വന്നത്. 'മിസ്റ്റർ അല്ലൻ ഒന്നിവിടെ വരെ വരണം ഉടൻ' ഞായറാഴ്ച പതിവില്ലാതെയുള്ള വിളിയായതുകൊണ്ട് ഉടൻ വണ്ടിയെടുത്ത് ചെയർമാൻ ബോസ്സിന്റെ ഓഫീസിലെത്തി. ഒരു കൂട്ടം കൃഷിക്കാർ അവിടെ പരാതികളുമായി എത്തിയിരിക്കുന്നു. അവരുടെ ടെലിവിഷൻ സെറ്റുകളെല്ലാം കേടുവന്നു. ഇത് ആദ്യത്തെ തവണയല്ല. പലരും അഞ്ചും ആറും തവണ ടെലിവിഷൻ സെറ്റുകൾ റിപ്പയർ ചെയ്തവരാണ്. ചിലർ ഒരു പുതിയ ടിവി വാങ്ങാനുള്ള തുക വരെ റിപ്പയർ ചാർജ്ജുകളായി കൊടുത്ത് കഴിഞ്ഞു. മിക്കവാറും ശനിയാഴ്ചകളിലുള്ള റഗ്ബി മത്സരം കണ്ടുകൊണ്ടിരിക്കുമ്പോളാണ് ടിവി കേടുവരുന്നത്. ആദ്യമാദ്യം പലരും ഇത് തന്റെ മാത്രം പ്രശ്നമാണെന്നാണ് കരുതിയത്. ഗുണനിലവാരം കുറഞ്ഞ ടിവിയായതുകൊണ്ടാവാം എന്നാണ് വിചാരിച്ചത്. ടിവി റിപ്പയർ ഷോപ്പിൽ ഞായറാഴ്ചകളിൽ പരസ്പരം കണ്ടുമുട്ടുമ്പോഴാണ് ഇതു ഒരു പൊതു പ്രശ്നമാണെന്നും എല്ലാവരും കൂടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്നും തീരുമാനിച്ചത്. അങ്ങിനെയാണ് പ്രശ്നം ചെയർമാന്റെ അടുത്തെത്തിയതും അല്ലനെ വിളിപ്പിച്ചതും. 'ഉടനെ തന്നെ ലൈനിൽ പോയി എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ എന്ന് നോക്കി പരിഹരിക്കണം'. അല്ലനെയും കൂട്ടുകാരനേയും ചുമതലപ്പെടുത്തികൊണ്ട് ചെയർമാൻ ഉത്തരവിട്ടു.

സൗത്ത് ആഫ്രിക്കയിലെ Escom കമ്പനിയിലെ ആപ്ലിക്കേഷൻ എഞ്ചിനിയറായിരുന്നു അല്ലൻ പുർട്ടൺ. 1977ൽ ടെലിവിഷൻ സെറ്റുകൾ സാധാരണയായതോടെയാണ് പ്രശ്നം തുടങ്ങിയത്. ഒരു സാധാരണക്കാരൻ ടിവി കേടു വന്നു എന്നു പറയുമ്പോൾ പ്രശ്നം കാര്യമായി എടുക്കാറില്ല. കൂട്ടപരാതി ചെയർമാന്റെ അടുത്തെത്തിയപ്പോൾ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന അവസ്ഥയിലായി. അല്ലനും സഹപ്രവർത്തകനും കൂടി കുറച്ചു ഉപകരണങ്ങളുമായി പരാതിക്കാരുടെ ഭാഗത്തേക്കു പോകുന്ന ലൈൻ ടെസ്റ്റ് ചെയ്തു. ടെസ്റ്റുകൾ നടത്തിയിരുന്നത് ബുധനാഴ്ച വ്യാഴാഴ്ച ദിവസങ്ങളിലായിരുന്നു. സാധാരണയിൽ കുറച്ചു കൂടുതൽ ഹാർമോണിക്ക്സ്‌ലവൽ ഉണ്ടായിരുന്നു എന്നതല്ലാതെ പ്രത്യേകിച്ച് വിശേഷങ്ങൾ ഒന്നും ടെസ്റ്റിൽ കണ്ടില്ല. ശനിയാഴ്ചകളിലാണ് ടിവികൾ കേടുവരാറുള്ളത് എന്ന് കൃഷിക്കാർ ഊന്നി പറഞ്ഞപ്പോൾ അടുത്ത ശനിയാഴ്ചകളിൽ ലൈൻ ടെസ്റ്റുചെയ്യാൻ തീരുമാനിച്ചു. അങ്ങിനെ ഒരു ശനിയാഴ്ച കൃത്യം പതിനൊന്നു മണിക്ക് ടെസ്റ്റുകൾ ആരംഭിച്ചു. എല്ലാ വിവരങ്ങളും റെക്കോഡ് ചെയ്തു. പ്രത്യേകിച്ച് ഒരു വിശേഷവും കണ്ടില്ല. റഗ്ബി കളി തുടങ്ങുമ്പോഴാണ് ടിവി കേടുവരാറുള്ളത് എന്ന് വേറൊരു ശനിയാഴ്ച ഒരു കൃഷിക്കാരൻ പറഞ്ഞപ്പോൾ കളി തുടങ്ങുന്ന രണ്ടു മണിവരെ ലൈനിലെ മാറ്റങ്ങൾ ഉപകരണങ്ങളിലൂടെ ശ്രദ്ധിച്ചു കൊണ്ടിരുന്നു. രണ്ടു മണിയായപ്പോൾ അതാ അവൻ വില്ലൻ വരുന്നു. അതുവരെ ഏതാണ്ട് മൂന്നുനാലു ശതമാനം മാത്രമുണ്ടായിരുന്ന ഹാർമോണിക്സ് എട്ട്- പതിനഞ്ച്- ഇരുപത്തഞ്ച് - മുപ്പത്തിമൂന്ന് എന്നീ ലവലുകൾ മറികടന്ന് ഇരുപതു മിനി

ട്ടുകൾക്കുള്ളിൽ നാൽപ്പത്തിനാല് ശതമാനം വരെയായി. ഈ സമയത്ത് ഹാർമോണിക്ക്സ് റെക്കോഡറിന്റെ പവർ സപ്ലെയും കേടുവന്നു. അടുത്ത ഇരുപതു മിനിട്ടുകൾക്കുള്ളിൽ കാര്യങ്ങൾ സാധാരണ ഗതിയിലായി. പക്ഷെ ഇതിനകം കൃഷിക്കാരുടെ ടെലിവിഷൻ സെറ്റുകളെല്ലാം കേടുവന്നു കഴിഞ്ഞിരുന്നു.

'ശനിയാഴ്ചകളിൽ എന്താണ് സംഭവിക്കുന്നത് എന്നു കണ്ടുപിടിക്കാൻ ഞങ്ങൾക്ക് കൂടുതൽ ആലോചിക്കേണ്ടി വന്നു.' അല്ലൻ തുടരുന്നു. അടുത്തുള്ള 33KV/11KV ലൈനിൽ നിന്നും കൃഷിക്കാർക്ക് 11KV/380V പോൾ മൌസ് ട്രാൻസ്ഫോമർ വഴിയാണ് വൈദ്യുതി കിട്ടി കൊണ്ടിരുന്നത്. ഇതേ 33KV/11KV ശൃംഖല അടുത്തിടെ വൈദ്യുതീകരിച്ച റെയിൽവേ ട്രാക്ക്ഷൻ ലൈനിലേക്ക് നീട്ടിയിരുന്നു. നോർത്തേൺ കേപ്പിൽ നിന്നും സാൽദാനാ ബേയിലേക്ക് മൂന്നു ഇലക്ക്ട്രിക്ക് ഗുഡ്സ്ട്രെയിനുകൾ ഇരുമ്പയിര് കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്നു. ഉദ്ദേശം 25 MVA ലോഡ് വരും എല്ലാം കൂടെ. അവയുടെ ട്രാക്ക്ഷൻ മോട്ടോറുകൾ 12 പോൾ തൈറിസ്റ്റർ സ്വിച്ച് സിസ്റ്റത്തിലാണ് പ്രവർത്തിച്ചിരുന്നത്. അവിടെ നിന്നാണ് പ്രശ്നത്തിന്റെ മൂലകാരണമായ ഉയർന്ന ലവലിലുള്ള $11^{th}$ ഹാർമോണിക്ക്സിന്റെ ഉത്ഭവം.

ശനിയാഴ്ച ദിവസങ്ങളിൽ മൂന്നു പുഷ്പുൾ എഞ്ചിൻ ഘടിപ്പിച്ച ഏകദേശം ഒരു കിലോമീറ്റർ നീളം വരുന്ന ഇലക്ട്രിക്ക് ഗുഡ്സ് ട്രെയിൻ, ലൈൻ ടാപ്പ് ചെയ്യുന്ന 'T' പോയന്റിൽ വരുമ്പോഴാണ് പ്രശ്നങ്ങൾ ഉദിക്കുന്നത്. സാധാരണ ദിവസങ്ങളിൽ കൃഷിയിടങ്ങളിലെ പമ്പുകളും ഡ്രയറുകളും വീട്ടുപകരണങ്ങളും എല്ലാം കൂടി മിക്കവാറും എല്ലാ ഹാർമോണിക്ക്സിനേയും ഉൾക്കൊണ്ടുകൊള്ളും. അതുകൊണ്ട് ടിവിക്ക് കുഴപ്പം വരാറില്ല. ശനിയാഴ്ചകളിൽ എല്ലാവരും എല്ലാ പമ്പുകളും, ഡ്രയറുകളും, വീട്ടുപകരണങ്ങളും എല്ലാം ഓഫ് ചെയ്ത് റഗ്ബി കളി കാണാൻ ടിവിക്ക് മുൻപിൽ ഇരിക്കുമ്പോൾ ഉയർന്ന ഹാർമോണിക്ക്സിനേ ഉൾക്കൊള്ളാൻ ടിവി മാത്രമേയുള്ളു. ടിവിക്ക് അതിനു കഴിയാതെ പോകുന്നു. അകത്തെ പല ഘടകങ്ങളും കേടുവരുന്നു. പ്രശ്നം നേരത്തെ നിലനിന്നിരുന്നു എങ്കിലും ടിവിയുടെ ഉപയോഗം സാധാരണയായതു കൂടിയാണ് പ്രത്യക്ഷത്തിൽ ഉപഭോക്താകൾക്ക് ബുദ്ധിമുട്ടായത്.

കർഷകരുടെ നാശനഷ്ടങ്ങൾക്ക് Escom പരിഹാരം നൽകി. കർഷകർക്കു മാത്രമായ പുതിയ 11kv ശൃംഖല നിർമ്മിച്ചു കൊടുത്തു. എല്ലാം ഭംഗിയായി കലാശിച്ചു. ദീർഘനിശ്വാസത്തോടെ അല്ലൻ പറഞ്ഞു 'ഓ ഈ ഹാർമോണിക്ക്സിന്റെ ഒരു കാര്യം അല്ലേ?'

***Note:-***

എന്തെങ്കിലും വസ്തുക്കളിൽ മാലിന്യം കടന്നുകൂടിയാൽ മാലിന്യത്തെ അരിച്ചുകളഞ്ഞ് വസ്തുവിനെ ശുദ്ധീകരിക്കാറുണ്ടല്ലോ. മാലിന്യങ്ങൾ ഉള്ള വസ്തുക്കൾ ഉപയോഗിച്ചാൽ അത് ഉപയോഗിക്കുന്നവർക്ക് ദോഷം ചെയ്യും. അതു പോലെ വിദ്യുച്ഛക്തിയിലെ മാലിന്യമാണ് ഹാർമോണിക്ക്സ്. നല്ല ശുദ്ധമായ വിദ്യുച്ഛക്തി 230v± 5% at 50c/s ആണ്. അതായത് ഒരു സെക്കന്റിൽ 50 തവണ പോസിറ്റീവും നെഗറ്റീവും ആവർത്തിക്കപ്പെടുന്ന 230 വോൾട്ടോടു കൂടിയാണ് വീട്ടിലേക്കുള്ള ശുദ്ധമായ വൈദ്യുതി. എന്നാൽ 230 വോൾട്ടിൽ 5 ശതമാനം കൂടുതലോ 5ശതമാനം കുറവോ ആയാലും കുഴപ്പമില്ല. അതിൽ കൂടുതലാണെങ്കിൽ ഉപകരണങ്ങൾ കേടുവരാൻ സാധ്യത കൂടുതലാണ്. അതുപോലെ ആവർത്തി 50 എന്നതും കൂടുതലായലോ കുറവായാലോ അതും പ്രശ്നമാണ്. പലപല വൈദ്യുത ഉപകരണങ്ങളാണല്ലോ ഓരോരുത്തരും ഉപയോഗിക്കുന്നത്. ഇതിന്റെ പ്രതിഫലനമായി വൈദ്യുത ലൈനിൽ 50 ആവർത്തിയുള്ള വിദ്യുച്ഛക്തിയിൽ 150 ആവർത്തിയുടെയും 250 ആവർത്തിയുടെയും 350 ആവർത്തിയുടെയും തരംഗങ്ങൾ മാലിന്യങ്ങളായി കടന്നുകൂടുന്നു.

സാധാരണ വോൾട്ടേജ് കറന്റ് ബന്ധങ്ങൾ ഗണിച്ചെടുക്കാൻ സാധിക്കുമെങ്കിലും ഈ ഹാർമോണിക്ക്സ് എന്ന മാലിന്യം എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കുന്നു. ആധുനിക വൈദ്യുത കേന്ദ്രങ്ങളിൽ ഈ ഹാർമോണിക്ക്സ് മാലിന്യത്തെ അരിച്ചെടുക്കാനുള്ള ഉപകരണങ്ങൾ ഉണ്ട്. വിദ്യുച്ഛക്തിയിലെ മാലിന്യമായ ഹാർമോണിക്കസിന്റെ ദോഷവശങ്ങളെല്ലാം വെളിപ്പെടുത്തലാണ് ഈ കഥയുടെ ഉദ്ദേശ്യം.

*****


# ആയുഷ്യം പോളി ക്ലിനിക്

നിങ്ങളുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യം പതിവായി നിരീക്ഷിക്കൂ...

## ആരോഗ്യത്തോടെയിരിക്കൂ..

**നിങ്ങൾക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ ഹെൽത്ത് ടെസ്റ്റ് പാക്കേജുകൾ**

| SL No. | Test Name | Rs. |
|---|---|---|
| 1. | Blood Sugar(FBS/PPBS/RBS) | 25.00 |
| 2. | Lipid Profile | 300.00 |
| 3. | Cholesterol | 70.00 |
| 4. | Triglycerides | 90.00 |
| 5. | HDL Cholesterol | 120.00 |
| 6. | Liver Function Test | 300.00 |
| 7. | R F T | 300.00 |
| 8. | Bilirubin (Total&Direct) | 70.00 |
| 9. | SGOT | 70.00 |
| 10. | SGPT | 70.00 |
| 11. | Alkaline Phosphatase | 70.00 |
| 12. | Protiens Total (Proteins Total, Albumin, A:G.Ratio) | 60.00 |
| 13. | Urea | 70.00 |
| 14. | Creatinine | 60.00 |
| 15. | Calcium | 80.00 |
| 16 | Uric Acid | 80.00 |
| 16 | Complete Blood Count | 125.00 |
| 17. | Blood Routine (HB,TC,DC,ESR) | 100.00 |
| 18. | Urine Routine | 65.00 |
| 19. | Platelet Count | 80.00 |

| SL No. | Test Name | Rs. |
|---|---|---|
| 20. | Urine Acetone | 20.00 |
| 21. | HBa1c | 250.00 |
| 22. | HB | 40.00 |
| 23. | TC | 50.00 |
| 24. | DC | 50.00 |
| 25. | ESR | 30.00 |
| 26. | CRP | 200.00 |
| 27. | VDRL | 125.00 |
| 28. | RA Factor | 225.00 |
| 29. | ASO | 250.00 |
| 30. | TSH | 130.00 |
| 31. | Thyroid Function Test | 200.00 |
| 32 | ECG | 130.00 |
| **VITAMINS** | | |
| 33 | Vitamin D | 1000 |
| 34 | Vitamin B12 | 1000 |
| **HORMONE TESTS** | | |
| 35. | TFT (Thyroid Function Test) | 200 |
| 36. | PSA (Prostatic Specific Antigen) for male only | 350 |
| 37. | CA.125 (Ovarian cancer marker) for female only | 500 |
| 38. | CA.15-3 (Breast cancer marker) | 800 |

**Home service - 7994771110**

# കൈകേയി

അംബുജാക്ഷി. പി. - 9447577652

*(തുടർച്ച)*

**വ**നത്തിൽ നിന്ന് രാമനെ തിരിച്ചുകൊണ്ടു വരാനായിരുന്നു ശ്രമം. പക്ഷെ, എന്റെ രാമനുണ്ണിയെ എനിക്കറിയാം. ഉണ്ണി അച്ഛന്റെ വാക്കു പാലിക്കുകതന്നെ ചെയ്യും.

ഭരതന്റെ ആഗ്രഹത്തിനു വഴങ്ങി എല്ലാവരും വനയാത്രക്ക് തയ്യാറായി. എനിക്കും രാമനുണ്ണിയെ കാണണമെന്നുണ്ട്. പക്ഷെ, ആരോട്, എങ്ങനെ പറയും? ഒടുവിൽ കൗസല്യാദേവി എന്റെ മനസ്സറിഞ്ഞു. എന്നേയും ഒപ്പം കൂട്ടി.

വിപുലമായ ഒരുക്കത്തോടെയായിരുന്നു വനയാത്ര. ഗംഗാനദികടന്നു. ഞങ്ങൾ ചിത്രകൂടത്തിൽ പ്രവേശിച്ചു. കല്ലും മുള്ളും നിറഞ്ഞ ആ കാട്ടുപാത എന്റെ ഉള്ളു പോലെ കുടിലവും കർക്കശവുമായിരുന്നു. ആ കാട്ടുവഴിയുടെ ഇരുവശത്തും പൂത്തുലഞ്ഞ വൃക്ഷലതാദികൾ! തേൻ കനികൾ പൊഴിക്കുന്ന വന്മരങ്ങൾ! ആടുകയും പാടുകയും ചെയ്യുന്ന കിളിക്കൂട്ടങ്ങൾ!

ബാഹ്യസൗന്ദര്യത്തിന്റെ ആന്തരിക കുടിലത. ഞാൻ എന്നെ തന്നെയാണ് ഓർത്തത്. പെട്ടെന്ന് സീതക്കുട്ടിയുടെ തളിരു പോലെയുള്ള കാലടികൾ ഓർത്തു. പവിഴക്കൊടി പോലെയുള്ള സുന്ദരശരീരം ഓർത്തു.

രാമനും ലക്ഷ്മണനും ബലയുടെയും അതിബലയുടെയും പരിശീലനമുണ്ട്. പാവം സീത... അവൾ എന്നെ ശപിച്ചിരിക്കുമോ....? എന്നെ കാണുമ്പോൾ ഒരു ദുഃശ്ശകുനം പോലെ മുഖം തിരിക്കുമോ.....?

പക്ഷെ....... ചിത്രകൂടത്തിൽ സംഭവിച്ചത് മറ്റൊന്നാണ്.

ആ സഹോദരന്മാരുടെ സ്നേഹം!

സഹോദരിമാരുടെ വാത്സല്യം!

ഗുരുജനങ്ങളോടുള്ള ആദരം!

അയോധ്യയിൽ വെറുപ്പിക്കുന്ന വിദ്വേഷത്തിനും സ്ഥാനമില്ല. അവിടെ

ധർമ്മവും സ്നേഹവും മാത്രം. അതിനൊരു കളങ്കമായി ഞാനൊരുത്തി!

രാമലക്ഷ്മണന്മാരും സീതയും ഓടിവന്ന് എന്നെ വണങ്ങി. പിതൃവിയോഗമറിഞ്ഞിട്ടും എന്നെ കുറ്റപ്പെടുത്താതെ രാമൻ.

അച്ഛന്റെ മരണം രാമനെ ഒരുപാടു വേദനിപ്പിച്ചു. ആ വേദനയിലും അദ്ദേഹത്തിന്റെ അപരകർമ്മങ്ങൾ അവർ വിധി പോലെ അനുഷ്ഠിച്ചു.

ഭരതൻ എന്തൊക്കെപ്പറഞ്ഞിട്ടും രാമൻ തന്റെ നിശ്ചയത്തിൽ ഉറച്ചുനിന്നു.

'പതിന്നാലുകൊല്ലം കഴിയാതെ ഞാൻ അയോദ്ധ്യയിലേക്ക് ഇല്ല, അനുജാ'

'ജ്യേഷ്ഠനില്ലാത്ത അയോദ്ധ്യയിൽ ഞാനും പ്രവേശിക്കില്ല.' ഭരതന്റെ ശംഖൊലി പോലെയുള്ള വാക്കുകൾ.

'ഉണ്ണീ, നാം രണ്ടുപേരും പിതാവിന്റെ സത്യം പാലിച്ചേ മതിയാകൂ. തിരിച്ചു പോകൂ. രാജ്യം സനാഥമാക്കൂ. വനവാസം കഴിഞ്ഞ് തിരിച്ചെത്തിയശേഷം ഞാൻ നിന്നിൽ നിന്ന് രാജ്യഭാരം ഏറ്റുവാങ്ങാം.' രാമൻ അനുജനെ നിർബന്ധിച്ചു.

'ജ്യേഷ്ഠാ, പൈതൃകമായ രാജ്യം ഞാൻ അച്ഛനോട് ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെടാൻ അമ്മയെ പ്രേരിപ്പിച്ചിട്ടുമില്ല. ജ്യേഷ്ഠന്റെ വനവാസം ഞാൻ ഒരിക്കലും സാധൂകരിക്കില്ല. പതിന്നാലുകൊല്ലം ഞാൻ കാട്ടിൽ താമസിക്കാം.'

ഭരതന്റെ വാക്കുകൾ രാമനിൽ ഒരു ചലനവും ഉണ്ടാക്കിയില്ല.

'ഉണ്ണീ, പിതാവിന്റെ ക്രയവിക്രയങ്ങളോ ഈടുവയ്പ്പുകളോ മാറ്റിമറിക്കാൻ നമുക്ക് അവകാശമില്ല. കൈകേയിയമ്മയുടെ ആവശ്യം ന്യായം തന്നെ. അച്ഛൻ ചെയ്തത് ഉത്തമം തന്നെ. സത്യം പാലിച്ചുകഴിഞ്ഞാൽ ഞാൻ തിരിച്ചുവരും. ഉത്തമനായ രാജാവായി ഭരണം തുടരും. നിന്റെ അമ്മ അയോദ്ധ്യയുടെ മാനം കാത്തു, ഭരതാ. അതു നീ മറക്കരുത്. മാത്രമല്ല, ചന്ദ്രൻ നിലാവിനെ ഉപേക്ഷിക്കാം. ഹിമാ

ലയം ഹിമത്തെയും. പക്ഷെ.... ഈ രാമൻ പിതാവിന്റെ സത്യത്തെ പാലിക്കുക തന്നെ ചെയ്യും.'

രാമന്റെ വാക്കുകളിൽ നിശ്ചയദാർഢ്യം. 'ജ്യേഷ്ഠാ, ഞാൻ അങ്ങയെ അനുസരിക്കാം. പക്ഷെ, അയോദ്ധ്യാനഗരിക്കു പുറത്തായിരിക്കും എന്റെ വാസം. അവിടെ രാജകീയമായ ആഡംബരങ്ങളോ അലങ്കാരങ്ങളോ ഒന്നും ഉണ്ടായിരിക്കില്ല. വെറും ഒരു പർണ്ണശാല. അവിടെ ജടാവല്ക്കലധാരിയായി ഞാൻ ഉണ്ടായിരിക്കും.' ഭരതൻ പറഞ്ഞു.

അപ്പോൾ പിന്നിൽ നിന്നൊരു മൃദ്യുവായ മൊഴി.

'എന്റെ ജ്യേഷ്ഠത്തി സീതയെപ്പോലെ ഞാനും കൂടെയുണ്ടാകും.' മാണ്ഡവിയായിരുന്നു അത്. ഭരതൻ ഒന്നു തിരിഞ്ഞുനോക്കിയശേഷം തുടർന്നു. 'അങ്ങയുടെ പ്രതിനിധിയായിട്ട്, അങ്ങയുടെ പാദപൂജചെയ്തുകൊണ്ട്.' ഒന്നു നിർത്തിശേഷം ഭരതൻ തൊഴുതു കൊണ്ട് പറഞ്ഞു. 'ജ്യേഷ്ഠാ, ആ പാദുകങ്ങൾ എനിക്കു തരണേ. അവയെ സിംഹാസനത്തിൽ പ്രതിഷ്ഠിച്ച്, പൂജിച്ച്, അവയുടെ ദാസനായിട്ടായിരിക്കും ഞാൻ രാജ്യം ഭരിക്കുന്നത്. എന്നോടു അത്രയെങ്കിലും കരുണ കാണിച്ചുകൂടെ?'

'ജ്യേഷ്ഠാ, തരൂ, ആ പാദുകങ്ങൾ എനിക്കു തരൂ. അവയെ ശിരസ്സിലേറ്റി ഞാൻ തിരിച്ചു പോകട്ടെ. ആശ്രമത്തിലെ പീഠത്തിൽ പ്രതിഷ്ഠിക്കട്ടെ.' ഭരതൻ വീണ്ടും അഭ്യർഥിച്ചു.

'ഉണ്ണീ, നീയെന്നെ അദ്ഭുതപ്പെടുത്തുന്നുവല്ലോ. നിന്നെപ്പോലെ ഒരനുജനെ കിട്ടാൻ ഞാൻ എന്തുമാത്രം പുണ്യം ചെയ്തിട്ടുണ്ടായിരിക്കും. നിന്റെ ഈ ഭ്രാതുസ്നേഹം ലോകം മുഴുവൻ വാഴ്ത്തിപ്പാടും. ഞാൻ ഭരതാഗ്രജൻ എന്ന പേരിൽ അറിയപ്പെടും.'

വാത്സല്യത്തോടെ രാമൻ തന്റെ പാദുകങ്ങൾ ഭരതനു നൽകി. അവ ഭക്തിപൂർവ്വം സ്വീകരിച്ച്, ശിരസ്സിൽ വെച്ച് ഭരതൻ രാമനെ പ്രദക്ഷിണം ചെയ്തു.

'പതിന്നാലുകൊല്ലം ഞാൻ നന്ദിഗ്രാമത്തിൽ താപസവൃത്തിയോടെ രാജ്യകാര്യങ്ങൾ നോക്കും. കാലാവധി കഴിഞ്ഞ് പിറ്റേന്നു തന്നെ അങ്ങ് അവിടെയെത്തിയില്ലെങ്കിൽ ഞാൻ സ്വയം അഗ്നിയിൽ ശരീരം ഹോമിക്കും.' ഭരതന്റെ വാക്കുകൾ.

'ഉണ്ണീ, വനവാസം അവസാനിച്ച ഉടൻ ഞാൻ ഓടിയെത്തും. പിന്നെ അഭിഷേകം.' രാമൻ അനുജനെ ആശ്വസിപ്പിച്ചു. സഹോദരന്മാർ പരസ്പരം ആശ്വസിപ്പിച്ചും ആലിംഗനം ചെയ്തും ആ വിടവാങ്ങൽ ഹൃദയസ്പർശിയായിരുന്നു.

രാമനും സീതയും ഏറെ നേരം എന്റെ അടുത്തുതന്നെയായിരുന്നു. എന്നെ മനസ്സിലാക്കുന്ന, എനിക്കു പിറക്കാത്ത മക്കൾ! പതിവുപോലെ തന്നെ രാമൻ എന്നെ ഇടംകയ്യിൽ തഴുകുന്നുണ്ടായിരുന്നു. ഉണ്ണി എത്രമഹാനാണ്!

'അനുജാ, കാമം കൊണ്ടോ, ലോഭം കൊണ്ടോ ഭവാനുവേണ്ടി അമ്മ ചെയ്തതിനെ നീയൊരിക്കലും വെറുപ്പോടെ കാണരുത്. അമ്മയെ ബഹുമാനിക്കുക. സ്നേഹിക്കുക. ആശ്വസിപ്പിക്കുക. പിതൃമരണത്തിൽ ഏറെ ദുഃഖിക്കുന്ന കൈകേയീ മാതാവിനെ നന്നായി സംരക്ഷിക്കുമെന്ന് നീ എന്നെയും സീതയേയും ആണയിട്ട് സത്യം ചെയ്യൂ.'

എന്നെ ചേർത്തുപിടിച്ചാണ് രാമനുണ്ണി ഭരതനോട് പറഞ്ഞത്. ആരെന്നെ നിന്ദിച്ചാലും എന്റെ ഉണ്ണി എനിക്ക് താങ്ങായി ഉണ്ടാവും. സ്വയം തീർത്ത ഈ തടവറയിൽപ്പോലും അത്തരം സന്ദർഭങ്ങൾ എന്നിൽ ഉളവാക്കിയ ഓർമ്മകളുടെ ശീതളിമയ്ക്ക് എന്ത് സുഖം!

ഇന്ദ്രിയങ്ങളുടെ ശക്തി ക്ഷയിക്കുന്നു. രൂപരസഗന്ധശ്രവണസ്പർശങ്ങൾ ദുർബ്ബലമായിരിക്കുന്നു. എന്നാലും രാമന്റെ രൂപം ഞാൻ കാണുന്നു. സാന്ത്വനം അറിയുന്നു. ഗന്ധം അനുഭവിക്കുന്നു!

ഓർമ്മകൾക്ക് പൂർവാപരത്വം ഇല്ലാതായോ? എല്ലാം കീഴ്മേൽ മറിയുന്നതുപോലെ. പക്ഷെ, എവിടെ നിന്നെങ്കിലും രാമൻ എന്ന പേരുകേട്ടാൽ എനിക്ക് ഒരു ശക്തിതോന്നും. എന്നും രാമൻ എന്നെ ആനന്ദിപ്പിച്ചിരുന്നു. വേദനിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്റെ സ്വന്തം പുത്രൻ.

അല്ലെങ്കിൽപ്പിന്നെ എന്തിന് അങ്ങനെയൊരു ശപഥം ചെയ്തു.

'ജ്യേഷ്ഠനുപേക്ഷിച്ച അയോധ്യയിൽ ഞാൻ പ്രവേശിക്കില്ല. ജ്യോഷ്ഠനോടൊപ്പം

മാത്രമെ ഇനി അയോധ്യയിൽ പ്രവേശിക്കുകയുള്ളൂ. അതുവരെ ഞാൻ നന്ദിഗ്രാമത്തിൽ ഒരു പർണ്ണശാലയിൽ താമസിക്കും. അവിടെ രാമപാദുകങ്ങൾ പ്രതിഷ്ഠിച്ച് രാമന്റെ പ്രതിനിധിയായി നാടുവാഴും. ജ്യേഷ്ഠനെപോലെ തന്നെ താപസവൃത്തിയിൽ ജീവിക്കും.' ഭരതന്റെ തീരുമാനം അതായിരുന്നു.

പുത്രവധുവിന്റെ നിലപാടും അതു തന്നെ. ഞങ്ങളെ അയോധ്യയിലേക്കയച്ച് ഭരതൻ ശത്രുഘ്നനോടും ഗുരുജനങ്ങളോടും ഇങ്ങനെ പറഞ്ഞു.

'ആചാര്യന്മാരെ, അമാത്യന്മാരേ, പ്രിയപ്പെട്ട ശത്രുഘ്ന, ഞാൻ നന്ദിഗ്രാമത്തിലേക്ക് പോകുന്നു. അവിടെത്താമസിച്ചുകൊണ്ട് ഞാൻ നാടുവാഴാം. അങ്ങനെയെങ്കിലും ജ്യേഷ്ഠന്റെ വനവാസത്തിന്റെ പ്രായശ്ചിത്തം ചെയ്യാൻ കഴിയട്ടെ. ശത്രുഘ്നാ, നീ അമ്മമാരേയും മറ്റുള്ള അന്തഃപുരജനങ്ങളെയും പരിചാരകവൃന്ദത്തേയും സംരക്ഷിക്കുക.'

പാദുകങ്ങൾ ശിരസ്സിൽവെച്ചു നടന്നകലുന്ന ഭരതനെ മാണ്ഡവി ഒരു നിഴൽ പോലെ അനുഗമിച്ചു. കുലധർമ്മമറിയുന്ന കുലവധുക്കൾ. എനിക്കിതൊന്നും അറിയാൻ ആവില്ലല്ലോ. ഞാൻ ഒരു പിടിവാശിക്കാരിയുടെ മകളല്ലേ. ഭർത്താവിന്റെ ജീവൻ പോയാലും തന്റെ കാര്യം സാധിക്കണമെന്ന് വാശിപിടിച്ച അമ്മയുടെ മകൾ. കുലധർമ്മപത്നീത്വമൊന്നും എനിക്ക് പരിചയമില്ല. കാര്യകാര്യവിചാരത്തിലും യുദ്ധത്തിലുമൊക്കെ ഞാൻ മഹാരാജാവിനെ സഹായിച്ചിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ ഇഷ്ടങ്ങൾ കാര്യങ്ങളും അനിഷ്ടങ്ങൾ അകാര്യങ്ങളുമായിരുന്നു. പിന്നെ രൂപലാവണ്യം. അതിൽ ലക്ഷ്മീതുല്യയാണ്. അതുകൊണ്ടായിരുന്നല്ലോ ഞാൻ രാജാവിന്റെ രൂപമാലിനിയായതും. ഞാൻ എന്നും എന്നെ സ്നേഹിച്ചു. പക്ഷെ, ഇന്നെന്റെ പുത്രവധുവിന്റെ മുമ്പിൽ ഞാൻ തോറ്റുപോയി.

എന്റെ മകൻ എന്നെ തോൽപ്പിച്ചു!

പുത്രവധുവും പരാജയപ്പെടുത്തി!

രാമൻ ശയിക്കുന്ന മണൽത്തിട്ടയേക്കാൾ ഉയരം കുറഞ്ഞ ഒരിടത്ത് വെറും നിലത്താണത്രെ ഭരതൻ കിടന്നിരുന്നത്. അതിനടുത്ത്, അതിനേക്കാൾ താഴ്ന്ന നിലത്ത് മാണ്ഡവിയും! അവരുടെ ആ ത്യാഗത്തിന്റെ, സ്നേഹത്തിന്റെ, സഹനത്തിന്റെ, മുമ്പിൽ ഈ സ്വാർഥമതിയായ രൂപമാലിനി തോറ്റുപോകുന്നു! ദിവസങ്ങളും മാസങ്ങളും ഋതുക്കളുമൊക്കെ ഓടിപോയിരിക്കാം. ബാഹ്യലോകവുമായി വലിയ ബന്ധമൊന്നുമില്ലല്ലോ. ഇടക്കെങ്ങാനും കൗസല്യയും സുമിത്രയും വരും. പരസ്പരം ആശ്വസിപ്പിക്കും... കണ്ണീർവാർക്കും... തഴുകിത്തലോടി ഓരോ കഥകൾ പറഞ്ഞിരിക്കും. ചിലപ്പോൾ ഊർമ്മിളയും കൂടെയുണ്ടാകും. പുഞ്ചിരി മാഞ്ഞ ആ മുഖം എന്നെ കൂടുതൽ അസ്വസ്ഥമാക്കുന്നു. പാവം കുമാരി. ഇവിടെ എല്ലാവരും പരസ്പരം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. ഞാൻ മാത്രമെന്തേ ഇങ്ങനെയാവാൻ?

ശത്രുഘ്നനും ശ്രുതകീർത്തിയും കൊട്ടാരത്തിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നു. അമ്മമാർ പൂജയും വ്രതവുമായി കഴിയുന്നു.

ഞാൻ മാത്രം ഇങ്ങനെ ഉരുകിയുരുകി....... എല്ലാവരിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നതുകൊണ്ടാവാം ഞാനൊരു ജീവച്ഛവമായി മാറിയത്. മരവിച്ച മനസ്സ്, വരണ്ട കണ്ണുകൾ, ഓജസറ്റ മുഖം, ചുമരിലെ കണ്ണാടികളിൽ ഒരു രൂപം പതിയും. അവിടെ മറ്റാരുമില്ലാത്തതിനാൽ ഞാൻ കരുതും, അതെന്റെ പ്രതിരൂപമാണെന്ന്.

അങ്ങനെയിരിക്കെ ദാസിമാരാരോ പറയുന്നതു കേട്ടു.

'രാജകുമാരൻ പോയിട്ട് പതിമൂന്നു കൊല്ലം കഴിഞ്ഞു. ഇനി ഒരു കൊല്ലം കൂടികഴിഞ്ഞാൽ അവരെത്തുമല്ലോ.'

അവ്യക്തമാണെങ്കിലും ഞാനതുകേട്ടു. കുറ്റ ബോധമോ? സങ്കടമോ? സന്തോഷമോ? എന്തായിരുന്നു എന്റെ ചത്തമനസ്സിലെ വികാരം?

എന്നാലും എന്റെ രാമനുണ്ണി തിരിച്ചുവരുമല്ലോ എന്ന ഒരാശ്വാസം. കാലത്തിന്റെ മഹാപ്രവാഹത്തിൽപ്പെട്ട ഞാൻ ഒരു പുൽത്തുരുമ്പ് കിട്ടിയപോലെ ആശ്വസിച്ചു.

പക്ഷെ, എനിക്ക് ആശ്വസിക്കാൻ സമയമായിട്ടില്ല കാലം എനിക്കുവേണ്ടി കാത്തുവച്ചത് ശുഭവാർത്തകളായിരുന്നില്ല.

സംഭവങ്ങളൊന്നും വ്യക്തമായിരുന്നില്ല. ഒരു കൊല്ലം കഴിഞ്ഞാൽ എന്റെ ഉണ്ണി എത്തു

മല്ലോ എന്ന സന്തോഷത്തിലായിരുന്നു അയോധ്യ മുഴുവൻ. അമ്മമാരും പുത്രന്മാരും വധൂജനങ്ങളു മൊക്കെ വ്രതത്തിലും പൂജയിലുമായിരുന്നു.

പക്ഷെ, കൊട്ടാരത്തിൽ പടർന്ന മൂകത എന്നെ അസ്വസ്ഥയാക്കിയിരിക്കുന്നു. എവിടെ നിന്നൊക്കെയോ അലയടിക്കുന്ന ഒറ്റപ്പെട്ട വാക്കുകൾ!

മാരീചൻ1
ശൂർപ്പണഖ!
രാവണൻ!
രാക്ഷസന്മാർ!
സീതാദേവി!

ആരും എന്നോടോന്നും പറയുന്നില്ല. എല്ലാവരും ഒഴിഞ്ഞുമാറുന്നു. അകന്നകന്നുപോകുന്നു. പക്ഷെ, അസ്വസ്ഥമായ മനസ്സിൽ പുത്രവധുവായ സീതയുടെ നിസ്സഹായരൂപം മിന്നിമറഞ്ഞു. ദുർബ്ബലമായ മനസ്സിൽ ഒരു പേടി.

'എന്റെ സീതക്കുട്ടി!"

'ദൈവമേ, എന്റെ പുത്രവധുവിന്റെ കാലിൽ ഒരു പോറൽ പോലും ഏൽക്കരുതേ. സർവാപരാധം ക്ഷമിക്കണേ.' ചിന്താജഢയായ എന്റെ മനസ്സിന് പൊള്ളലേറ്റപോലെ.

എന്തൊക്കെയോ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. എല്ലായിടത്തും മൂകത! എന്നെ കാണാനോ എന്തെങ്കിലും പറയാനോ ദാസിമാർപോലും മടിക്കുന്നു. ഞാൻ എല്ലാവർക്കും ഒരു ദുശ്ശകുനമായി മാറിയോ? ബോധാബോധമണ്ഡലങ്ങൾക്കിടയിൽചാഞ്ചാടുന്ന മനസ്സോടെ... കാലഗതിയറി യാതെ ഞാനും. ഒടുവിൽ വനവാസം അവസാനിച്ചു വെന്നും കുമാരന്മാർ തിരിച്ചുവന്നു വെന്നും അറിഞ്ഞു. എല്ലാവരും അവരെ വരവേൽക്കാൻ ഒരുങ്ങുന്നു. തീരെ അവശയായ എന്നെ പരിചാരികമാർ കാസല്യയുടെയും സുമിത്രയുടെയും അരികിൽ എത്തിച്ചു. എന്റെ മക്കളെ എനിക്ക് കാണണം. ക്ഷമ ചോദിക്കണം.

എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് രാമനുണ്ണി എന്റെ നേർക്ക് ഓടിവന്നു കാൽക്കൽ വന്ദിച്ച് എന്നെ ആലിംഗനം ചെയ്തു.

'എന്റെ പൊന്നുണ്ണീ,'ഗദ്ഗദത്തോടെ ഞാൻ അപേക്ഷിച്ചു.

'എന്നോട് ക്ഷമിക്കൂ ഉണ്ണീ, എന്റെ തെറ്റിന് എന്നെ തുറങ്കിലടക്കൂ. അയോധ്യയിലെ എല്ലാ സങ്കടങ്ങൾക്കും കാരണം ഈ പാപിനിയല്ലേ? നിങ്ങൾ എന്തെല്ലാം കഷ്ടതകൾ അനുഭവിച്ചു. എന്റെ ഈ മരുമകൾ എത്ര ദുഃഖിച്ചു. പറയാറുള്ളതുപോലെ ദണ്ഡകാരണ്യത്തിലേക്ക് നാടുകടത്തൂ. മകളേ, സീതേ, എന്നോടുപൊറുക്കണേ. നിന്റെ കൺമുന്നിൽ നിൽക്കാനുള്ള യോഗ്യത എനിക്കില്ലല്ലോ.

രാമനും സീതയും വീണ്ടും കാൽക്കൽ വണങ്ങി. 'അമ്മേ, അച്ഛന്റെ വാക്കുപാലിക്കാൻ വേണ്ടിയാണ് ഞങ്ങൾ കാട്ടിൽ പോയത്. യുദ്ധക്കളങ്ങളിൽ എന്ന പോലെ സത്യപാലനത്തിനും അച്ഛനെ സഹായിച്ചത് അമ്മയല്ലേ: അമ്മയെന്നും ഞങ്ങളുടെ പ്രിയപ്പെട്ട അമ്മമഹാറാണി തന്നെയാണ്. ഞങ്ങൾ എന്നും അമ്മയുടെ അരുമകുഞ്ഞുങ്ങളും. ശാസിക്കാനും ശിക്ഷിക്കാനും ഒക്കെ അവകാശമുള്ള അരുമമക്കൾ.' അവരുടെ വാക്കുകൾ എന്റെ ഉള്ളം തണുപ്പിച്ചുവോ? കുറെക്കാലമായി ചൂടും തണുപ്പും ഏൽക്കാതെ മരവിച്ചുപോയ മനസ്സ്. കരയാൻ പോലുമാവാതെ കല്ലിച്ചുപോയ മനസ്സ്. സീതയുടെയും രാമന്റെയും വാക്കുകൾക്കൊന്നും എന്നെ ആശ്വസിപ്പിക്കാൻ ആവില്ല എന്നറിയാം. എന്നാലും ഇത്തരം വാക്കുകൾ കേട്ടിട്ട് വർഷം കുറെയായി.

അഭിഷേകാവസരങ്ങളാലും ആഘോഷങ്ങളിലുമൊക്കെ ഉണ്ണി എന്നെത്തന്നെയായിരുന്നു മുന്നിൽ നിർത്തിയത്. കൗസല്യയുടെയും സുമിത്രയുടെയും പിന്നിൽ ഒതുങ്ങിക്കൂടാനാണ് ഞാൻ ശ്രമിച്ചത്. പക്ഷെ, രാമൻ എപ്പോഴും എന്നെ കൂടേ നിർത്തി. ആഘോഷങ്ങൾ അവസാനിക്കുമ്പോൾ ഞാൻ എന്റെ കെട്ടിലേക്ക്, അവിടത്തെ പ്രകാശപൂരിതമായ ഇരുട്ടിലേക്ക് ഒതുങ്ങും. ആരുടെയും കണ്ണിൽപ്പെടാതെ മങ്ങിയ, കീഴ്മേൽ മറിയുന്ന ഓർമ്മകളോടെ

കണ്ണിൽ ഇരുട്ടുകയറിത്തുടങ്ങി.

ഇനി കാണാൻ ഒന്നും ഇല്ല. അല്ലെങ്കിൽ എനിക്കൊന്നും കാണണ്ട, അറിയണ്ട, ആഗ്രഹങ്ങളും ഒടുങ്ങി. എന്റെ രാമനുണ്ണി രാജാവായല്ലോ. ഞാൻ എന്റെ മനസ്സിനെ കൊട്ടിയടക്കുന്നു.

*****

# ജീവിത ചിന്തകൾ

ഇന്ദിര ഗോപിമോഹൻ - 9847022564

## കുടുംബത്തിലെ വിളക്ക്.

സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക്. സ്ത്രീകൾ പരിശ്രമിച്ചാൽ കുടുംബം നന്നാകും. ഇന്ന് വിവാഹമോചനങ്ങൾ ദിനം പ്രതി വർദ്ധിച്ചു വരുന്നു. കുടുംബജീവിതത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് ശരിയല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. വിവാഹം കഴിക്കാനൊരുങ്ങുന്ന മക്കൾക്ക് സാഹചര്യത്തിന് അനുസരിച്ച് ജീവിക്കാനുള്ള ഉപദേശം കൊടുക്കണം. കുടുംബജീവിതത്തിൽ ഏറ്റവും പ്രധാനം വിട്ടുവീഴ്ചയാണ്. ഒരു കാര്യം നമ്മൾ ശ്രദ്ധിക്കണം. ഭാര്യയോ, ഭർത്താവോ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കിയാൽ ഉടനെ ഉപേക്ഷിക്കുന്നു. ഇതേ പ്രശ്നം മക്കളോ, അച്ഛനമ്മമാരോ കൂടപ്പിറപ്പുകളോ ചെയ്താൽ നമുക്ക് ഉപേക്ഷിക്കാൻ പറ്റുമോ? പ്രവൃത്തിയെ ഉപേക്ഷിക്കുകയല്ലാതെ വ്യക്തിയെ ഉപേക്ഷിക്കരുത്. എന്തെല്ലാം പ്രവൃത്തികൾ ആരിൽ നിന്നൊക്കെയാണ് വരിക എന്ന് നമുക്ക് പറയാൻ പറ്റില്ല. വ്യക്തിയുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കുകയാണെങ്കിൽ നാം നമ്മളെത്തന്നെ ശിക്ഷിക്കേണ്ടിവരും. പല നിസ്സാര കാര്യങ്ങളിൽ നിന്നാണ് വിവാഹമോചനം വരെ എത്തുന്നത്. രണ്ട് സാഹചര്യത്തിൽ ജീവിച്ച വ്യക്തികളായിരിക്കും ഭാര്യയും ഭർത്താവും. അവർക്ക് ഒന്നാകാൻ കുറച്ചു കാലതാമസം വരും. അന്യോന്യം ഇഷ്ടപ്പെട്ടാത്ത വാക്കുകളും പ്രവൃത്തികളും തീർച്ചയായും വരും. അത് സാധാരണമാണ് എന്ന സത്യം മനസ്സിലാക്കി ക്ഷമിച്ചുകൊണ്ട് സ്നേഹത്തോടെ, തെറ്റുണ്ടെങ്കിൽ പറഞ്ഞ് മനസ്സിലാക്കുക. ഇനി പറഞ്ഞാലും മനസ്സിലാവുന്നില്ലെങ്കിൽ അന്യോന്യം ക്ഷമിക്കണം. അത് അനുഭവത്തിൽകൂടി മനസ്സിലായി വരും.

എല്ലാറ്റിനേയും നേർവഴിയിൽ കൊണ്ടുവരാൻ സ്നേഹമാണ് ഏറ്റവും നല്ലവഴി. അതു നല്ല രീതിയിലിൽ ഉപയോഗിക്കണം. സ്നേഹം കാണിക്കൽ കൊഞ്ചിക്കളിക്കലല്ല. കൊഞ്ചൽ പക്വത ഇല്ലായ്മയാണ്. സ്നേഹം ഓരോ മനുഷ്യന്റെയും മനസ്സിന്റെ ഉള്ളിൽ നിന്നും വരുന്ന വികാരമാണ്. വികാരങ്ങളിൽ സ്നേഹത്തിനു മുകളിൽ മറ്റൊരു വികാരവുമില്ല. കുടുംബജീവിതം നെല്ലിക്ക തിന്നുന്നതുപോലെയാണ്. കയ്പ്പും ചവർപ്പും എല്ലാം ഉണ്ടാകുമെങ്കിലും തുപ്പാതെ വെച്ചാൽ നല്ല മധുരം കിട്ടും. അതുപോലെ ജീവിതത്തിലെ മധുരം കിട്ടാൻ കുടുംബം കൈവിടാതെ വെയ്ക്കുക. വേണ്ടാത്ത കാര്യത്തിന് വാശി പിടിക്കുന്നതുകൊണ്ടാണ് കുടുംബപ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഒരു പെൺകുട്ടിയെ ഭർത്താവിന്റെ വീട്ടിലേക്കാണ് കൊണ്ടുവരുന്നത്. അപ്പോൾ ആ പെൺകുട്ടിയെ വിഷമിപ്പിക്കാതെ ഭർത്താവും വീട്ടുകാരും സ്നേഹം കൊടുത്തും അവൾ വിവരക്കേട് കാണിക്കുന്നുണ്ടെങ്കിൽ സ്നേഹത്തോടെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചും പെരുമാറിയാൽ ഭാവിയിലെ കുടുംബപ്രശ്നങ്ങൾ 99 ശതമാനവും ഒഴിവാക്കാം. മക്കൾ കാണിക്കുന്നതും മരുമക്കൾ കാണിക്കുന്നതും ഒരുപോലെ കാണണം. അച്ഛനും അമ്മയും മക്കൾക്ക് സ്നേഹം കൊടുത്താൽ കുറച്ചെങ്കിലും തിരിച്ചു കിട്ടാതിരിക്കില്ല.

കൂടുതൽ പണത്തിനും, സ്വർണ്ണത്തിനും വില കൽപ്പിക്കാതെ മനുഷ്യന് കൂടുതൽ വില കൽപ്പിക്കുക. നമ്മുടെ കഴിവിനനുസരിച്ച് മതി ആഡംബരങ്ങൾ. വീട്ടുകാരെ ധിക്കരിച്ച് സ്നേഹമാണെന്ന് പറഞ്ഞ് വിവാ

ഹം കഴിക്കുന്ന ആൺകുട്ടികളും, പെൺകുട്ടികളും ഭാവിയിൽ കുടുംബപ്രശ്നങ്ങൾ നേരിടേണ്ടി വരും. ആ ധിക്കരിക്കുന്ന സ്വഭാവം കാലക്രമേണ ജീവിത പങ്കാളിയിലും അന്യോന്യം കാണിക്കും. ഇന്നത്തെ കാലത്ത് ബഹുമാനം എന്ന നാലക്ഷരത്തിന്റെ അർത്ഥം കുട്ടികൾക്ക് മനസ്സിലാവുന്നില്ല, അച്ഛനമ്മമാർ മനസ്സിലാക്കിക്കുന്നമില്ല. നമ്മളേക്കാൾ മൂത്ത ആൾക്കാരെ നമ്മൾ ബഹുമാനിക്കണം. അതെങ്ങനെയാണെന്ന് ഇപ്പോഴുള്ള മക്കൾ ചോദിക്കാം. കാരണം അവരത് എവിടെയും കാണുന്നില്ല.

കുട്ടികളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. പണ്ടത്തെപ്പോലെ തിരിഞ്ഞാലും, മറിഞ്ഞാലും ബഹുമാനിക്കുന്ന രീതി കുറെയൊക്കെ കാപട്യമാണ്. എന്നാൽ മുതിർന്നവരെ നമ്മൾ ബഹുമാനിക്കണം. ബഹുമാനത്തിൽ ഈശ്വരകൃപയുണ്ട്. അധികപ്രസംഗത്തിൽ ഈശ്വരകൃപയുണ്ടാകില്ല. നമ്മൾ മുതിർന്നവരോട് സംസാരിക്കുമ്പോൾ ഒരു കാര്യവും ആജ്ഞപോലെ പറയരുത്. അപേക്ഷപോലെയായിരിക്കണം.ആജ്ഞാസ്വരം അഹംഭാവമാണ്. എന്തിനും, എവിടെയും ഒരു അപേക്ഷസ്വരത്തിൽ കാര്യങ്ങൾ പറയുന്നത് ബഹുമാനത്തിന്റെ ലക്ഷണമായിരിക്കും. കുട്ടികൾ ഇതൊക്കെ നിർബന്ധമായും ശീലിക്കണം. അതിന് ആദ്യം അച്ഛനമ്മാർ മാതൃക കാണിച്ചുകൊടുക്കുവാനും പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുവാനും മനസ്സ് കാണിക്കണം. ജീവിത പങ്കാളിയെ അവരവർക്ക് തന്നെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും ജീവിതാനുഭവം മാതാപിതാക്കൾക്കുള്ളതുപോലെ കുട്ടികൾക്കില്ലാത്തതുകൊണ്ട് കുട്ടികൾ മനസ്സിലാക്കുന്നതിനേക്കാൾ സത്യാവസ്ഥകൾ മാതാപിതാക്കൾക്ക് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് അച്ഛനമ്മമാരുടെ സമ്മതത്തോടെ വിവാഹം കഴിച്ചാൽ കൂടുതൽ കുടുംബഭദ്രത ഉണ്ടാകും. ഇനി എങ്ങനെയെങ്കിലും വിവാഹം കഴിഞ്ഞെന്ന് വയ്ക്കുക. പ്രശ്നങ്ങൾ ഉണ്ടാക്കാത്ത ആൾക്കാരും ചിലപ്പോൾ പ്രശ്നങ്ങൾ ഉണ്ടാക്കും. അതിന് ദമ്പതികൾ അവസരം ഉണ്ടാക്കരുത്. നമ്മൾ ജീവിതം കൈകാര്യം ചെയ്യുന്നതുപോലെയാണ് പിന്നീട് കാര്യങ്ങൾ പോകുന്നത്. പ്രത്യേകിച്ച് പെൺകുട്ടികൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. കല്ല്യാണം കഴിഞ്ഞ് ഒന്നിച്ചു ജീവിക്കുമ്പോൾ ഭർത്താവിനെ അനാവശ്യമായി ഭരിക്കരുത്. രണ്ടുപേരും അന്യോന്യം വില കൽപ്പിക്കണം. അന്യോന്യം വ്യക്തിത്വങ്ങൾ അടിച്ചമർത്തരുത്. പിന്നെ വീട്ടുകാരെ ഭരിക്കാനും പാടില്ല. കാരണം ഒരു പെൺകുട്ടി വരുന്നതുവരെയും ഭർത്താവിന്റെ വീട്ടുകാർ ജീവിച്ചിട്ടുണ്ടെന്ന് ഓർക്കണം. വരുന്ന പെൺകുട്ടി അമിതമായി ഭരിച്ചാൽ വീട്ടുകാരുടെ രീതി മാറ്റേണ്ടിവരും. അതുകൊണ്ട് എടുത്തുചാടാതെ ഭർത്താവിന്റെ വീട്ടിലുള്ള രീതിയുമായി പെൺകുട്ടിയും, പെൺകുട്ടിയുമായി വീട്ടുകാരും സഹകരിച്ചുപോണം. ഒരാൾക്ക് ജന്മനാലുള്ള സ്വഭാവം വേറൊരാൾക്ക് മാറ്റാൻ പറ്റില്ലെന്ന സത്യം മനസ്സിലാക്കണം. ഭാര്യയെ ഭർത്താവും, ഭർത്താവിനെ ഭാര്യയും ഒരിക്കലും മറ്റുള്ളവരുടെ മുന്നിൽ വച്ച് വഴക്ക് പറയരുത്. അവരുടെ പ്രശ്നങ്ങൾ സമാധാനത്തോടെ അവരുതന്നെ തീർക്കണം. ദേഷ്യം തോന്നിയാലും ക്ഷമിക്കുക. എന്തു ചെയ്താലും ഭാര്യയും ഭർത്താവും കൂടി ആലോചിച്ച് ചെയ്താൽ രണ്ടുപേർക്കും മനസ്സിന് സംതൃപ്തി കിട്ടും.

പിന്നെ വിവാഹമോചനത്തെപറ്റി പറഞ്ഞാൽ ഭാര്യഭർത്താക്കന്മാർക്കു പറ്റുന്ന വിഡ്ഢിത്തരമാണിത്. നമ്മൾ വസ്ത്രവും വീട്ടുപകരണങ്ങളും മാറുന്നതുപോലെ ജീവിത പങ്കാളിയെ മാറ്റരുത്. അഴുക്കുപറ്റിയാൽ വലിച്ചെറിയാതെ കഴുകി എടുക്കുകയാണ് വേണ്ടത്. ജീവിത പങ്കാളിയിലും അഴുക്കുണ്ടെങ്കിൽ സ്നേഹംകൊണ്ട് കഴുകി എടുക്കുക. അല്ലാതെ വലിച്ചെറിയുകയല്ല വേണ്ടത്. ഒരിക്കൽ മാത്രമേ യഥാർത്ഥ ജീവിതപങ്കാളിയെ കിട്ടുകയുള്ളൂ. അതിനുള്ള കുറവുകൾ നേരെയാക്കി എടുക്കുകയാണ് ബുദ്ധി. അല്ലാതെ കുറവുള്ള ആളെ മാറ്റി പുതിയ ആളെ നോക്കിപോയാൽ പൊട്ടിയ സാധനം കൂട്ടിയോജിപ്പിച്ചാലുള്ള കലപോലെ ഒരു കല അവശേഷിക്കും. അതായത് യഥാർത്ഥ സ്നേഹം കിട്ടില്ല. ജീവിതം കഴുകിയെടുക്കാനുള്ള അഥവാ മനസ്സിലെ അഴുക്ക് കളയാനുള്ള ഏറ്റവും നല്ല വഴി ഈശ്വരചിന്തയാണ്.

*****

# ആത്മാനം ചേത് വിജാനീയാത്

## സി. നാരായണൻ

'ആത്മാനം ചേത് വിജാനിയാത്,
അയമസ്മീതി പൂരുഷഃ
കിമിച്ഛൻ കസ്യ കാമായ
ശരീരമനുസജ്ജ്വരേത് ?

(പുരുഷൻ, ആത്മാവിനെ ഇവൻ ഞാനാകുന്നുവെന്ന് സാക്ഷാത്ക്കരിച്ചാൽ, പിന്നീട് ആരുടെ എന്താഗ്രഹവും സാധിക്കാൻ അവൻ ശരീരത്തിലിരുന്നു തപിക്കും?) മേൽ കാണിച്ചിട്ടുള്ള ഉപനിഷദ് മന്ത്രത്തിന്റെ അർത്ഥവിചാരമാണല്ലോ നാം ചെയ്തുകൊണ്ടിരിക്കുന്നത്!! അതിൽ, നാമോരോരുത്തരും താനാണെന്നു കരുതുന്ന സത്തയാണ് പുരുഷ ശബ്ദം കൊണ്ടു വിവക്ഷിക്കപ്പെടുന്നത് എന്നു നാം കണ്ടു. ഈ പുരുഷ ശബ്ദത്തിനു ജീവൻ, ക്ഷേത്രജ്ഞൻ, ചിദാഭാസൻ എന്നിങ്ങനെ പര്യായമുള്ളതായും കണ്ടു. പുരുഷൻ അല്ലെങ്കിൽ ജീവനെന്നാൽ ഉപാധിഗതമായ ചൈതന്യമാണ്. അതായത് സാങ്കല്പികങ്ങളായ വിശേഷങ്ങൾ ആരോപിക്കപ്പെട്ട ചൈതന്യം.

'ചൈതന്യം യദധിഷ്ഠാനം
ലിംഗദേഹശ്ച യഃ പുനഃ
ചിച്ഛായാ ലിംഗദേഹസ്ഥാ
തൽസംഘോ ജീവ ഉച്യതേ (ലിംഗദേഹകല്പനക്കധിഷ്ഠാനമായ കൂടസ്ഥചൈതന്യവും, പിന്നെ ലിംഗദേഹവും, ലിംഗദേഹത്തിലുള്ള ചിൽപ്രതിബിംബവും ചേർന്ന സംഘാത)ത്തെയാണ് വേദാന്തത്തിൽ ജീവനെന്ന നാമധേയത്തിനാധാരം.

ഈ ജീവൻ അഥവാ പുരുഷൻ മനോബുദ്ധികളായ ലിംഗശരീരത്തിലും അവക്കു ഗൃഹമായ സ്ഥൂലശരീരത്തിലും ആത്മാബുദ്ധിവെച്ച് അവയുടെ പരിമിതികൾ തന്റെതാണെന്നു ഭ്രമിച്ച് ദുഃഖിതനാണ്. ജീവനു തന്റെ ദുഃഖങ്ങളിൽ നിന്ന് വേർപെടാൻ, താൻ സത്യത്തിൽ ചൈതന്യ മാത്രമായ ആത്മാവാണെന്ന സത്യം ബോധിക്കൽ മാത്രമാണ് മാർഗ്ഗം എന്നാണ് വേദാന്ത സിദ്ധാന്തം.

ഇനി നമുക്ക് മന്ത്രത്തിലെ 'ആത്മ' ശബ്ദത്തിന്റെ അർത്ഥം എന്താണെന്നു പരിശോധിക്കാം.

'യച്ചാപ്നോതി യദാദത്തേ
യച്ചാത്തി വിഷയാനിഹ
യച്ചാസ്യ സന്തതോ ഭാവ
തസ്മാദാത്മേതി കീർത്ത്യതേ'

എന്നിങ്ങിനെ ലിംഗപുരാണത്തിൽ ആത്മശബ്ദത്തിന്റെ വ്യൂൽപ്പത്തിയെ വിശദീകരിക്കുന്നതിൽ നിന്നു ആ വാക്കിന്റെ പൂർണ്ണമായ അർത്ഥം നമുക്കു മനസ്സിലാക്കാം.

ശ്ലോകത്തിന്റെ ആദ്യത്തെ പദമായി 'യച്ചാപ്നോതി' എന്നാണ് പറയുന്നത്. 'ആപ്നോതി ഇതി ആത്മാ' വ്യാപിച്ചിരിക്കുന്നത് ആത്മാ. യാതൊന്നാണൊ സർവ്വത്ര വ്യാപിച്ചിരിക്കുന്നത് അതാണ് ആത്മാവ്.

സൂക്ഷ്മത്വമനുസരിച്ചാണ് ഒരു വസ്തുവിന്റെ വ്യാപകശക്തി. പഞ്ചഭൂതങ്ങളിൽ ഏറ്റവും സൂക്ഷമമായത് ആകാശ (space) മാണല്ലോ. അത് മറ്റെല്ലാ ഭൂതങ്ങളിലും വ്യാപിച്ചിരിക്കുന്നതായി കാണാം. ചൈതന്യമാവട്ടെ ആകാശത്തിലും വ്യാപിച്ചിരിക്കുന്നതിനാൽ അത് സൂക്ഷ്മത്തിൽ വച്ച് സൂക്ഷ്മവും സർവ്വവ്യാപിയുമാണ്.

'യച്ചാത്തി വിഷയാനിഹ' എന്നു പറഞ്ഞാൽ യാതൊന്നിനെ ആശ്രയിച്ചാണോ നാം വിഷയങ്ങളെ ഗ്രഹിക്കുന്നത് അതാണ് ആത്മാവ്. വിഷയങ്ങളെ ഗ്രഹിക്കുന്നത് ഇന്ദ്രിയമനസ്സുകളാണെന്നു നമുക്കു തോന്നാം. എന്നാൽ ജഡങ്ങളായ അവയ്ക്കു പിന്നിൽ ചൈതന്യരൂപമായ ആത്മാവുള്ളതുകൊണ്ടാണ് അവ അറിവു ജനിപ്പിക്കാൻ പ്രാപ്തമാകുന്നത്. അതിനാലാണ് കേനോപനിഷത്തിൽ ആത്മാവിനെ 'ശ്രോത്രസ്യ ശ്രോത്രം, ചക്ഷുഷശ്ചക്ഷു' എന്നു പറയുന്നത്. ശബ്ദമായാ

ലും ഗന്ധമായാലും അവ ജ്ഞാനമാണ ല്ലോ. ശബ്ദം രൂപം എന്നിങ്ങിനെ വിശേഷ രൂപങ്ങളായിരിക്കുന്ന ഇന്ദ്രിയജ്ഞാനങ്ങൾക്ക് ഉള്ളിൽ അവയുടെ അന്തഃസ്സത്തയായിട്ടു ള്ളത് നിർവിശേഷജ്ഞാനമായ ആത്മാവാണ്. പിന്നീട് ലിംഗപുരാണത്തിലെ ആ ശ്ലോക ത്തിൽ പറയുന്നു 'യച്ചാസ്യ സന്തതോ ഭവഃ.' അതിന്റെ അർത്ഥം,

നാം മുറിവില്ലാതെ ഓരോ വസ്തു വിലും കാണുന്ന ഉണ്മ (ഉണ്ട് എന്ന അവ സ്ഥ) ആത്മാവിന്റെ ധർമ്മമാണ്. ഘടം, വസ്ത്രം, വൃക്ഷം എന്നിങ്ങിനെ നാം വിവിധ ങ്ങളായ വിഷയങ്ങളെ കാണുന്നുണ്ടെങ്കിലും അവക്കെല്ലാം പൊതുവായ ഒരു സ്വഭാവമു ണ്ട്. അതാണ് അവയുടെ 'ഉണ്ട്' എന്ന അവ സ്ഥ. അത് ആത്മാവിന്റെ മാത്രം ധർമ്മമാണ്. ഈ അഖണ്ഡത അല്ലെങ്കിൽ മുറിവില്ലായ്മ നമുക്ക് നമ്മുടെ ജാഗ്രത് സ്പന സുഷുപ്തി എന്നീ മൂന്നവസ്ഥകളിലും വ്യാപിച്ചു നി ൽക്കുന്ന ഞാൻ എന്ന ബോധത്തിലും കാ ണാം. അതാണ് ആത്മാവ്.

ഈ ആത്മാവും ബ്രഹ്മവും ഒന്നുത ന്നെയാണ്. 'അയമാത്മാ ബ്രഹ്മാ' എന്ന മഹാ വാകൃത്തിലൂടെ നമുക്കു മനസ്സിലാക്കേണ്ട തുണ്ട്. ബ്രഹ്മം വേദത്തിൽ പ്രസിദ്ധമാണ്. തൈത്തീരീയോപനിഷത്തിൽ ബ്രഹ്മലക്ഷണ ങ്ങളായി 'സത്യം ജ്ഞാനമനന്തം' എന്നു കാ ണാം. ഈ മൂന്നും പരസ്പരപൂരകങ്ങളാണ്. അപ്പോൾ ബ്രഹ്മമെന്ന സത്യം, അനന്തമായ ജ്ഞാനം എന്ന അർത്ഥം കിട്ടും. എന്താണ് അനന്തമായ ജ്ഞാനം? സാന്തമായ അല്ലെ ങ്കിൽ പരിമിതമായ ജ്ഞാനം, ഇടതടവില്ലാതെ നമ്മുടെ ബോധമണ്ഡലത്തിൽ തെളിഞ്ഞു കൊണ്ടിരിക്കുന്നുണ്ട്. ഏതു ബാഹ്യവസ്തു വിനെക്കുറിച്ചുള്ള ജ്ഞാനവും പരിമിതമാ ണ്. എന്തെന്നാൽ ആ വസ്തു തന്നെ പരി മിതമാണ്. ദേശകാലങ്ങളാൽ പരിച്ഛിന്നമായ വസ്തു അനന്തമാവാൻ വയ്യല്ലോ. അതായത് ഒരു നിശ്ചിത കാലത്തും നിശ്ചിത ദേശത്തും മാത്രം ജ്ഞാനത്തിനു വിഷയിഭവിക്കുന്ന വസ്തുവെന്നർത്ഥം. അപ്പോൾ അനന്തം എന്നാൽ കാലദേശത്തിനതീതമായത്. ഒന്നു കൂടി സ്പഷ്ടമായി പറഞ്ഞാൽ ഏതൊരു അഖണ്ഡബോധത്തിലാണോ കാലദേശങ്ങൾ കല്പിക്കപ്പെട്ടിട്ടുള്ളത്, ആ സത്തയാണ് ബ്രഹ്മമെന്ന് ഉപനിഷത്തുകളുടെ പ്രബോ ധനം. കാലദേശങ്ങൾ ബോധത്തിലെ വിക ല്പങ്ങളാണെന്ന് നമുക്ക് യുക്തി കൊണ്ടു എത്തിച്ചേരാവുന്ന നിഗമാനമാണ് 'വിജ്ഞാ നമാനന്ദം ബ്രഹ്മ' എന്നും ഉപനിഷദ് വചന മുണ്ട്. നമുക്കനുഭവപ്പെടുന്ന ചെറിയ സുഖ ങ്ങൾക്ക് അധിഷ്ഠിതമായി അവധിയില്ലാത്ത ഒരു ആനന്ദഘനമുണ്ടായേ തീരൂ. അതാണ് ബ്രഹ്മം.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2023 ജനുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | സീതാ രഘുനാഥ്, മിഥില, പൂണിത്തുറ, കൊച്ചി 38 | 10,326/- |
| 2. | രാജു പി.എസ്., പ്രസന്ന വിഹാർ, മറൈൻഡ്രൈവ് | 10,000/- |
| 3. | സതീഷ് കുമാർ എസ്., നന്ദനം, ദിവാൻസ് എൻക്ലേവ് കൊച്ചി 16 | 9,688/- |
| 4. | ബാലസുബ്രഹ്മണ്യൻ എൻ. അമ്പാടി പ്ലാസ്സാ, കളത്തിപ്പറമ്പിൽ റോഡ്, കൊച്ചി - 16 | 5,000/- |
| 5. | കൃഷ്ണകുമാർ. പി. കെ., വരേണ്യം, പോസ്റ്റോഫീസ് റോഡ്, മരട് | 5,000/- |
| 6. | സുധീർ കൃഷ്ണൻ, നാരായണീയം, ഇലഞ്ഞേരി ലെയിൻ, കടവന്ത്ര | 5,000/- |
| 7. | ഗായത്രി മോഹൻദാസ്, അവിനാഷ്, ചെറുപറമ്പത്ത് റോഡ്, കടവന്ത്ര | 5,000/- |

# ചെറു ധാന്യങ്ങൾ (MILLETS) ശീലിക്കൂ ആരോഗ്യവാന്മാരാകൂ

ഡോ. ദേവീദാസ് വെള്ളോടി – 9747480903

**2023** MILLET (ചെറുധാന്യ) വർഷ മായികേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ചെറു ധാന്യങ്ങളുടെ പ്രസക്തി വിലയിരുത്തുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു .

'ചെറുധാന്യങ്ങൾ' എന്നറിയപ്പെടുന്ന മില്ലറ്റു (Millets) കൾ പുല്ലുവർഗത്തിൽപ്പെട്ട ധാന്യവിളകളാണ്.

തിന (Foxtail millet), കമ്പം (Bajra – Pearl millet), ചോളം (Sorghum – Great millet) മുത്താറി (Ragi – Finger millet) ചാമ (Little millet) വരക് (Proso millet) കവടപ്പുല്ല് (Barnyard millet) കൊറേലി (Brown top millet) മുതലായവയെല്ലാം പ്രധാനപ്പെട്ട ചെറുധാന്യങ്ങളാണ് .

കാഴ്ച്ചയിൽ കുഞ്ഞൻമാരാണെങ്കിലും പോഷക കാര്യത്തിൽ വലിയവർ തന്നെയാണിവർ. അരി, ഗോതമ്പ് എന്നിവയെ അപേക്ഷിച്ച് വളരെ ഉയർന്നതോതിലുള്ള പ്രോട്ടീൻ, മിനറൽസ്, വിറ്റാമിനുകൾ മുതലായവയും കുറഞ്ഞ കലോറി മൂല്യവും ഇവയെ ആഹാര പദാർത്ഥങ്ങളിലെ വിശിഷ്ട താരങ്ങളാക്കി മാറ്റിയിരിക്കുന്നു. ഉപാപചയ പ്രവർത്തനങ്ങളെ മികച്ച രീതിയിൽ സഹായിക്കുന്ന നാരുകളാൽ (ഫൈബർ) സമ്പന്നമാണ് എന്നത് മില്ലറ്റുകളുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയാണ്. ധാന്യങ്ങൾ ഉയർന്ന സ്റ്റാർച്ചും ഊർജ മൂല്യവും പ്രദാനം ചെയ്യുമ്പോൾ ചെറുധാന്യങ്ങളിൽ താരതമ്യേന ഇവയുടെ അളവ് കുറവായതിനാൽ ആരോഗ്യ സുരക്ഷയ്ക്ക് അവയെല്ലാം ഉത്തമമാണെന്ന് ആരോഗ്യ ശാസ്ത്രം പറയുന്നു .

'ഗ്ലൂട്ടൻ' എന്ന വസ്തു തീരെയില്ലാത്ത ചെറുധാന്യങ്ങൾ, ഗ്ലൂട്ടൻഅലർജി അഥവാ 'സീലിയാക്' എന്ന രോഗത്താൽ ബുദ്ധിമുട്ടുന്നവർക്ക് വളരെ ആശ്വാസമാണ് കുറഞ്ഞ പരിപാലനത്തോടെ ഏത് മണ്ണിൽ വളരാനും കാലാവസ്ഥയെ അതിജീവിക്കാനും അവയ്ക്ക് കഴിയും. അധികം ജലം ആവശ്യമില്ലാത്തതിനാൽ മില്ലറ്റ് കർഷകർക്കും വലിയ ആശ്വാസമാണ് .

പുല്ല് വർഗ്ഗത്തിൽപ്പെട്ട ധാന്യ വിളകളായ മില്ലറ്റുകൾ പുരാതന കാലങ്ങളിൽ പക്ഷികൾക്കും മൃഗങ്ങൾക്കുമുള്ള ഭക്ഷണമായിട്ടാണ് ഉപയോഗിച്ച് വന്നിരുന്നത്. പിന്നീടാണ് ഇവയുടെ പോഷകഗുണം മനസ്സിലാക്കി മനുഷ്യന്റെ ആഹാരമാക്കാൻ തുടങ്ങിയത്. ലോകത്തിന്റെ പ്രമേഹ തലസ്ഥാനമായാണ് ഇന്ത്യ അറിയപ്പെടുന്നത്. നിത്യഭക്ഷണത്തിൽ മില്ലറ്റുകളുടെ അളവ് കൂട്ടുന്നത് ഡയബറ്റിസിനെ ചെറുക്കുന്നതിന് സഹായിക്കും.

**ഏതൊക്കെയാണ് പ്രധാന ചെറുധാന്യങ്ങൾ എന്ന് പരിശോധിക്കാം**

**റാഗി. (Elucin Korakana)**

മുത്താറി, കഞ്ഞിപ്പുല്ല്, പഞ്ഞിപ്പുല്ല് തുടങ്ങിയ പല പേരുകളിൽ അറിയപ്പെടുന്ന ഏറ്റവും ചെറിയ ധാന്യമാണ് റാഗി. കാത്സ്യത്തിന്റെ മുഖ്യ ഉറവിടമായ റാഗിയെ 'പാവപ്പെട്ടവരുടെ പാൽ' എന്നും വിളിക്കാറുണ്ട്. ജീവകം ഡിയും ഉള്ളതിനാൽ എല്ലുകളുടേയും പല്ലുകളുടേയും വളർച്ചയ്ക്ക് ഏറെ ഫലപ്രദമാണ്. കുഞ്ഞുങ്ങൾക്ക് ആദ്യ ഘട്ടത്തിൽ നൽകിയിരുന്ന ആഹാരക്രമത്തിൽ ഇത് ഉൾപ്പെടുത്തിയിരുന്നു. ഇരുമ്പ്, ഫോസ്ഫറസ്, മാംസ്യം, നാരുകൾ മുതലായവയും ധാരാളമുള്ളതിനാൽ വിളർച്ച തടയാനും പ്രമേഹബാധിതർക്കും വളരെ നല്ലതാണ്.

**കമ്പം (PEENNISETUM GLACUM):**

കമ്പം എന്നുകൂടി വിളിപ്പേരുള്ള പേൾമില്ലറ്റ്, ക്യാറ്റ് ടെയിൽ മില്ലറ്റ്, ബുൾ റഷ് എന്നീ പേരുകളിലും അറിയപ്പെടുന്ന ബജ്റ, മില്ലറ്റ് കുടുംബത്തിലെ സവിശേഷ ഇനമാണ്. അപൂരിത കൊഴുപ്പ് അടങ്ങിയതിനാൽ കമ്പം ഹൃദയാരോഗ്യത്തിനും നല്ലതാണ്. ഇതിലെ ഒമേഗ 3 ഫാറ്റി ആസിഡ് രക്തസമ്മർദ്ദവും കൊളസ്ട്രോളും കുറയ്ക്കാൻ സഹായിക്കുന്നു.

**ചോളം (Sorgum Bicolor)**

മെയ്സ്, കോൺ എന്നെല്ലാം അറിയപ്പെടുന്ന പുൽവർഗത്തിൽപ്പെട്ട ചോളത്തിൽ മക്കച്ചോളം മണിച്ചോളം എന്നിങ്ങനെ രണ്ട് അവാന്തര വിഭാഗങ്ങളും ഉൾപ്പെടുന്നു. പോപ്പ് എന്ന മക്കച്ചോളമാണ് പോപ്പ്കോൺ ഉണ്ടാക്കുന്നതിനായി വ്യാപകമായി ഉപയോഗിക്കുന്നത്.

പ്രമേഹത്തെ നിയന്ത്രിക്കാനും വൃക്ക സംബന്ധമായ തകരാറുകൾ കുറയ്ക്കാനും വിളർച്ചയെ പ്രതിരോധിക്കാനും ചോളത്തിന് കഴിവുണ്ട് .

**വരക് (Paspalum Scrobiculetum)**


കോഡോമില്ലറ്റ്, പ്രോസോമില്ലറ്റ് എന്നെല്ലാം വിളിച്ച് വരുന്ന വരക് ഇന്ത്യയിൽ പശുപ്പുല്ല്, നെല്ല് പുല്ല് തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നുണ്ട്. ദക്ഷിണേന്ത്യയിൽ കൂവരക് എന്നും വിളിക്കപ്പെടുന്നു.ആഫ്രിക്കയിൽ അരി പോലെ പാചകം ചെയ്യപ്പെടുന്ന കോഡോമില്ലറ്റ് ഇന്ത്യയിൽ ഉപയോഗപ്പെടുത്തുന്നത് പൊടിച്ച് മാവാക്കി മാറ്റി പുഡ്ഡിംഗിന് വേണ്ടിയാണ്. കാലിത്തീറ്റയായും ഇത് ധാരാളം പ്രയോജനപ്പെടുത്തുന്നുണ്ട്. വരൾച്ചയെ അതിജീവിക്കാൻ ശേഷിയുള്ള, മറ്റ് വിളകളൊന്നും വളരാത്ത നാമമാത്രമായ മണ്ണിൽ വളരാൻ കഴിയുന്നുവെന്നത് വരകിന്റെ പ്രത്യേകതയാണ്. നാരുകളുടെ മികച്ച ഉറവിടവുമാണിത്.

**ചാമ (Panicum Sumtaranse)**

പുല്ലരി എന്ന പേരിലും ലിറ്റിൽമില്ലറ്റായും അറിയപ്പെടുന്ന ചെറുധാന്യമാണ് ചാമ.
കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പണ്ട് കാലങ്ങളിൽ ഇടവിളയായി കേരളത്തിൽ കൃഷി ചെയ്തിരുന്നു. ചാമയരി കൊണ്ടുള്ള വിഭവങ്ങൾ പഴമക്കാർ ഉപയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ അവ അന്യം നിന്നു പോയിരിക്കുന്നു.

**കവടപ്പുല്ല് (Echinochlou Frumentacea )**

പ്രോട്ടീൻ സമ്പുഷ്ടമായ, കലോറി മൂല്യം വളരെ കുറവായ ഔഷധ ഗുണമുള്ള കവടപ്പുല്ല് കുതിരവാലി എന്നും അറിയപ്പെടുന്നു. നാരുകൾ വളരെ കൂടുതലുള്ള ചെറുധാന്യമാണിത്. 'ബില്യൺ ഡോളർ പുല്ല്' എന്ന അപരനാമമുള്ള കുതിരവാലി രോഗ പ്രതിരോധത്തിനും അമ്മമാരുടെ മുലപ്പാൽ വർധനവിനും മലബന്ധം തടയുന്നതിനും ഉത്തമ ഭക്ഷണമായി പണ്ട് കാലങ്ങളിൽ ഉപയോഗപ്പെടുത്തിയിരുന്നു. ഹൃദ്രോഗികൾക്കും പ്രമേഹബാധിതർക്കും ഭക്ഷ്യയോഗ്യമാണിത്. നാട്ടിൽ വ്യാപകമായ 'എണ്ണക്കടികളിൽ' നിന്നും ബേക്കറി പലഹാരങ്ങളിൽ നിന്നും പുതുതലമുറയെ രക്ഷപ്പെടുത്തി അവർക്കായി ആരോഗ്യദായകവും സ്വാദിഷ്ടവുമായ ധാരാളം വിഭവങ്ങൾ മില്ലറ്റുകളുപയോഗിച്ച് തയ്യാറാക്കുകയും അവ കുട്ടികളെ ചെറുപ്പം മുതലേ ശീലിപ്പിക്കുകയും വേണം. ചെറുധാന്യങ്ങൾ ഉപയോഗിച്ച് വിവിധ പലഹാരങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഫാസ്റ്റ്ഫുഡ് സംസ്ക്കാരത്തിനുള്ള ഒരു ബദൽ മാർഗമാകാൻ തീർച്ചയായും മില്ലറ്റുകൾക്ക് കഴിയും.



**മില്ലറ്റുകൾ ജനങ്ങളിലാകെ വ്യാപിപ്പിക്കുന്നതിന് ചില നിർദ്ദേശങ്ങൾ:**

1. സ്ക്കൂളുകളിലും അങ്കണവാടികളിലും മില്ലറ്റുകൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുക.
2. മില്ലറ്റ് ഉപയോഗിച്ചുള്ള ഭക്ഷ്യവസ്തുക്കൾ ഹോട്ടലുകളിലും മറ്റും ലഭ്യമാക്കുക.
3. ചെറുധാന്യങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യമേളകളും മറ്റും സംഘടിപ്പിക്കുക.
4. സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകി അവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.
5. പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഗുണനിലവാരമുള്ള മില്ലറ്റുകൾ വിതരണം ചെയ്യുക.
6. റസ്റ്റോറൻെറകളുടെ ഡയറ്റ് ഫ്രൻഡ്ലി വിഭാഗത്തിൽ മില്ലറ്റ് വിഭവങ്ങൾ അവതരി പ്പിക്കുകയും പ്രചാരം നൽകുകയും ചെയ്യു ക.

ചെറു ധാന്യങ്ങൾ ശീലിക്കു, ആരോഗ്യവാന്മാരാകൂ.

***

# അമ്മ - കൗസല്യ

## ഡോ. ശാന്തകുമാരി

മനുഷ്യവംശത്തിന്റെ പ്രഥമഗുണം അമ്മയാണ്. അമ്മയില്ലെങ്കിൽ ഈ ലോകമില്ല. പ്രപഞ്ചത്തിലേയ്ക്ക് പുല്ലും പുഴുവും എന്തും കടന്നുവരുന്നത് അല്ലെങ്കിൽ ലോകം കാണുന്നത് അമ്മയിലൂടെയാണ്. അമ്മയോളം മഹത്ത്വം ഈ പ്രപഞ്ചത്തിൽ മറ്റൊന്നിനുമില്ലല്ലോ. വംശത്തിന്റെ, കുടുംബത്തിന്റെ ഒക്കെ ക്ഷേമം, ഐശ്വര്യം കുഞ്ഞുങ്ങളുടെ സംസ്കാരം, ഭർത്താവിന്റെ, ഗൃഹനാഥന്റെ ഐശ്വര്യം എല്ലാം അമ്മയുടെ മാത്രം മുൻകരുതലാണ്, അല്ലെങ്കിൽ വാത്സല്യമൂറുന്ന പരിപാലനമാണ്.

മൂന്നു ഭാര്യമാരുണ്ടായിട്ടും ഏറെക്കാലം കുഞ്ഞുങ്ങളില്ലാത്ത ദുഖം അനുഭവിച്ച ദശരഥൻ മഹർഷിമാരോട് കാരണം അന്വേഷിച്ചു, പുത്രനുണ്ടാകാനായി പുത്രകാമേഷ്ടി എന്ന യാഗം നടത്തി. രാക്ഷസനിഗ്രഹണത്തിനായി ഭൂമിയിൽ രാമാവതാരം ഒരാവശ്യമായിട്ടു പോലും ബ്രഹ്മാവതിന് നേരിട്ട് ശ്രമിച്ചില്ല. ഈശ്വരന്മാർക്ക് എന്താണ് സാധിക്കാത്തതായിട്ടുള്ളത്. അവിടെയാണ് സാധാരണ ജനങ്ങളിൽ വിശ്വാസവും ഭക്തിയും വളർത്താൻ എഴുത്തച്ഛൻ എന്ന മഹാതാപസൻ അഗ്നിയുടെ കൈയ്യിൽ സുവർണ്ണപാത്രത്തിൽ പായസവുമായി പ്രത്യക്ഷപ്പെടുത്തിയത് ദേവന്മാരെ പ്രസാദിപ്പിക്കുക എന്നുള്ളതാണല്ലോ യാഗനേട്ടം. അവർ പ്രസാദിയ്ക്കുമ്പോൾ സൃഷ്ടി ഉണ്ടാകുന്നു, സന്യാസികൾ സമൃദ്ധമാകുന്നു. കാലാകലങ്ങളിലെ ഈ സമൃദ്ധി ലോകത്തെ സമ്പൂർണ്ണമാക്കുന്നു. ദേവതാപ്രീതിയുടെ അവതാരമായിരുന്നു അഗ്നിദേവൻ.

അതമൃതമായിരുന്നു. ത്യാഗത്തിന്റെ അമൃതം ദശരഥനാകട്ടെ കൗസല്യയ്ക്കും കൈകേയിക്കുമായി പങ്കിട്ടെങ്കിലും സുമിത്രയെ രണ്ടു രാജ്ഞിമാരും പങ്ക് നല്കി പങ്കാളിയാക്കി. ഈ സന്ദർഭം മാതൃത്വത്തിന്റെ ഒരു മനോഹര മുഹൂർത്തം തന്നെയാകുന്നു, രാമായണത്തിൽ.

ജന്മം നല്കി പാലൂട്ടി കുട്ടിയെ വളർത്തുന്ന അമ്മയ്ക്ക് അവന് സംസ്കാരവും കൂടി പകർന്നുകൊടുക്കേണ്ട ചുമതലയുണ്ട്. പിതാവിനെക്കാൾ ഈ കർമ്മം ഭംഗിയായി നിർവ്വഹിക്കാൻ പറ്റുക മാതാവിനു തന്നെയാകണം. അല്ലെങ്കിൽ ശ്രീരാമൻെറ വിശ്വരൂപം കാണാനും സാഫല്യം നേടാനും ദർശനത്തിനനുസരിച്ചു രൂപദർശനസ്തുതി നടത്താനും കൗസല്യക്കു മാത്രം ഭാഗ്യമുണ്ടാകുന്നതെങ്ങനെ? ദശരഥൻ സർവ്വഗുണ സമ്പന്നനായിട്ടും ഈ ഭാഗ്യം ഉണ്ടായില്ല. അത് മാതാവിന്റെ മാത്രം നിർവൃതി. ഓരോ അമ്മയും സ്വന്തം മകനിൽ കാണുന്നത് ഈശ്വരനെ തന്നെയാണ്.

അല്ലെങ്കിൽ മക്കൾ തെറ്റു ചെയ്യുമ്പോൾ അമ്മ ഇതെന്റെ ദൈവകോപം എന്ന് പറയുന്നതെന്തിന് ദർശനം ലഭിച്ച കൗസല്യ അമ്മമാരിൽ പരമശ്രേഷ്ഠ തന്നയാണ്. അമ്മ നന്നായാൽ കുടുംബം നന്നാകുമല്ലോ കൗസല്യയുടെ ഭാവികാല ജീവിതം ആ ജീവിതത്തിന്റെ നന്മയിലേക്ക് വലിയ വെളിച്ചം വീശുന്നുണ്ട്.

നിസ്വാർത്ഥമായ സ്നേഹമാണ് കൗസല്യയുടെത്. ഭർത്താവിന് കൈകേയിയോടുള്ള അമിതപ്രേമം കൗസല്യയ്ക്കറിയാം. സുമിത്രയുടെ സൗമ്യസ്വഭാവവുമറിയാം. രാമാഭിഷേകകാര്യത്തിൽ കൗസല്യ കൈകേയിയെ ഭയക്കുന്നു. പക്ഷെ ഒരു പരാതി പോലും രാജാവുമായി പങ്കിടുന്നില്ല, പഴി പറയുന്നില്ല, കൗസല്യ മഹാരാജ്ഞിയാണെങ്കിലും സ്വാർത്ഥരഹിതമായ ഈ മനോഭാവം കൗസല്യയെ അതുല്യമാതാവാക്കുന്നു. മകൻ വിശ്വരൂപം കാണിച്ചു കൊടുത്തപ്പോഴും കൗസല്യ ആഗ്രഹിച്ചത് ലൗകികബാലനായി ശ്രീരാമനെ കാണാനാണ്. കാലും കൈയും കുടഞ്ഞു

കരയുന്ന ശിശു. ചിരിയ്ക്കുന്ന ഓമൽ സ്വരൂപം അതാണമ്മക്കിഷ്ടം. കൗസല്യാസ്തുതി അദ്ധ്യാത്മരാമായണത്തിലെ വിഷ്ണുസ്തുതികളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. എങ്കിലും മോക്ഷപ്രാപ്തിക്കുതകുന്ന ശിശുപരിപാലനമാണ് കൗസല്യ സാധിച്ചത്. അവിടെയാണ് ഭൂമിയിലെ അമ്മ പൂർണ്ണയാകുന്നത്. ആ പൂർണ്ണത മറ്റൊരാൾക്കും പങ്കിട്ടെടുക്കാനാകാത്തതുമാണ്. മാതൃത്വത്തിന് തുല്യതയില്ലല്ലോ. പിതാവിനെക്കാൾ ഈ മഹത്ത്വം ഏതായാലും മാതാവിനുതന്നെയാണ്. എല്ലാ അവതാരപുരുഷന്മാരും ഈ മാതൃവാത്സല്യം വല്ലാതെ തന്നെ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാകണം അമ്മക്ക് വിശിഷ്യാ ദർശനം നൽകുന്നത്. അവരുടെ സ്തുതിഗീതങ്ങൾ കേട്ട ശേഷം മാത്രം പൂർവ്വസ്ഥിതിയിൽ ബാലകനായി മാറുന്നതും എന്ന് തോന്നുന്നു. ആ ശ്രദ്ധ, മുൻകരുതൽ, ത്യാഗം, ക്ഷമ, സഹനം ഇതൊക്കെ മറ്റാർക്കാണ് അമ്മയെപ്പോലെ നൂറുശതമാനം നൽകാനാകുക. ശ്രീരാമനും അതാഗ്രഹിച്ചു. അമ്മയുടെ താല്പര്യപ്രകാരം അപേക്ഷപ്രകാരം കാലും കൈയ്യും കുടയുന്ന ശിശുവായി മാറുന്നു.

ഏതൊരവതാരപുരുഷനും ഭൂമിയിലെത്തുമ്പോൾ ഈ മണ്ണിന്റെയും മാതാവിന്റെയും ഗന്ധത്തിലലിഞ്ഞുപോകും. ആ തലോടലും സ്നേഹവും വാത്സല്യവും കിട്ടാൻ ആഗ്രഹിച്ചുപോകും. ശ്രീരാമനും ആഗ്രഹിച്ചതാവണം. കൗസല്യ ഭഗവാനോടപേക്ഷിച്ചതും മറ്റൊന്നല്ല. ബാലഭാവത്തെ കാട്ടാൻ തന്നെയാണ്. മകനെ വളർത്തി വലുതാക്കുക എന്നത് അമ്മയെ സംബന്ധിച്ചിടത്തോളം ത്യാഗം തന്നെയാണ്. അതിന് പകരം വെയ്ക്കാൻ മറ്റെന്താണ് ലൗകിക ജീവിതത്തിലുള്ളത്? മകനെ വളർത്തുന്ന അമ്മ സ്വയം മറക്കും, സ്വസുഖം മറക്കും എന്തിനധികം ആരോഗ്യവും ജീവിതവും പോലും മറക്കും. മറന്നില്ലേ കൗസല്യ. മകന്റെ വേർപാട് എത്ര വലിയ മുറിവ് കൗസല്യയിലുണ്ടാക്കിയിരിക്കും. ക്ഷമിച്ചില്ലേ, ത്യജിച്ചില്ലേ മകനു വേണ്ടി ഭർത്താവിനു വേണ്ടി, സ്വപത്നിമാർക്കുവേണ്ടി, സർവോപരി നാടിനുവേണ്ടി. ഒരിക്കലെങ്കിലും ഇതിനെല്ലാം ഇടവരുത്തിയ കൈകേയിയെ കൗസല്യ ശപിക്കുന്നില്ല, ശകാരിക്കുന്നില്ല ആട്ടിപ്പായിക്കുന്നില്ല കൈകേയിക്കു മകന് രാജ്യം കൊടുത്താൽ പോരെ എന്റെ മകൻ കാട്ടിൽ പോകണോ എന്നൊരു ചോദ്യത്തിൽ ആ ദു:ഖഭാരം കൗസല്യ ആദ്യമേ പറഞ്ഞു തീർത്തു. പിന്നീട് പഴയ സാഹോദര്യം മാത്രം അതാണ് കൗസല്യ എന്ന മാതാവ് ഈ മഹാമനസ്കത കൊണ്ടു തന്നെയാണ് വനവാസത്തിനു പോലും നിറകണ്ണുകളോടെയെങ്കിലും അനുഗ്രഹിച്ചയക്കാൻ കൗസല്യക്കായത്.

കുട്ടികൾക്ക് ചെറുപ്രായത്തിൽ മാതാവിൽ നിന്ന് ലഭിക്കുന്ന വാത്സല്യമാണ് അവൻ ലോകസ്നേഹിയാകാനും 'പുൽകളും പുഴുക്കളും കൂടെത്തൻ കുടുംബക്കാർ' എന്ന ദർശനമുണ്ടാക്കാനും സാധിക്കുന്നത്. രാമൻ എന്ന മകൻ ശ്രീരാമചന്ദ്രൻ എന്ന ചക്രവർത്തിയായപ്പോഴും പ്രജാക്ഷേമതല്പരനാകാൻ സാധിച്ചത് കൗസല്യയുടെ മഹത്വം കൊണ്ടു തന്നെയാണ്. അതിന് അവതാരപുരുഷനെങ്കിൽ പോലും ശ്രീരാമൻ കൗസല്യയോട് കടപ്പെട്ടിരിക്കുന്നു. ഒരു കുറ്റവും കുറവും കൂടാതെ ശ്രീരാമചന്ദ്രന് അയോധ്യ ഭരിക്കാനായതും കൗസല്യയുടെ അനുഗ്രഹം ഒന്നു കൊണ്ടുമാത്രം തന്നെ. വിശേഷിച്ചും ലൗകിക ദൃഷ്ടിയിൽ, പ്രപഞ്ചിക ജീവിതത്തിൽ അല്ലെങ്കിൽത്തന്നെ അമ്മയോട് ആർക്കാണ് കടപ്പാട് നിറവേറ്റാനാകുക. അത് ഉത്തമ പുത്രനുപോലും ക്ഷിപ്രസാധ്യമല്ല. രാമായണം പുത്രന്മാരെയും 3 തരത്തിൽ കാണുന്നുണ്ട്. ഉത്തമൻ, മധ്യമൻ, അധമൻ. അധമപുത്രനെ പിത്രോൽത്മലം എന്നാണ് എഴുത്തച്ഛൻ പറയുന്നത്. മാതാവിന്റെ മഹത്ത്വം അംഗീകാരം, ശ്രേഷ്ഠത ഇതിനൊക്കെ രാമായണം വലിയ സ്ഥാനം കല്പിക്കുന്നു. ദശരഥദു:ഖം മനസ്സിലാക്കി ഓടി മാതൃപാർശ്വത്തിലെത്തുന്ന ശ്രീരാമൻ എല്ലാ വേദനകളും അമ്മയിലാണ് സമർപ്പിക്കുന്നത്. മാത്രവുമല്ല അച്ഛനെ ആശ്വസിപ്പിക്കാനുള്ള ചുമതലയും കൂടി ശ്രീരാമൻ കൗസല്യയെയാണ് ഏല്പ്പിക്കുന്നത്. അമ്മയ്ക്ക് രാമൻ കൊടുത്ത അതുല്യസ്ഥാനം ഇതല്ലാതെ മറ്റൊന്താണ്. കൗസല്യ വിശ്വരൂപം കാണാൻ അർഹയായതും ഇക്കാരണങ്ങളാൽ തന്നെ. (അമ്മ നടക്കുന്ന

ഒരു അവതാരമാണ് എന്ന് പറയുന്നതെത്ര ശരി.) ഇവിടെ പ്രസക്തമാകുന്നത് കുടുംബ ബന്ധങ്ങളും കുടുംബങ്ങൾ തമ്മിലുള്ള ബന്ധവും മാനവരാശിയുടെയാകെ പാരസ്പര്യം ഊട്ടി ഉറപ്പിക്കേണ്ടതിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാകുന്ന കാലമായതിനാൽ മനുഷ്യനെ മനുഷ്യനാക്കുന്നത് മുലപ്പാലിന്റെ പവിത്രതയാണ് എന്നുള്ളതാണ്. വൃദ്ധരായ മാതാപിതാക്കളെ പരിചരിയ്ക്കുന്നത് വിഷമമായിരിക്കാം. എന്നാൽ ആ സേവനത്തിന്റെ സന്തോഷം കണ്ടെത്തിയാൽ ആ ശുശ്രൂഷ പവിത്രകരമാകും ആനന്ദമാകും. അതാണ് ഈ കാലഘട്ടം അറിയേണ്ടത്.

തന്നെത്തന്നെത്തീറ്റി കൊടുത്തിവർ
പോറ്റിയെടുപ്പീലാരാരേ എന്ന് (ഇടശ്ശേരി)

(രാമായണത്തിലെ വരികൾ നോക്കാം.)

1. സർവ്വജ്ഞയല്ലോ ജനനീ നീ!
അച്ഛനങ്ങെന്തുള്ളിലിച്ഛയെന്നാലതി-
ങ്ങിച്ഛയെന്നങ്ങുറച്ചീടണമമ്മയും
മാതാവു മോദാലനുവദിച്ചീടുകി
ലേതുമേ ദുഖമെനിക്കില്ല കേവലം
കാനന വാസം സുഖമായ് വരും തവ
മാനസേ ഖേദം കുറച്ചു വാണീടുകിൽ

രാമമഹത്ത്വം കണ്ടും കേട്ടും രാമന് കൗസല്യ വനയാത്രാനുമതി നല്കും മുൻപ് ദേവീ രാമനെ ദേവന്മാരെ ഏൽപ്പിക്കുന്നു. എന്നിട്ടും യഥാർത്ഥ ഭൂമിമാതാവായി മാറുന്നു, പുരുഷോത്തമമാതാവായിട്ടല്ല ആ വാക്കുകൾ യഥാർഥലൗലിക മാതാവിന്റെതു തന്നെ.

എന്മകനാശു നടക്കുന്ന നേരവും
കന്മഷം തീർന്നിരുന്നീടുന്ന നേരവും
തന്മതികെട്ടുറങ്ങീടുന്ന നേരവും

സമ്മോദമാർന്ന രക്ഷിക്കാനാണ് കൗസല്യ അപേക്ഷിക്കുന്നത്. മാതൃത്വത്തിന്റെ മൃദുലവും ലോലവുമായ ഭാവം ഹൃദ്യം.

*****

## 10-ാം ചരമ വാർഷികം

## 20-02-2023



**ഇല്ലിക്കൽ കൃഷ്ണമേനോൻ**
എഴുത്തുള്ളിൽ ഹൗസ്
ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം കൊച്ചി -16

## 2-ാം ചരമ വാർഷികം

## 8-02-2023



**ചെറുപറമ്പത്ത് സി. ബാലകൃഷ്ണൻ**
അനുഗ്രഹ,
ചെറുപറമ്പത്ത് വീട്
കടവന്ത്ര, കൊച്ചി - 682020

# ടി.ഡി. എം ഓർക്കസ്ട്ര

**ക**ഴിഞ്ഞ 10 ദശാബ്ദങ്ങളായി എറണാകുളം കരയോഗത്തിന്റെ സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങളോടൊപ്പം കലാസാംസ്കാരിക മേഖലയ്ക്കും മുൻതൂക്കം നല്കികൊണ്ട് പ്രവർത്തിച്ചു വരികയാണെന്നറിയാമല്ലോ. ശ്രീ . യേശുദാസ്, ശ്രീമതി സുജാത, ശ്രീ. ബിജു നാ രായണൻ, ശ്രീമതി. കല്യാണി മേനോൻ തുടങ്ങി കേരളത്തിലെന്നല്ല ലോകത്തിലെ തന്നെ പ്രശസ്തരായ ഗായകർ സംഗീതം അഭ്യസിക്കുകയും, ആലപിക്കുകയും ചെയ്തിട്ടുള്ള അനുഗ്രഹീത വേദിയാണ് എറണാകുളം കരയോഗത്തിന്റെ ടി.ഡി. എം ഹാൾ. ശ്രീ ഗോകുല ബാലന്റെ നേതൃത്വത്തിൽ എറണാകുളം കരയോഗത്തിന്റെ പേരിൽ ഒരു സംഗീത ട്രൂപ്പും, അവരുടെ പരിപാടികളും ഒരു കാലത്ത് സജീവമായിരുന്നു. ഒരു ഇടവേളക്കു ശേഷം വീണ്ടും എറണാകുളം കരയോഗം ഒരു ഗാനമേള ട്രൂപ്പ് 'ടി.ഡി. എം. ഓർക്കസ്ട്ര' എന്ന പേരിൽ ആരംഭിച്ചിരിക്കുകയാണ്. 2023 ലെ എറണാകുളം ശിവക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ജനുവരി മാസം 28 ന് (ശനിയാഴ്ച) വൈകുന്നേരം എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ അവതരിപ്പിക്കുകയുണ്ടായി. എറണാകുളം കരയോഗത്തിന്റെ വയലിൻ അദ്ധ്യാപകനായ ശ്രീ. സദാനന്ദൻ മാഷിന്റെ ശിക്ഷണത്തിലും കരയോഗം ഭരണസമിതിയംഗം ശ്രീമതി. ശുഭ വിജയകുമാറിന്റെ നേതൃത്വത്തിലും നടന്ന പരിപാടിയിൽ ശ്രീ. ജയറാം, ശ്രീമതി. ആശാ രവീന്ദ്രനാഥ്, ശ്രീ. മോഹനകൃഷ്ണൻ, ശ്രീമതി നിർമ്മലാ രവിനാഥ്, ശ്രീ. രതീഷ് കൊട്ടാരം, ശ്രീമതി ദേവി അരുൺ, ശ്രീ. കൃഷ്ണകുമാർ വർമ്മ, ശ്രീമതി മിനി മനു, ശ്രീ. രാജഗോപാൽ, അഡ്വ. ശീതൾ എന്നിവർ ഗാനങ്ങൾ ആലപിക്കുകയുണ്ടായി. ശ്രീ. ആന്റണി, ശ്രീ. ഹണി, ശ്രീ. ജയൻ, ശ്രീ. സത്യജിത്, ശ്രീ. ദിനേശ്, ശ്രീ. പോൾ എന്നിവരാണ് പിന്നണിയിൽ പ്രവർത്തിച്ചത്. നമ്മുടെ പ്രിയ ഗായകർക്കും, പിന്നണിയിൽ പ്രവർത്തിച്ചവർക്കും ഇതുമായി സഹകരിച്ച നല്ലവരായ എല്ലാ കലാസ്നേഹികൾക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തി കൊള്ളുന്നു.



## 2023 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**വിശ്വനാഥൻ**
L/2390 വൃന്ദാവനം
വൈറ്റില, കൊച്ചി -19




**സതീശൻ നായർ**
L/2767 തുഷാര
ആലപ്പാട്ട് റോഡ് കൊച്ചി - 16



**ശ്രീകുമാർ പി.**
L/4210 ശ്രീനന്ദനം
വെണ്ണല - കൊച്ചി - 28



**സേതുമാധവ മേനോൻ**
L/251 , മുല്ലോത്ത്
ഇന്ദിരാ നഗർ കടവന്ത്ര - 20




**രാമചന്ദ്രൻ. എ.ജി.**
L/535 , മയൂരം, കാരക്കാട്ട് വീട്
കൊച്ചി - 16



**രാധാ. വി.ജി**
L/876 , ശ്രീനന്ദിനി,
കൊച്ചി - 35




**രമണി രാധാകൃഷ്ണൻ**
L/3290 , ശ്രീപത്മനാഭ
കൊച്ചി - 16



**ഡോ. മോഹൻദാസ് അമ്പാട്ട്**
L/2207, ലോട്ടസ്,
കൊച്ചി - 16



**സരള മേനോൻ**
L/1475 നിർവൃതി
വളഞ്ഞമ്പലം കൊച്ചി - 16



**സോമശേഖരൻ നായർ**
L/0422 നിർമ്മൽ
കൊച്ചി - 16

13/02/23 മുതൽ 14/03/23 വരെ

# ഓം

# മാസഫലം

കുംഭമാസഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യപാദം) അസ്ഥിരമായ



ഭാഗ്യങ്ങൾ, പങ്കാളിത്ത വിജയം, സാമ്പത്തിക സാമൂഹിക വിജയം, വിദ്യാവിജയം എന്നിവ ലഭിക്കും. തൊഴിലാളികൾക്ക് സമ്മിശ്ര ഫലാനുഭവമായിരിക്കും. ജീവിത പങ്കാളിക്ക് രോഗം വർദ്ധിക്കും. കഴുത്തിന് മേൽഭാഗങ്ങളിൽ രോഗം മൂലം അസ്വസ്ഥത അനുഭവപ്പെടാം. ഫെബ്രുവരി 14,15 തീയതികളിൽ പൊതുവേ ഗുണം കുറയാം. ദോഷങ്ങൾക്ക് പരിഹാരിമായി ദേവീ ക്ഷേത്ര ദർശ്ശനവും സർപ്പ പ്രീതിയും വരുത്തണം.

ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗം, രോഹിണി, മകീര്യം ആദ്യപകുതി) വസ്തുവകകളിൽ നിന്നും കലാരംഗത്ത് നിന്നും വ്യവഹാരത്തിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം.



അലസത മൂലം വിദ്യാതടസ്സവും ധനനഷ്ടവും സംഭവിക്കാം. പാദങ്ങളിൽ ഞെരമ്പ് സംബന്ധമായ രോഗങ്ങൾ മൂർച്ഛിക്കാം. കീഴ്ജീവനക്കാരെ കൊണ്ടുള്ള നേട്ടം ഉണ്ടാകും. ദോഷ പരിഹാരമായി ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകളും മന്ത്രജപവും നടത്തണം. ഫെബ്രുവരി 16, 17 ദിവസം പുതുസംരംഭങ്ങൾക്ക് അനുകൂലമായിരിക്കില്ല.

മിഥുനക്കൂർ (മകീര്യം രണ്ടാം പകുതി തിരുവാതിര, പുണർതം അവസാന മൂന്ന് പാദം) ദീർഘകാലമായി നടന്നു വരുന്ന വ്യവഹാരങ്ങളിൽ വിജയം ഉണ്ടാകും.



സഹായികളിൽ നിന്നും സംഹാദര സ്ഥാനിയരിൽ നിന്നും ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. കർമ്മരംഗത്ത് നിന്നും മേന്മയുണ്ടാകും. കലാരംഗത്ത് പ്രവൃത്തി ചെയ്യുന്നവർക്ക് സന്തോഷം ലഭിക്കുന്ന അവസരങ്ങൾ ഉണ്ടാകും. ശിവക്ഷേത്ര ദർശ്ശനം നടത്തി ദേവപ്രീതി വരുത്തണം. ഫെബ്രുവരി 18, 19 ദിവസങ്ങൾ പൊതുവെ ഗുണകരമായിരിക്കില്ല.

കർക്കിടകക്കൂർ (പുണർതം അവസാന പാദം, പൂയ്യം, ആയില്യം) പലതരത്തിലുള്ള ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും.



ഈശ്വരാനുഗ്രഹം തിരിച്ചറിയാനുള്ള അവസരങ്ങൾ ഉണ്ടാകും. ധനവ്യയം ഉണ്ടാകുമെങ്കിലും സഹായികൾ ഉപകാരപ്പെടും. കർമ്മരംഗത്തും കുടുംബത്തിലും മനസ്വസ്ഥത നഷ്ടപ്പെടുന്ന അനുഭവങ്ങൾ ഉണ്ടാകും. ദോഷപരിഹാരമായി സർപ്പ പ്രീതി ദേവീ ക്ഷേത്ര ദർശ്ശനം നാമജപം എന്നിവ നടത്തുക. ഫെബ്രുവരി 20, 21 തീയതികളിൽ നല്ല കാര്യങ്ങളുടെ ആരംഭത്തിനായി സ്വീകരിക്കരുത്.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം ) അകന്നിരിക്കുന്ന ദമ്പതികൾക്ക് കൂടി ചേരാൻ അവസരമുണ്ടാകും.



ധനകാര്യസ്ഥാപനങ്ങളോ മറ്റ് ധനപരമായ ഇടപാടുകളോ കരുതലോടെ വേണം നടത്താൻ ശത്രുത വരാൻ സാധ്യത ഉണ്ട്. കർമ്മ രംഗത്ത് നിന്നും നേട്ടങ്ങൾ ലഭിക്കും. ദോഷ പരിഹാരമായി നാഗപ്രീതി. വിഷ്ണു ക്ഷേത്ര ദർശ്ശനം ദേവീ പ്രീതികരമായ മന്ത്രജപം എന്നിവ നടത്തുക. ഫെബ്രുവരി 22, 23 ദിവസങ്ങൾ പുതുസംരംഭങ്ങൾക്ക് അനുകൂലമായിരിക്കില്ല.

കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) അകന്നിരിക്കുന്ന ദമ്പതികൾക്ക് കൂടി ചേരാൻ സാധ്യത ഉണ്ട്.



വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലമായ കാലമാണ്. ബുദ്ധിപരമായ തീരുമാനങ്ങൾ എടുക്കാൻ ബുദ്ധിമുട്ടും സന്താനങ്ങൾക്ക് വിദ്യാനേട്ടം ലഭിക്കും. ഗുഹ്യഭാഗങ്ങളിൽ അലർജി സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാം. ദോഷങ്ങൾ മാറാൻ ഒരു ഗണപതി ക്ഷേത്ര ദർശ്ശനം നടത്തുകയും ദേവപ്രീതി വരുത്തുകയും ചെയ്യുക. ഫെബ്രുവരി 24, 25 തീയതികൾ ഗുണം ചെയ്യും.

തുലാക്കൂറ് (ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം അവസാന മൂന്ന് പാദം) ശത്രുവിജയം വിദ്യാവിജയം കർമ്മ പുരോഗതി



തൊഴിൽ രംഗത്ത് സഹായികളാൽ ഭാഗ്യാനുഭവം ലഭിക്കും. ദാമ്പത്യ കലഹം മൂലം ദമ്പതികൾ തമ്മിൽ അകന്ന് കഴിയേണ്ടിവരും. ശിരോരോഗം, ശ്വാസതടസ്സം എന്നീ രോഗങ്ങൾ അലട്ടും. ദേവീ പ്രീതികരങ്ങളായ വഴിപാടും നാമജപവും ക്ഷേത്ര ദർശ്ശനവും നടത്തി ദോഷശാന്തി വരുത്തണം. 26, 27 തീയതികൾ അനുകൂലമായിരിക്കില്ല.

വൃശ്ചികക്കൂർ (വിശാഖം അവസാന പാദം അനിഴം, തൃക്കേട്ട) ഉന്നത വിദ്യാഭ്യാസരംഗത്ത് മികച്ച് നേട്ടം നേടാൻ സാധിക്കും.



സ്വയം ഉണ്ടാക്കുന്ന പ്രവർത്തികൾ മൂലം ജീവിത പങ്കാളിയുമായി കലഹിക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധയോടെ പെരുമാറുക. ഉദരരോഗം വീഴ്ച മൂലം ഇടതു പാദത്തിന് പരിക്ക് പറ്റുക. നേത്രസംബന്ധമായ രോഗങ്ങൾ മൂർഛിക്കുക എന്നീ ദോഷഫലങ്ങളും ഉണ്ടാവാം. ദോഷപരിഹാരമായി ദേവീപ്രീതി വരുത്തുക. മാർച്ച് 1, 2 തീയതികൾ ശുഭകരമല്ല.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം ഒന്നാം പാദം ) വിദ്യാ നേട്ടം, ജീവിതപങ്കാളി നിമിത്തം ധനലാഭം



സഹായികളെ കൊണ്ട് ഗുണാനുഭവങ്ങൾ, ഗൃഹനിർമ്മാണമോ മോടി പിടിപ്പിക്കലോ ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹ സാഫല്യം ലഭിക്കും. ശത്രുക്കൾ നിമിത്തം ധനനഷ്ടത്തിനും സാധ്യത ഉണ്ട്. കള്ളൻമാരെ കരുതിയിരിക്കണം. വൈഷ്ണവ പ്രീതികരങ്ങളായ വഴിപാടുകളും നാമജപവും നടത്തുക. മാർച്ച് 4,5 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകരിക്കരുത്.

മകരക്കൂർ (ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യപകുതി) വസ്തുവകകളിൽ നിന്നും മറ്റ് പല മാർഗ്ഗങ്ങളിലൂടെയും ധനലാഭം ഉണ്ടാവാം.



സഹോദരസ്ഥാനീയരും സഹായികളും അനുകൂലമായി വർത്തിക്കും. ഗൃഹനിർമ്മാണം ഇഴഞ്ഞ് നീങ്ങും. കർമ്മരംഗം വിടണമെന്ന് തോന്നും. സർക്കാർ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം ചെയ്യണം ഫൈൻ അടക്കേണ്ട സാഹചര്യം വരും. ശിവക്ഷേത്ര ദർശ്ശനവും നാമജപവും നടത്തണം. മാർച്ച് 6,7 ദിവസങ്ങൾ ശ്രദ്ധിക്കണം.

കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരൂരുട്ടാതി ആദ്യ മൂന്ന് പാദം) സ്വയാർജിതമായതും വീട് വാഹനം എന്നീ രംഗത്ത് നിന്നും



പാരമ്പര്യമായതും ആയ ധനലാഭം ഉണ്ടാകും. വിദ്യാർത്ഥികൾക്ക് നേട്ടങ്ങൾ ഉണ്ടാകും. കുടുംബ രംഗത്തും കർമ്മരംഗത്തും കലഹങ്ങൾ ഉണ്ടാകും. അപ്രതീക്ഷിതമായ ഭാഗ്യദോഷങ്ങൾക്ക് സാധ്യത ഉണ്ട്. ശ്വാസം മുട്ടൽ ഹൃദരോഗങ്ങൾ മൂർഛിക്കാം. വൈഷ്ണവ പ്രീതികരങ്ങളായ മന്ത്രജപവും ക്ഷേത്രദർശ്ശനവും നടത്തണം. മാർച്ച് 8,9 തീയതികൾ പ്രായേണ ഗുണം കുറയും.

മീനക്കൂർ (പൂരൂരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) കുടുംബപരമായും ജീവിത പങ്കാളി നിമിത്തമായും ധനലാഭം ഉണ്ടാകാം.



വിദ്യാർത്ഥികൾക്ക് പഠന കാര്യങ്ങളിൽ തടസ്സം നേരിടാം. പ്രതീക്ഷിച്ച തരത്തിലുള്ള സഹായങ്ങൾ ലഭിക്കാതെ വരാം. കർമ്മരംഗത്ത് മത്സരം നേരിടേണ്ടി വരാം. സഹായികളായിരുന്നവരിൽ നിന്നും പ്രതീക്ഷിക്കാത്ത തരത്തിലുള്ള ദോഷ അനുഭവങ്ങൾ ഉണ്ടാകും. ഭദ്രകാളി പ്രീതിയും നാമജപവും നടത്തി ദോഷങ്ങൾ അകററണം. മാർച്ച് 10, 11 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല.

*ശുഭമസ്തു*


*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്



Nair Boy, 30/182cm,Uthrittathi,MBA Finance, Banking Professional,Pref: Post Graduation,Medical field /other Mob:9447110690


Email:amal.amal1992@gmail.com
Date of Birth:02-04-1992(9.16pm)
Sishta Dasa:




Contact Address:
MR.NARAYANAN NAIR
THULASI HOUSE
VADAKARA P O
THALAYOLAPARAMBU
VAIKOM, KOTTAYAM - 686605

Nair Boy,27/175cm,Uthradam 1/4 (Dhanu),B.Tech, MBA, UST Global,Mob:9447005385, 9446512810


Email:padmakumars228@gmail.com
Date of Birth:05-09-1995(1.27pm)
Sishta Dasa:5-5-11




Contact Address:
MR.PADMAKUMAR
TC 13/1061/1,KRA B98
KOLLOOR GARDENS
KANNANMOOLA
MEDICAL COLLEGE P O
TRIVANDRUM

Menon Boy, 33/190cm,Chathayam, B.Tech,Freelance Guitarist - Musician, Pref: Educated and Employed, Mob:09446207462, 9496439861


Email:iasmenon@gmail.com
Date of Birth:08-11-1989(4.50pm)
Sishta Dasa:Rahu 5-3-30




Contact Address:
MR.MUNDAKKAL INDUCHOODAN
UNNATHI
TKRA 60,
EROOR P O
ERNAKULAM

Nair Boy, 31/ 5'8", Moolam, Fair, Graduate in Motive power technology from Mahawk College, Ontanio, Canada,Software Eng., Operations Manager in Canada, Pref: Girls with dosham upto 1.5, PR holder of Canada Mob: 9747025880, 9400356606


Email: sindhu.kartha67@gmail.com
Date of Birth: 13-10-1991 (7.42 pm)
Sishta Dasa: Ketu (5- 6 -12)




Contact Address:
SINDHU R KARTHA
HOUSE #17, SOUPARNIKA
DIVINE GARDENS, CSEZ.P.O
KAKKANAD- 682037

Nair Boy,29/165cm,Bharani, B.Tech, Master of Business information system - Eqivalent to MBA,WorkForce Management Consultant in an Australian firm in Melbourne, brought up & did schooling in Muscat, Mob: +968 95230285,whatsApp No.00968 99362421


Email:isgsreekumar@gmail.com
Date of Birth:23-04-1993(4.30pm)
Sishta Dasa:Venus:0-9-26




Contact Address:
MR.G SREEKUMAR
AL GHUBRA P C. 111
CPO SEEB PB 1887,
SULTANATE OF OMAN

Nair Boy, 30/176cm, Punartham, Medium,M.Tech Mechanical Engineering, Engineer-Abudhabi ,Mob:9447821752, 9495139739

Email:saumya@gmail.com
Date of Birth:25-08-1992(1.43am)
Sishta Dasa:Guru:14-5-8




Contact Address:
MR.V.SUDHAKARAN NAIR
VALIYAPADICKAL
OORAMANA P.O
MUVATTUPUZHA
ERNAKULAM - 686663


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy,30/170cm, Uthrattathi, MBA, Sales Executive,Dubai Mob: 9447468183


Email:deepakmp09@gmail.com
Date of Birth:10-10-1992(9.12pm)
Sishta Dasa:Mercury:7-6-16




Contact Address:
MR.DEEPAK
JAYABHAVAN (H)
KURUMULLOOR P O
KOTTAYAM - 686632

Nair Boy,28/170cm,Pooram, Medium, MBA,B.TECH,Senior Commercial Officer, Pref: Employed Girls from Ernakulam towards north, Mob:8921570223, 9048717013

Email:ranjithgopal94@gmail.com
Date of Birth: 26-03-1994(11.26am)
Sishta Dasa:3-4-22





Contact Address:
MR.GOPALAKRISHNAN P
SREELATHA MANDIRAM
KALARKODE
SANATHANAPURAM P O
ALAPPUZHA - 688003

## വരനെ ആവശ്യമുണ്ട്

Nair Girl, 25/152 cm, Fair, Uthram, MBA (HR), Working as HR Manager in Bombay. Pref:-Professionals
Mob:- 9881874891, 7875500322


Email:kattayilsreekalabnair@gmail.com
Date of Birth: 24/02/1997(8.50 pm)
Sishta Dasa: Papa Dosham




Contact Address:
BALACHANDRAN NAIR
A/30, SAI SAJAN
VIDHYA MANDIR MARG
100 FT ROAD
VASAI WEST

Nair Girl, 27/171cm, Bharani, Fair, MBBS, Doing MD at Thiruvanthapuram, Pref: Doctors, Mob: 9447040425, 9495980425

Email: vijukc185@gmail.com
Date of Birth: 04-12-1995 (5.43 am)
Sishta Dasa:




Contact Address:
VIJU KUMAR C
SREYAS
MUTHOOR P.O
THIRUVALLA
PATHANAMTHITTA - 689107


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM! !! KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11.T DM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com


ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പു താനുമേ.

കുമാരനാശാൻ.
ചിന്താവിഷ്ടയായ സീത. പദ്യം 31


*(ഒരു പക്ഷേ പഴക്കംകൊണ്ട് ഇരുട്ടും വെളിച്ചമായി അനുഭവപ്പെട്ടേക്കാം. സ്വയം പരിശീലിക്കുന്ന കയ്പ്പ് മധുരമായിത്തീർന്നേക്കാം.)*



## എറണാകുളം കരയോഗം 36-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

**2023 ഫെബ്രുവരി 19 ഞായറാഴ്ച മുതൽ 26 ഞായറാഴ്ച വരെ**



**എറണാകുളം കരയോഗം 36-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 2023 ഫെബ്രുവരി 19 ഞായറാഴ്ച മുതൽ 26 ഞായറാഴ്ച വരെ ടി.ഡി. എം ഹാളിൽ നടത്തപ്പെടുന്നു.**

**യജ്ഞാചാര്യൻ**

**ഭാഗവതോത്തമൻ രാമചന്ദ്രൻ ആലപ്പാട്ട്**

**ഏവർക്കും സ്വാഗതം**






2023 ജനുവരി 5-ാം തീയതി ടി.ഡി.എം. ഹാളിൽ നടന്ന തിരുവാതിര ആഘോഷത്തിൽ നിന്ന്

DATE OF PUBLICATION: 10-02-2023

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 15 February 2023 Issue No. 2

ബീം ഫെബ്രുവരി മാസ പരിപാടി

## ഹിന്ദുസ്ഥാനി ജുഗൽബന്ദി

വോക്കൽ : മിസ്. മൗമിതാ മിത്ര
സരോദ് : ശ്രീ. സായക് ബറുവ
തബല : മിസ്. രത്നശ്രീ അയ്യർ

**17-02-2022 വെള്ളിയാഴ്ച വൈകുന്നേരം**
**6.30 ന് ടി.ഡി.എം. ഹാളിൽ**

എറണാകുളം കരയോഗം
സാംസ്കാരിക വിഭാഗം



## സംഗീതസായാഹ്നം

പി. ഭാസ്കരൻ അനുസ്മരണം

**26-02-2022 ഞായറാഴ്ച**

**വൈകുന്നേരം**
**4.00 ന് ടി.ഡി.എം. ഹാളിൽ**



എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 'കൊച്ചിയിലെ പൈതൃക മന്ദിരങ്ങൾ പിന്നാമ്പുറങ്ങൾ എന്ന വിഷയത്തെ അധികരിച്ച്' കൊച്ചിയിലെ രാജഭരണകാലത്തെ ചരിത്രത്തെസംബന്ധിച്ച് എറണാകുളത്തെ പ്രശസ്ത ബിസിനസ്സുകാരനും സാമൂഹ്യപ്രവർത്തകനും ചരിത്രാന്വേഷകനും അതിലുമുപരി നല്ലൊരു ഫോട്ടോഗ്രാഫറുമായ ശ്രീ. പി. എസ്. സുകുമാര മേനോൻ (എൻസൈൻ സുകുമാരൻ) അദ്ദേഹത്തിന്റെ ഓർമ്മകൾ നമ്മളുമായി പങ്കുവെക്കുന്നു.

ഫെബ്രുവരി 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5.00 മണിക്ക് ടി.ഡി.എം. ഹാളിൽ വെച്ച് നടത്തുന്ന ഈ പ്രഭാഷണ പരമ്പരയിൽ ഏവരേയും സ്വാഗതം ചെയ്യുന്നു.

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.